# കടമക്കുടി ഗ്രാമ പഞ്ചായത്ത്



## 9-ാം പദ്ധതി

## സമീപന രേഖ

# കടമക്കുടി ഗ്രാമ പഞ്ചായത്ത്



ആകാശത്തോളം ഉയരാനും
നക്ഷത്ര പുഷ്പങ്ങളിൽ പറന്നെത്താനുമുള്ള
നമ്മുടെ പൂർവ്വികരുടെ
നിസ്വാർത്ഥമായ
നെടുനാളത്തെ പ്രയത്നങ്ങൾക്കുമുന്നിൽ
ആദരവോടെ........
മനോരാജ്യങ്ങളിൽ നിറഞ്ഞ്
കടമക്കുടി ദ്വീപസമൂഹങ്ങളുടെ
സർവ്വതോന്മുഖമായ ഉയർച്ചയ്ക്കുവേണ്ടി
തളരാതെ പ്രയത്നിക്കുമ്പോഴും,
ചികിത്സകിട്ടാതെ
കണ്ണുനീരിന്റെ ഇത്തിരി ഉപ്പും നനവും
ഒരുപാടു വേദനകളും നമുക്ക് നല്കി
അകാലത്തിൽ നമ്മിൽ നിന്ന് വേർപെട്ട
ആത്മാക്കൾക്കു മുന്നിൽ പ്രാർത്ഥനയോടെ.....
ഞങ്ങൾ സമർപ്പിക്കുന്നു......



# കടമക്കുടി ഗ്രാമ പഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| ഇ.ഡി. സേവ്യർ | – | പ്രസിഡന്റ് |
| എം.ടി. കൊച്ചുറാണി | – | വൈസ് പ്രസിഡന്റ് |
| ടി.എം. ഗോപി | – | ചെയർമാൻ സ്റ്റാന്റിംഗ് കമ്മറ്റി |
| കെ.എം. പുരുഷോത്തമൻ | – | മെമ്പർ |
| കെ.ജെ. സ്റ്റാൻലി | – | മെമ്പർ |
| ജോസ് കൂറ്റിക്കൽ | – | മെമ്പർ |
| പി.പി. സേവ്യർ | – | മെമ്പർ |
| ജെയ്നി സെബാസ്റ്റ്യൻ | – | മെമ്പർ |
| ജൂഡി ഷാജി | – | മെമ്പർ |

# ഉള്ളടക്കം


1. ആമുഖം –5
2. പഞ്ചായത്ത് പൊതുവിവരണം – 7
3. സാമൂഹിക – സാംസ്കാരിക ചരിത്രം – 8
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി – 11
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ – 13
    1. കൃഷിയും ജലസേചനവും –13
    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും – 18
    3. വിദ്യാഭ്യാസം – 23
    4. സഹകരണം – 30
    5. കുടിവെള്ളം, പൊതുജനാരോഗ്യം – 32
    6. സംസ്കാരം – 37
    7. പാർപ്പിടം, സാമൂഹ്യക്ഷേമം –39
    8. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം – 47
    9. വ്യവസായം – 51
    10. വനിതാക്ഷേമം – 54
    11. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് – 57
    12. വിഭവ സമാഹരണം – 64
    13. മുൻകാല ഭരണ സമിതികൾ –67
6. ഉപസംഹാരം – 68

# 1 ആമുഖം

"സ്വന്തം പരിശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക".

ജനകീയാധികാരത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ സ്വപ്നം സഫലീകരിക്കപ്പെടുകയാണ് ജനകീയാസൂത്രണം എന്ന മഹാ പ്രസ്ഥാനത്തിലൂടെ.

ഇതുവരെയുള്ള നമ്മുടെ വികസന പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് സാമ്പത്തിക പുരോഗതിയിലായിരുന്നു. കേന്ദ്രീകൃത ആസൂത്രണവും, വൈദഗ്ധ്യവും മൂലധനവും ലക്ഷ്യത്തിലെത്തിച്ചേരുവാനുള്ള പ്രാഥമിക ഘടകങ്ങളായി കരുതപ്പെട്ടു. ഈ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ നവീനവൽക്കരണത്തിനും വിദഗ്ധരുടെ ആസൂത്രണത്തിനും പരിഷ്ക്കാരങ്ങൾക്കും ഊന്നൽ കൊടുത്തു. ഇത് പെട്ടെന്നുള്ള ഫലങ്ങൾ ഉളവാക്കുമെന്നും ഈ ഫലങ്ങൾ താഴെക്കിടയിലുള്ളവരിലേക്ക് ഇറങ്ങി വ്യാപിക്കുമെന്നും പ്രതീക്ഷിച്ചു. പക്ഷേ, ഈ പ്രവർത്തന പാതയിൽ സുപ്രധാന സംഭാവനകൾ നൽകുവാൻ കഴിവുള്ള വിഭവസ്രോതസ്സായി ഗ്രാമീണ ജനതയെ ആരും കണക്കിലെടുത്തിരുന്നില്ല. പ്രയോജനങ്ങളുടെ വെറും ഗുണഭോക്താക്കളായി മാത്രമാണ് അവരെ കണ്ടത്.

വിശാല കൊച്ചിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാൽ നൂറ്റാണ്ട് ബൃഹത്തായ പുരോഗതിയുടേയും വളർച്ചയുടേയും കാലഘട്ടമായിരുന്നു. എന്നാൽ ഈ പുരോഗതിയുടെ ഗുണഫലങ്ങൾ അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചത് നഗരവാസികൾക്കു മാത്രമായിരിക്കേ ഈ വികസന പാതയിൽ ഇന്നും അവഗണിക്കപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളാണ് കടമക്കുടിപോലുള്ള ദ്വീപസമൂഹങ്ങൾ. നഗരകേന്ദ്രങ്ങളിൽ വൻപദ്ധതികൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ടിരിക്കുമ്പോൾ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്ന പാവപ്പെട്ട ദ്വീപുനിവാസികൾക്ക് തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഇന്നും നേടിയെടുക്കുവാൻ സാധിച്ചിട്ടില്ല. യഥാർത്ഥ വികസനം സാദ്ധ്യമാക്കുന്നതിന് അധികാര ബന്ധങ്ങളിലുള്ള മാറ്റം അനിവാര്യമാണ്. 1993-ൽ നടപ്പായ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾ അധികാരം താഴെത്തട്ടിലേക്ക് പകർന്നു കൊടുക്കുന്നതിനുള്ള വലിയൊരു കാൽവെയ്പ്പാണ്. ജനങ്ങളെ സ്വന്തം വിധി നിർണ്ണയിക്കുവാൻ കഴിവുള്ളവരായും സമൂഹത്തിലെ എല്ലാവരുടേയും പുരോഗതിക്കുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ കഴിവുള്ളവരായും കാണുക എന്നതാണ് അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വം.

കടമക്കുടി ദ്വീപു നിവാസികളെ സംബന്ധിച്ച് വികസനം ഒരു ദ്വിമുഖ സമരമാണ്. ഒരുവശത്ത് അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സമരം. മറുവശത്ത് ശ്രദ്ധിക്കപ്പെടുവാനും അംഗീകരിക്കപ്പെടുവാനും വേണ്ടിയുള്ള സമരം. ഈ സാഹചര്യത്തിൽ മോചനത്തിന്റെ രജതരേഖകളാണ് ഈ ജനകീയാസൂത്രണ പ്രക്രിയയിൽ ദർശിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ജനകീയാസൂത്രണ പ്രസ്ഥാനം സർവ്വാത്മനാ സ്വാഗതം ചെയ്യപ്പെടുന്നു.

# *രാഷ്ട്രീയം മറന്ന് ഒരുമയോടെ...*

*9-ാം പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ മുന്നോടിയായി കടമക്കുടി പഞ്ചായത്തിലെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ പ്രവർത്തകരുടെ യോഗം 16-9-1996 ൽ വിളിച്ചു ചേർക്കുകയുണ്ടായി. ഈ യോഗത്തിൽ വച്ച് വിശേഷാൽ ഗ്രാമസഭകളുടെ നടത്തിപ്പിന് ആവശ്യമായ മുന്നൊരുക്കങ്ങൾ വിശദമായി ചർച്ച ചെയ്തു. ഗ്രാമ സഭകളുടെ നടത്തിപ്പ് സൂക്ഷ്മമായി ആസൂത്രണം ചെയ്യുന്നതിന് എല്ലാ വാർഡുകളിൽ നിന്നുമായി തെരഞ്ഞെടുത്ത 150 പേർക്ക് ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നതിനുവേണ്ടി ഒരു ഏകദിന പരിശീലനം നടത്തുവാൻ തീരുമാനിച്ചു. 1996 സെപ്തംബർ 20 ന് പിഴ ലയിൽ വച്ചു നടത്തിയ പ്രസ്തുത ശില്പശാലയിൽ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടെ 130 പേർ പങ്കെടുത്തു. ജില്ലാതല റിസോഴ്സ് ടീം ഈ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. സെപ്തംബർ 22 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ 9 വാർഡിലും ഗ്രാമസഭകൾ നടത്തുവാൻ നേരത്തേ തീരുമാനിച്ചിരുന്നു. ഏകദിന ശില്പശാലയിൽ പങ്കെടുത്ത എല്ലാവരേയും ഗ്രാമസഭയിലെ ചർച്ചകൾ നയിക്കുന്നതിനായി ഓരോ വിഷയ ഗ്രൂപ്പിനും പ്രത്യേകം കൺവീനർമാരായി നിശ്ചയിക്കപ്പെട്ടു. ഓരോ ഗ്രാമസഭയിൽ നിന്നും വിഷയാടിസ്ഥാനത്തിൽ 24 പേർ വീതം മൊത്തം 216 ആളുകളെ കർമ്മസമിതിയിലേക്ക് തെരഞ്ഞെടുത്തു. ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണമാണ് പിന്നീട് നടന്നത്.*

*ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഏകദിന ശില്പശാല 1996 നവം ബർ 17 ന് കോതാട് ദ്വീപിൽ വച്ചു നടത്തപ്പെട്ടു. പഞ്ചായത്ത് മെമ്പർമാരും റിസോഴ്സ് ടീമംഗങ്ങളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെടെ 87 ആളുകൾ പങ്കെടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള വീഡിയോ പ്രദർശനവും ഗ്രൂപ്പ് ചർച്ചയും നടന്നു. സാമൂഹ്യ സാമ്പത്തിക മേഖലയിൽ വരേണ്ട 12 വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി പ്രത്യേകം ഗ്രൂപ്പ് ലീഡർമാരേയും ചുമതലപ്പെടുത്തി.*

*പഞ്ചായത്തുതല വിഭവഭൂപട നിർമ്മാണമാണ് തുടർന്നുള്ള ദിവസങ്ങളിൽ നടന്നത്. രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് പഞ്ചായത്തിൽ തലങ്ങും വിലങ്ങും പഠന പര്യടനങ്ങൾ നടത്തി. വികസന റിപ്പോർട്ടിന്റെ കരടുരേഖ 1996 ഡിസംബർ 2 ന് കൂടിയ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത് അംഗീകരിച്ചു. വികസന സെമിനാർ നടത്തു ന്നതിനു വേണ്ടിയുള്ള സ്വാഗത സംഘം 9-12-96 ൽ രൂപീകരിച്ചു. സെമിനാർ ഡിസംബർ 15 ന് പിഴല ദ്വീപിൽ വച്ചു നടത്തുവാനും തീരുമാനിച്ചു.*

**കടമക്കുടി ഗ്രാമപഞ്ചായത്ത്-വിശേഷാൽ ഗ്രാമസഭ**

| വാർഡ് | വാർഡിന്റെ പേര് | ഗ്രാമസഭ നടത്തിയ തീയതി | ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീകൾ | |
| I | വലിയ കടമക്കുടി - വടക്ക് | 22.9.96 | 95 | 13 | 108 |
| II | വലിയ കടമക്കുടി - തെക്ക് | 22.9.96 | 60 | 20 | 80 |
| III | പിഴല - വടക്ക് | 21.9.96 | 60 | 15 | 75 |
| IV | പിഴല - തെക്ക് | 22.9.96 | 100 | 10 | 110 |
| V | മൂലമ്പിള്ളി | 29.9.96 | 59 | 15 | 74 |
| VI | ചേന്നൂർ | 2.10.96 | 88 | 44 | 132 |
| VII | കോതാട് | 2.10.96 | 52 | 67 | 119 |
| VIII | കോരാമ്പാടം | 29.9.96 | 70 | 70 | 140 |
| IX | കണ്ടനാട്-കാരിക്കാട്ട് തുരുത്ത് | 29.9.96 | 70 | 5 | 75 |
| | | ആകെ | 654 | 259 | 913 |

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കടമക്കുടി ഗ്രാമപഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം | : | 9 |
| വില്ലേജ് | : | കടമക്കുടി |
| ബ്ലോക്ക് | : | ഇടപ്പള്ളി |
| താലൂക്ക് | : | കണയന്നൂർ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | ഞാറയ്ക്കൽ |
| പാർലമെന്റ് മണ്ഡലം | : | എറണാകുളം |
| വിസ്തീർണ്ണം | : | 12.92 ച.കി.മീ (1276.4 ഹെക്ടർ) |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | – | ഏഴിക്കര, വരാപ്പുഴ പഞ്ചായത്തുകൾ |
| കിഴക്ക് | – | ചേരാനല്ലൂർ പഞ്ചായത്ത് |
| തെക്ക് | – | മുളവുകാട് പഞ്ചായത്ത്, കൊച്ചി കോർപ്പറേഷൻ |
| പടിഞ്ഞാറ് | – | ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകൾ (വൈപ്പിൻ) |

## ജനസംഖ്യ

| | | | |
|---|---|---|---|
| മൊത്തം ജനസംഖ്യ | | : | 14668 (1991 സെൻസസ്) |
| | സ്ത്രീകൾ | : | 7319 |
| | പുരുഷന്മാർ | | 7349 |
| പട്ടികജാതിക്കാർ | | | 1240 |
| | സ്ത്രീകൾ | | 630 |
| | പുരുഷന്മാർ | | 610 |
| പട്ടികവർഗ്ഗക്കാർ | | | 5 |
| | സ്ത്രീകൾ | | 4 |
| | പുരുഷന്മാർ | | 1 |
| അക്ഷരാഭ്യാസമുള്ളവർ | | | 12524 |
| | സ്ത്രീകൾ | | 6113 |
| | പുരുഷന്മാർ | | 6411 |

### 1-6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം

| വയസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 0-1 | 103 | 96 | 199 |
| 1-3 | 198 | 200 | 398 |
| 3-6 | 302 | 316 | 618 |
| ആകെ | 603 | 612 | 1215 |

ജനസാന്ദ്രത: 1135 (1991 സെൻസസ്)

*കുറിപ്പ്: പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 15.84% (2.01 ച.കി.മീ.) മാത്രമേ വാസയോഗ്യമായ കരഭാഗമുള്ളു. എന്നാൽ ജനസാന്ദ്രത കണക്കാക്കിയിരിക്കുന്നത് 47.16% വരുന്ന പൊക്കാളിപ്പാടങ്ങളും (602 ഹെക്ടർ) കൂടി ഉൾപ്പെടുത്തിയാണ്.*

## 3

### - സാമൂഹിക - സാംസ്കാരിക ചരിത്രം -

# കടമക്കുടി പെരിയാറിന്റെ വരദാനം

**1341** ൽ ഉണ്ടായ വലിയൊരു വെള്ളപ്പൊക്കത്തോടെയാണ് കടമക്കുടിയുടെ ചരിത്രം ആരംഭിക്കുന്നത്. അതുവരെ പെരിയാർ നദി കടലിൽ പതിച്ചിരുന്നത് കൊടുങ്ങല്ലൂർ അഴിയിലൂടെയായിരുന്നു. വെള്ളപ്പൊക്കത്തിന്റെ ഫലമായി മണ്ണടിഞ്ഞുകൂടി കൊടുങ്ങല്ലൂർ അഴിയിലൂടെ വെള്ളം കടലിലേക്ക് ഒഴുകുന്നതിന് തടസ്സം നേരിട്ടു. ഇതേത്തുടർന്ന് മലയിൽനിന്നും കുത്തിയൊലിച്ചു വന്നുകൊണ്ടിരുന്ന വെള്ളം വൈപ്പിൻകരയുടെ തെക്കുഭാഗത്തുണ്ടായിരുന്ന 'കൊച്ചഴി' വഴി കടലിലേക്ക് ഒഴുകുകയും പ്രസ്തുത അഴി വലുതായി പിന്നീട് കൊച്ചി അഴിമുഖം രൂപപ്പെടുകയും ചെയ്തു.

കടമക്കുടി പഞ്ചായത്തിലെ തുരുത്തുകൾ പലതും മലവെള്ളം കൊണ്ടുവന്ന മണൽ വീണ് പില്ക്കാലങ്ങളിൽ ജലാശയങ്ങളിൽ നിന്നും പൊന്തി വന്നതാണെന്ന് ഈ ദ്വീപുകളിലെ മണ്ണ് പരിശോധിച്ചാൽ കാണാവുന്നതാണ്. ഇന്നു കാണുന്ന വിശാലമായ പുഴയൊക്കെ കേവലം ചെറിയ കൈത്തോടുകളായിരുന്നുവെന്ന് പറയപ്പെടുന്നു. മലവെള്ളത്തിന്റെ ശക്തിയായ ഒഴുക്കുമൂലം ഈ തോടുകൾ പിന്നീട് ആഴംകൂടിയ വലിയ പുഴകളായി രൂപാന്തരം പ്രാപിച്ചു.

പെരിയാറിന്റെ കൈവഴികളിൽ പരസ്പര ബന്ധമില്ലാതെ കിടക്കുന്ന വലിയ കടമക്കുടി, മുറിക്കൽ, പാല്യംതുരുത്ത്, പിഴല, ചെറിയ കടമക്കുടി, പുളിക്കപ്പുറം, മൂലമ്പിള്ളി, പുതുശ്ശേരി, ചരിയംതുരുത്ത്, ചേന്നൂർ, കോതാട്, കോരാമ്പാടം, കണ്ടനാട്, കാരിക്കാട് തുരുത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് കടമക്കുടി ഗ്രാമപഞ്ചായത്ത്. 12.92 ച.കി.മീ. വിസ്തീർണ്ണമുള്ള കടമക്കുടി പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 1991 സെൻസസ് പ്രകാരം 14,668 ആണ്.

കൃഷിയും മത്സ്യബന്ധനവുമാണ് ജനങ്ങളുടെ മുഖ്യതൊഴിൽ. നെല്ല്, നാളികേരം എന്നിവയാണ് പ്രധാന വിളകൾ. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 15.84% മാത്രമെ കരഭാഗമുള്ളു. ബാക്കിസ്ഥലം പൊക്കാളിപ്പാടങ്ങളും പുറംപോക്ക് പുഴകളും ജലാശയങ്ങളുമാണ്. പൊക്കാളി സമ്പ്രദായത്തിലുള്ള നെൽകൃഷിയാണ് ഈ പഞ്ചായത്തിലുള്ളത്. വർഷകാലത്ത് നെൽകൃഷിക്കും വിളവെടുപ്പുകഴിഞ്ഞ് വേനൽക്കാലത്ത് കടലിൽ നിന്നും ഓരുജലം കയറുമ്പോൾ പരമ്പരാഗത രീതിയിലുള്ള ചെമ്മീൻ കൃഷിയും ഇവിടെ നടത്തുന്നു.

തൊഴിലെടുക്കുന്നവരുടെ ജനസംഖ്യയിൽ നല്ലൊരു ശതമാനം കർഷകരും, കർഷകത്തൊഴിലാളികളുമാണ്. മത്സ്യത്തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, മറ്റു പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും ഇവിടെ ധാരാളമായുണ്ട്. തൊണ്ടുതല്ല്, ചകിരി വ്യവസായം, ഇഷ്ടിക നിർമ്മാണം, കളിമൺ പാത്രനിർമ്മാണം (മൂലമ്പിള്ളി ചട്ടി) എന്നിവ ഒരുകാലത്ത് നിരവധി ആളുകൾക്ക് തൊഴിൽ നൽകിയിരുന്നുവെങ്കിൽ ഇന്ന് ഈ തൊഴിൽ മേഖല പാടെ തകർന്നുകഴിഞ്ഞു. തൊഴിലില്ലായ്മ (പ്രത്യേകിച്ച് സ്ത്രീകളുടെ) രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് കടമക്കുടി. ജനസംഖ്യയുടെ ഭൂരിഭാഗവും ലത്തീൻ കത്തോലിക്കരാണ്. പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾ ഈ പ്രദേശത്ത് ധാരാളമായി അധിവസിക്കുന്നു.

1963 വരെ ചേരാനല്ലൂർ പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾ ഉൾക്കൊണ്ടിരുന്ന ഒരു പ്രദേശമായിരുന്നു കടമക്കുടി. ശ്രീ പി.ആർ. ലക്ഷ്മണൻ, ശ്രീ. സേവ്യർ മുഴങ്ങുംതറ, ശ്രീ. എസ്.കെ. കുമാരൻ എന്നിവരായിരുന്നു അന്നത്തെ

വാർഡ് പ്രതിനിധികൾ. പഞ്ചായത്തിൽ ഇന്നു കാണുന്ന ചില പ്രധാന റോഡുകൾ, കിണറുകൾ എന്നിവയൊക്കെ ഇക്കാലത്തുണ്ടായി.1963 ഡിസംബർ 28 ന് ശ്രീ. പി.ജെ. സെലസ്റ്റിൻ മാസ്റ്റർ അദ്ധ്യക്ഷനായുള്ള ആദ്യത്തെ കടമക്കുടി പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നതോടെ ദ്വീപുകാരുടെ സാമൂഹ്യ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുരോഗതി കണ്ടുതുടങ്ങി. നീണ്ട 16 വർഷക്കാലം നാടിന്റെ വികസനത്തിനുവേണ്ടി അവർ പരിശ്രമിച്ചു. പഞ്ചായത്തിലെ വിവിധ ദ്വീപുകളിലെ നിസ്വാർത്ഥരായ ഒരുപറ്റം സാമൂഹ്യപ്രവർത്തകരും അവരോടൊപ്പം സഹകരിച്ചു. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടും സ്വയം പര്യാപ്തത കൈവരിക്കുന്നതിനുവേണ്ട വിഭവശ്രോതസ്സുകൾ കണ്ടെത്തുന്നതിനും അവർ അശ്രാന്തം ഉദ്യമിച്ചു. ഗതാഗതം, വൈദ്യുതി, ജലവിതരണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നീ മേഖലയിൽ ഇന്നു കാണുന്ന പുരോഗതിക്ക് അടിസ്ഥാനശിലകൾ പാകിയത് ഈ ജനകീയ പങ്കാളിത്തവും കൂട്ടായ്മയുമാണ്. ദ്വീപുകളിലെ വിവിധ പള്ളികളും പള്ളിക്കൂടങ്ങളും ഈ വികസനപാതയിൽ അവരുടേതായ പങ്കു വഹിച്ചു. പഞ്ചായത്തിന് സ്വന്തമായൊരു ഓഫീസ് കെട്ടിടവും സ്ഥിരവരുമാനത്തിന് 25 ഏക്കർ വിസ്തീർണ്ണമുള്ള ഒരു ഫിഷിംഗ് ബണ്ടും നിർമ്മിക്കുന്നത് ഇക്കാലത്താണ്. പഞ്ചായത്തിലെ ഇന്നു കാണുന്ന കേന്ദ്രഗ്രന്ഥശാല സ്ഥാപിച്ചതും ഈ കാലഘട്ടത്തിലാണ്. കുടിവെള്ളം, ആശുപത്രി മുതലായ ദ്വീപുകാരുടെ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ജനകീയ സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഭൂഗർഭ ജലശ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പിഴലയിലും വലിയ കടമക്കുടിയിലും പരീക്ഷണങ്ങൾ നടത്തിയെങ്കിലും അത് വിജയിച്ചില്ല. ചേന്നൂരിൽ ജലവിതരണ പദ്ധതി ആരംഭിച്ചു. എൽ.ഐ.സി. യുടെ സഹായത്തോടെ പച്ചാളത്തു നിന്നും ജലവിതരണ പൈപ്പുകൾ വഴി 1972-73 കാലഘട്ടത്തിൽ പഞ്ചായത്തിലെ എല്ലാ ദ്വീപിലും കുടിവെള്ളമെത്തിക്കുവാൻ സാധിച്ചു. നാട്ടുകാരുടെ പരിശ്രമ ഫലമായി 1 ഏക്കർ 15 സെന്റ് സ്ഥലം വാങ്ങി അതിൽ 20 രോഗികളെ ഒരേസമയം കിടത്തി ചികിത്സിക്കുവാൻ വേണ്ട സൗകര്യങ്ങളോടുകൂടി പിഴല പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിച്ചു. വലിയ കടമക്കുടിയിൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയുടെ വിപുലീകരണവും, കടമക്കുടി ഹൈസ്കൂളും ഇക്കാലത്തുണ്ടായി. ലക്ഷം വീടുപദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 100 വീടുകളുടെ പണി തീർത്തതും ഭവന രഹിത തൊഴിലാളികൾക്ക് വീടു നിർമ്മിക്കുന്നതിനായി 4 സെന്റ് ഭൂമി വിതരണം തുടങ്ങിവെച്ചതും ഇക്കാലത്താണ്.

1979 ൽ ശ്രീ. വി.വി. ജോസഫ് മാസ്റ്ററും, 1988 ൽ ശ്രീ. ടി.എ. ജോളിയും നേതൃത്വം നൽകിയ ഭരണസമിതിയും പഞ്ചായത്തിന്റെ പുരോഗതിക്കു വേണ്ടി അശ്രാന്തം പരിശ്രമിച്ചു. പഞ്ചായത്തിൽ ഇന്നു കാണുന്ന വിവിധ കോളനികളുടെ ആവിർഭാവവും പഞ്ചായത്തിന്റെ പുതിയ കെട്ടിടവും ഈ കാലഘട്ടത്തിലെ നേട്ടങ്ങളാണ്. കടമക്കുടി- വരാപ്പുഴ റോഡ്, തുണ്ടത്തും കടവ്-ചേന്നൂർ-കോതാട്-ചിറ്റൂർ ലിങ്ക് റോഡ്, കടമക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി ഹൈസ്കൂൾ കോതാട് ഹൈസ്കൂൾ എന്നിവയും ഇക്കാലത്തുണ്ടായ നേട്ടങ്ങളാണ്. ഓരോ വാർഡിലും ഇന്നു കാണുന്ന കലുങ്കുകളും, ഇടവഴികളും, വഴി വിളക്കുകൾക്കും, ആവശ്യത്തിന് ജലവിതരണ ടാപ്പുകളും, ബാലവാടികളും, ഫീഡിംഗ് സെന്ററുകളും ആരംഭിക്കുന്നത് ഇക്കാലത്താണ്. ഭവനനിർമ്മാണ പദ്ധതിയും, മണ്ണൊലിപ്പ് തടയുന്നതിന് പുഴയോരങ്ങളിൽ കരിങ്കൽച്ചിറ കെട്ടി സംരക്ഷിച്ചതും, ചെറിയ കടമക്കുടിയിലെ കോൺക്രീറ്റ് നടപ്പാലം നിർമ്മിച്ചതും, ടെലിഫോൺ എത്തിയതും ഇന്നലെയുടെ നേട്ടങ്ങളാണ്. ഞാറക്കൽ അസംബ്ലി നിയോജകമണ്ഡലത്തേയും, എറണാകുളം പാർലമെന്റ് നിയോജക മണ്ഡലത്തേയും കാലാകാലങ്ങളിൽ പ്രതിനിധീകരിച്ച ജന പ്രതിനിധികളും കടമക്കുടിയുടെ പ്രശ്നപരിഹാരത്തിന് മുന്നിൽ നിന്നിട്ടുണ്ട്.

1961 വരെ വർഷാവർഷങ്ങളിൽ ക്രമം തെറ്റാതെ പെരിയാറ്റിൽ വെള്ളപ്പൊക്കം ഉണ്ടാകുമായിരുന്നു. ആഴ്ചകളോളം ദ്വീപുനിവാസികൾക്ക് വൻകരയുമായി ബന്ധപ്പെടുവാൻ സാധിക്കാതെ വന്നിരുന്നു. എന്നാൽ ജലസംഭരണികളുടെ ആവിർഭാവത്തോടെ ഇപ്പോൾ മലവെള്ളപ്പൊക്കം ഇല്ലാതായിട്ടുണ്ട്.

ചെമ്മീനും മറ്റു മത്സ്യസമ്പത്തും ഐസ് ഇട്ട് സംസ്കരിച്ച് വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുവാൻ തുടങ്ങിയതോടെ കടമക്കുടിയുടെ സമ്പദ്ഘടനയിൽ പുരോഗതി കണ്ടുതുടങ്ങി. എന്നാൽ ആലുവ വ്യവസായ മേഖലയിൽ ചെറുതും വലുതുമായ നിരവധി കെമിക്കൽ

ഫാക്ടറികളുടെ ആവിർഭാവത്തോടെ വർദ്ധിച്ച തോതിലുള്ള ജലമലിനീകരണം പെരിയാറിൽ അനുഭവപ്പെടുകയും ഇത് മത്സ്യസമ്പത്തിന്റെ നാശത്തിന് വഴി തെളിക്കുകയും ചെയ്തു. അന്തരീക്ഷ മലിനീകരണം മൂലം തെങ്ങുകളുടെ വളർച്ച മുരടിക്കുകയും നാളികേരത്തിന്റെ ഉൽപാദനം ഗണ്യമായി കുറയുകയും ചെ യ്തു.

വൻകിട വ്യവസായ ശാലകളിൽ നിന്നും പുറത്തു വരുന്ന മലിനജലം സൃഷ്ടിക്കുന്ന പരിസരാഘാതത്തെ ശാസ്ത്രസാങ്കേതിക വിദ്യയുടെ ശരിയായ പ്രയോഗത്തിലൂടെ പരിഹരിക്കുവാൻ വ്യവസായ സ്ഥാപനങ്ങൾക്കാകും. എന്നാൽ വ്യവസായശാലകൾ മലിനജലം നേരിട്ട് പെരിയാറിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ചില സമയങ്ങളിൽ വിഷാംശം കലർന്ന ജലം ദ്വീപുകളിലെ വിശാലമായ കായൽപ്പരപ്പുകളിൽ ആഴ്ചകളോളം തങ്ങി നില്ക്കുന്ന സ്ഥിതിയാണുള്ളത്. മത്സ്യസമ്പത്ത് നശിക്കുകയും ജനജീവിതം ദുസ്സഹമാവുകയും ചെയ്യുക എന്ന സ്ഥിരപ്രക്രിയ തുടരുകയാണ്. വ്യവസായ മാലിന്യങ്ങളുടെ സംസ്കരണം വ്യവസായ സ്ഥാപനങ്ങളുടെ തന്നെ ചുമതലയും ബാദ്ധ്യതയുമാണെങ്കിലും മാതൃകാപരമായി പ്രവർത്തിക്കേണ്ട പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾപോലും ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്നു എന്ന് ആക്ഷേപം നിലനിൽക്കുന്നു. എന്തായാലും വിശാലമായ കായൽപരപ്പിലേക്ക് ഒഴുകുന്ന വ്യവസായ മാലിന്യങ്ങൾ മൂലം മത്സ്യസമ്പത്തിന് ഭീഷണി നേരിടുകയും സമീപ പ്രദേശമായ കടമക്കുടി പഞ്ചായത്ത് നിവാസികളുടെ ജീവിതക്രമം താളം തെറ്റുകയുമാണ്. ശക്തിയായ ജനകീയ ഇടപെടൽ അനിവാര്യമാവുന്ന സാഹചര്യമാണുള്ളത്.

പഞ്ചായത്തിനുവേണ്ടി പ്രത്യേകം വലിച്ചിരുന്ന ജലവിതരണ പൈപ്പിൽ നിന്നും മറ്റു സ്ഥലങ്ങളിലേക്ക് ഉപലൈനുകൾ വലിച്ച് വെള്ളം തിരിച്ചു കൊണ്ടുപോയതോടെ കഴിഞ്ഞ അഞ്ചു കൊല്ലമായി പഞ്ചായത്തിന്റെ പല ദ്വീപുകളിലും കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പിഴല പ്രാഥമികാരോഗ്യകേന്ദ്രവും ഇന്ന് ജീർണ്ണാവസ്ഥയിലാണ്. ഒരു ബാങ്കില്ലാത്ത ആ ജില്ലയിലെ ഏക പഞ്ചായത്താണ് കടമക്കുടി. ഗതാഗതം, ശുദ്ധജലവിതരണം, പൊതുജനാരോഗ്യം, തൊഴിൽ, കൃഷി, മത്സ്യബന്ധനം ഭവനനിർമ്മാണം എന്നീ തുറകളിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കുന്നതോടെ ഈ പഞ്ചായത്തിന്റെ വികസന സാദ്ധ്യതകൾക്ക് വഴി തെളിക്കപ്പെടും.

4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

തീരമണൽ മേഖലയിൽ വരുന്ന കടമക്കുടി പഞ്ചായത്തിനെ താഴെ പറയും പ്രകാരം മൂന്നായി തരം തിരിക്കാം.

1. പുരയിടം (കരഭൂമി)
2. കൃഷിയിടം (പൊക്കാളിപ്പാടം)
3. ജലാശയങ്ങൾ

ഇവയിലോരോന്നിന്റേയും വിസ്തീർണ്ണം താഴെ കൊടുത്തിരിക്കുന്നു.

| ഭൂപ്രകൃതി മേഖല | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|
| 1. പുരയിടം | 202 | 15.84 |
| 2. കൃഷിയിടം | 602 | 47.16 |
| 3. ജലാശയം | 472.4 | 37.00 |
| ആകെ | 1, 276.4 | 100 |

ഭൂമിയുടെ ഉടമസ്ഥരുടെ എണ്ണം താഴെ കൊടുക്കുന്നു.

| വിസ്തീർണ്ണം | ഉടമസ്ഥരുടെ എണ്ണം | ശതമാനം |
|---|---|---|
| 1-10 സെന്റ് | 1451 | 66.6 |
| 10.25 സെന്റ് | 382 | 17.2 |
| 25-50 സെന്റ് | 148 | 6.7 |
| 50-100 സെന്റ് | 86 | 3.9 |
| 1-2 ഏക്കർ | 67 | 3.0 |
| 2-5 ഏക്കർ | 58 | 2.6 |

1971 ലെ കേരളാ ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ കൃഷിഭൂമിയുടെ ഉടമാവകാശം കൃഷിക്കാർക്ക് ലഭിച്ചു. നേരത്തേ ഈ ഭൂമികളിൽ ഭൂരിഭാഗവും പാലിയം വകയും, വിവിധ ദേവസ്വത്തിന്റേയും, നമ്പൂതിരിമന വകയുമായിരുന്നു.

## ജലപ്രകൃതി

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 84.16 % (1074.4 ഹെക്ടർ) പൊക്കാളിപ്പാടങ്ങളും പുറമ്പോക്കു പുഴയും കായലുകളുമാണ്. ജൂൺ ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി, മാർച്ചു മാസങ്ങളിൽ മഴ തീരെ കുറവാണ്. മേയ് മുതൽ നവംബർ വരെ ജലാശയത്തിൽ നല്ല വെള്ളവും ബാക്കി സമയങ്ങളിൽ ഓരുജലവുമാണ്. പെരിയാറിലൂടെ നല്ല വെള്ളം ഒഴുകിയെത്തുന്നതിനാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ഓരുജലത്തിന്റെ സാന്ദ്രത കുറഞ്ഞു കാണുന്നു. ഓരുജലത്തിന്റെ സാന്ദ്രത കുറയുന്നതനുസരിച്ച് ഓരുജലമത്സ്യ കൃഷിയുടെ താളം തെറ്റുന്നു. "വെള്ളം വെള്ളം സർവ്വത്ര വെള്ളം ഇല്ല കുടിക്കാൻ ഒരുതുള്ളി" എന്ന ശീലിനെ അന്വർത്ഥമാക്കും വിധമാണ് കടമക്കുടിയുടെ കുടിവെള്ള പ്രശ്നം. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട കടമക്കുടി ദ്വീപുകളിൽ പൈപ്പിലൂടെ ഇടമുറിഞ്ഞെത്തുന്ന വെള്ളം മാത്രമാണ് ജനങ്ങളുടെ ഏക ആശ്രയം. പഞ്ചായത്തിലെ ഭൂരിഭാഗം കുളങ്ങളിലേയും കിണറുകളിലേയും വെള്ളം ഉപ്പുകലർന്നതായതുകൊണ്ട് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. കോരാമ്പാടം, കാരിക്കാട് തുരുത്ത്, ചേന്നൂർ, ചരിയംതുരുത്ത്, പുതുശ്ശേരി, പാല്യം തുരുത്ത്, ചെറിയ കടമക്കുടി എന്നീ ദ്വീപുകളിൽ കുടി വെള്ളക്ഷാമം അതിരൂക്ഷമാണ്. കഴിഞ്ഞ അഞ്ചു വർഷമായി ഒന്നും രണ്ടും വാർഡുകൾ ഉൾക്കൊള്ളുന്ന വലിയ കടമക്കുടിയിൽ

ശുദ്ധജലം ഒട്ടുംതന്നെ ലഭിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ പെരിയാറിലെ വെള്ളം ഒരു പരിധി വരെ ജനങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ ആലുവ വ്യവസായ മേഖലയിലെ മലിനീകരണം മൂലം ആ സ്രോതസ്സും നഷ്ടമായി.

## ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ അനുസരിച്ച് കടമക്കുടി പഞ്ചായത്തിലെ ജനസംഖ്യ 14668 ആയിരുന്നു. ഇതിൽ 7349 പുരുഷന്മാരും 7319 സ്ത്രീകളുമാണ്. 2699 വീടുകളും 2702 കുടുംബങ്ങളുമാണ് ഇവിടെയുള്ളത്. വീടൊന്നിന് ശരാശരി 5.43 ആളുകൾ താമസ്സിക്കുന്നു. ജനസാന്ദ്രത സാങ്കേതികമായി 1135 ആണെങ്കിലും പഞ്ചായത്തിന്റെ 15.84% മാത്രമേ കരഭാഗമുള്ളു വെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ജനസാന്ദ്രത ഒരു ച.കി.മീറ്ററിന് 7397 എന്നു കാണാം. ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 1215 ആണ്. ഇതിൽ 610 പുരുഷന്മാരും 630 സ്ത്രീകളും ഉണ്ട്. പട്ടികവർഗ്ഗ കുടുംബം പഞ്ചായത്തിൽ ആകെ ഒന്നേയുള്ളു. ഇവരുടെ എണ്ണം അഞ്ചാണ്. ആകെയുള്ള ജനങ്ങളിൽ 12,524 പേർ സാക്ഷരരാണ്. ഇതിൽ 6411 പേർ പുരുഷന്മാരും 6113 പേർ സ്ത്രീകളുമാണ്.

പഞ്ചായത്തതിർത്തിയിലുള്ള 7 റേഷൻ കടകളിൽ നിന്നും ശേഖരിച്ച ഏറ്റവും അവസാനത്തെ കണക്കു പ്രകാരം കടമക്കുടി പഞ്ചായത്തിൽ 2886 വീടുകൾ ഉണ്ട്. ഇതിൽ 892 വീടുകൾ വൈദ്യുതീകരിക്കാത്തതാണ്. പിഴല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള അവസാനത്തെ (1996) ലെ കണക്കുപ്രകാരം പഞ്ചായത്തിലെ ഇന്നത്തെ ജനസംഖ്യ 15,328 ആണ്.

### വാർഡുതല ജനസംഖ്യ വിവരപ്പട്ടിക

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ആകെ വീടുകൾ | പട്ടികജാതി കുടുംബം | പട്ടികവർഗ്ഗ കുടുംബം |
|---|---|---|---|---|---|---|
| I | 551 | 580 | 1131 | 212 | 151 | – |
| II | 684 | 635 | 1322 | 237 | 95 | – |
| III | 822 | 848 | 1670 | 312 | 59 | 5 |
| IV | 765 | 714 | 1479 | 261 | 78 | – |
| V | 1209 | 1221 | 2430 | 471 | 227 | – |
| VI | 1165 | 1200 | 2365 | 428 | 216 | – |
| VII | 605 | 595 | 1200 | 244 | | – |
| VIII | 760 | 757 | 1517 | 218 | 393 | – |
| IX | 780 | 774 | 1554 | 316 | | – |
| | 7349 | 7319 | 14668 | 2699 | 1240 | 5 |

# 5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ



## 1.കൃഷിയും ജലസേചനവും

ഒരു കാർഷിക മേഖലയായ കടമക്കുടി പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങും നെല്ലുമാണ്. നെല്ലിന്റെ വിളവെടുപ്പു കഴിഞ്ഞാൽ പരമ്പരാഗത രീതിയിലുള്ള ചെമ്മീൻ കൃഷിയും നടത്തുന്നു. കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പച്ചക്കറികൾ, ചേമ്പ്, കാച്ചിൽ, വാഴ, കുരുമുളക് എന്നിവയും ചെറിയ തോതിൽ കൃഷിചെയ്തു വരുന്നു. വീടുപണിയ്ക്കു വേണ്ടി ഉപയോഗിക്കുന്ന പൂപ്പരത്തിപോലുള്ള വൃക്ഷങ്ങളും മറ്റു പാഴ്മരങ്ങളും പഞ്ചായത്തിൽ ഇടതൂർന്നു വളരുന്നു. കളിമണ്ണ്, ചെളിമണ്ണ്, ചെളികൂടിയ പശിമരാശി മണ്ണ് എന്നീ മൺതരങ്ങൾ ഇവിടെ കാണുന്നു. ഭൂമിയുടെ ഉടമസ്ഥരിൽ 66.6 ശതമാനവും പത്തു സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. ഭൂമിയുടെ ഉടമസ്ഥരുടെ എണ്ണം താഴെ കൊടുക്കുന്നു.

| വിസ്തീർണ്ണം | ഉടമസ്ഥരുടെ എണ്ണം | ശതമാനം |
|---|---|---|
| 1-10 സെന്റ് | 1481 | 66.6 |
| 10-25 " | 382 | 17.2 |
| 25-50 " | 148 | 6.7 |
| 50-100 " | 86 | 3.9 |
| 1-2 ഏക്കർ | 67 | 3.0 |
| 2-5 " | 58 | 2.6 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിൽ 0.07 ഹെക്ടർ ആണെങ്കിൽ കടമക്കുടി പഞ്ചായത്തിൽ അത് 0.05 ആണ്.

| ഭൂമി | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| കരഭൂമി | 202 | 15.84 |
| കൃഷിയിടം | 602 | 47.16 |
| ജലാശയങ്ങൾ | 472.4 | 37.00 |
| ആകെ | 1,276.4 | 100 |

### വിള വിസ്തീർണ്ണം

| വിളയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് | 602 |
| തെങ്ങ് | 165 |
| പയർ | 0.8 |
| പച്ചക്കറികൾ | 1.2 |
| വാഴ | 1 |
| മരച്ചീനി | 0.6 |
| കുരുമുളക് | 4 |
| പ്ലാവ് | 0.2 |
| കശുമാവ് | 0.4 |
| മാവ് | 2 |
| കവുങ്ങ് | 88 |

അവലംബം : കടമക്കുടി കൃഷിഭവൻ

### മുഖ്യ വിളകളുടെ ഉല്പാദനം

| വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (ടൺ) |
|---|---|---|
| നെല്ല് | 602 | 842.8 |
| ചെമ്മീൻ | (602) | 180.6 |
| നാളികേരം | 165 | 8.25 ലക്ഷം തേങ്ങ |

## നെൽകൃഷി

കടമക്കുടി പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 47.16 ശതമാനം (602 ഹെക്ടർ) പൊക്കാളി പാടങ്ങളാണ്. പരമ്പരാഗതമായി മഴയെ മാത്രം ആശ്രയിച്ച് വളപ്രയോഗം ഇല്ലാതെ നടത്തിവരുന്ന പൊക്കാളി ഒരുപ്പൂകൃഷിയാണ്. വേനൽക്കാലത്ത് ചെമ്മീൻ വിളവെടുപ്പിനു ശേഷം നിലമുണക്കി, കൈത്തൂമ്പകൊണ്ട് കണ്ണികൂട്ടി, മഴക്കാലം വരുമ്പോൾ കണ്ണി കൊത്തിനിരത്തി അതിൽ മുളപ്പിച്ച വിത്ത് വിതയ്ക്കുന്നു. ഇരുപത്തെട്ടു ദിവസം കഴിയുമ്പോൾ കൈകൊണ്ട് പറിച്ച് നിരത്തുന്ന രീതിയാണിവിടെയുള്ളത്. ആദ്യകാലങ്ങളിൽ നെൽകൃഷി നല്ല വിള സാന്ദ്രതയില്ലായിരുന്നു. എന്നാൽ 1975 നു ശേഷം നെല്ലിന്റെ ഉല്പാദനത്തിൽ സാരമായ തകർച്ച കണ്ടു തുടങ്ങി. ചെമ്മീൻകൃഷി ആകർഷകമായതോടെ നെൽകൃഷിയിലുണ്ടായിരുന്ന താല്പര്യം കുറഞ്ഞുതുടങ്ങി. കൃഷിപ്പണികൾ യഥാസമയങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ പോയതുകൊണ്ട് വിള മോശമാകുവാൻ തുടങ്ങി. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം മൂലം ശാസ്ത്രീയ കൃഷിരീതികൾ നടപ്പാക്കുന്നത് ക്ലേശകരമാണ്. കരഭൂമിയോടു ചേർന്നു കിടക്കുന്ന ചെറു പാടങ്ങളിൽ നിന്ന് ഹെക്ടറിന് 1000 കിലോ നെല്ല് കിട്ടുമ്പോൾ ഒരേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാടശേഖരങ്ങളിൽനിന്ന് ഹെക്ടറിന് 1820 കിലോ നെല്ലു ലഭിക്കുന്നു.

കൃഷി മുഖ്യ തൊഴിലാക്കിയവർ പഞ്ചായത്തിൽ 133 പേർ മാത്രമേയുള്ളു. നെൽകൃഷിയിൽ നിന്നുള്ള വരു മാനം വളരെ തുഛമാണെങ്കിലും വേനൽക്കാലത്ത് ഇവിടെ ചെമ്മീൻ കൃഷി നടത്തുന്നതുകൊണ്ട് കർഷകർ ഒരുവിധം ഈ മേഖലയിൽ പിടിച്ചു നില്ക്കുന്നു. കൃഷി മുഖ്യ തൊഴിലാക്കാത്ത കർഷകർക്കാകട്ടെ കൃഷി ചെയ്യു

ന്നതിനുള്ള സമയമോ താല്പര്യമോ ഇല്ല. നെൽകൃഷി യുടെ അഭിവൃദ്ധിയ്ക്കുള്ള മറ്റൊരു തടസ്സവും ഇതു തന്നെ. നെൽകൃഷിയ്ക്ക് ഈ അടുത്ത കാലത്തു കണ്ടു തുടങ്ങിയ രോഗങ്ങളും നെല്ലുൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കർഷക തൊഴിലാളികളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ടാണ് കാർഷിക രംഗത്തെ മറ്റൊരു പ്രധാനപ്രശ്നം. ആധുനിക വിദ്യാഭ്യാസം നിലവിൽ വന്നതോടെ യുവതലമുറകൾ പാടത്തെ പണിയിൽ നിന്നും പിന്മാറി. ജോലി സ്ഥിരത ഉറപ്പില്ലാത്തതുകൊണ്ട് യുവതീ യുവാക്കൾ പാടത്തെ പണിയേക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത് കെട്ടിട നിർമ്മാണവും എറണാകുളം പട്ടണത്തിലെ മറ്റു തൊഴിൽമേഖലകളുമാണ്. കർഷകത്തൊഴിലാളികളേക്കാൾ കൂലി കുറവാണെങ്കിലും തൊഴിൽ സുരക്ഷിതത്വവും, സാമൂഹ്യമാന്യതയുമാണ് അവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നത്.

## ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശങ്ങൾ

1. കടമക്കുടി പഞ്ചായത്തിലെ പൊക്കാളി കൃഷിക്കു വേണ്ടി പ്രത്യേകം അതോറിറ്റി രൂപീകരിക്കുക.
2. നെൽകൃഷി നടത്തുന്നതുമൂലം കർഷകർക്കുണ്ടാകുന്ന അധികച്ചെലവ് സർക്കാർ സംബ്സഡി മൂലം പരിഹരിക്കുക.
3. ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കത്തക്കവിധം പാടശേഖരങ്ങൾക്കു ചുറ്റും ബലവത്തായ ബണ്ടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. നെൽകൃഷി നടത്തുന്നതിനു പറ്റിയ വിവിധ യന്ത്രോപകരണങ്ങൾ വികസിപ്പിക്കുക.
4. ഓരോ പ്രദേശത്തും പാടശേഖര സമിതികൾ രൂപീകരിച്ച് മരുന്നുതളി, നിലം ഉഴൽ, മെതി മുതലായ പണികൾ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു നടത്തുക.
5. കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. കൂടുതൽ സ്റ്റാഫിനേയും ആധുനിക ഉപകരണങ്ങളും നൽകുക. അവർക്ക് യാത്രാ സൗകര്യങ്ങളും ഏർപ്പെടുത്തുക.
6. കാർഷിക മേഖലയിൽ പണി നടക്കുന്ന സമയത്ത് തൊഴിലാളികൾക്ക് ക്ഷാമം നേരിടുമ്പോൾ മറ്റു പ്രദേശങ്ങളിൽ നിന്നും തൊഴിലാളികളെ എത്തിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
7. കർഷകത്തൊഴിലാളികൾക്ക് പ്രത്യേകം ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ച് അവരെ ഈ മേഖലയിൽ പിടിച്ചുനിർത്തുക. കർഷക-കർഷക തൊഴിലാളി കൂട്ടായ്മയിലൂടെ അവർക്ക് സ്ഥിരമായി കാർഷികമേഖലയിൽ പണി നൽകുക.
8. കൃഷി ഒരു മാന്യമായ തൊഴിലാണെന്ന് കർഷകരേയും കർഷകത്തൊഴിലാളികളേയും ബോധവാന്മാരാക്കുകയും അവരുടെ കടമകളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുക.
9. തരിശിട്ടിരിക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുക.
10. സഹകരണാടിസ്ഥാനത്തിൽ നെല്ലു ശേഖരിച്ച് സംസ്കരിച്ച് മാർക്കറ്റിൽ എത്തിച്ച് കർഷകർക്ക് അധികവിലയും തൊഴിലാളികൾക്ക് പണിയും ഉറപ്പുവരുത്തുക.
11. യുവകർഷകർക്കുള്ള പെൻഷൻ സ്കീം വിപുലീകരിക്കുക.
12. എല്ലാത്തരം വിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
13. പഞ്ചായത്തിന്റെ വിശാലമായ ആഴം കുറഞ്ഞ കായൽപ്രദേശങ്ങൾ 50 ഏക്കർ വീതമുള്ള പാടശേഖരങ്ങളായി തിരിച്ച് അതിൽ പൊക്കാളി കൃഷിയും ചെമ്മീൻ കൃഷിയും നടത്തുക.
14. പുതുശ്ശേരിയിൽ നിർമ്മിച്ചിരിക്കുന്ന സ്ലൂയിസ്കം ബ്രിഡ്ജ് തുറന്നിടുക.
15. പുറം ബണ്ടുകൾക്ക് സംരക്ഷണ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ കരിങ്കൽച്ചിറ നിർമ്മിക്കുക.
16. നെൽകൃഷിക്കാർക്ക് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.

## തെങ്ങുകൃഷി

കടമക്കുടി പഞ്ചായത്തിലെ 15.84% (202 ഹെക്ടർ) മാത്രമേ കരഭൂമിയുള്ളു. ഇതിൽ 165 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നു. 1970 ന് മുമ്പ് കരഭൂമിയിൽ ഭൂരിഭാഗവും ജന്മിമാരുടെ ഉടമാവകാശത്തിലായിരുന്നു. 1971 ലെ കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കുടികിടപ്പുകാരെല്ലാം 10 സെന്റ് ഭൂമിയുടെ ഉടമസ്ഥരായി. കുടികിടപ്പുകാരുടെ അവകാശം കഴിച്ച് ബാക്കിയുണ്ടായിരുന്ന ഭൂമി ജന്മിമാർ വില്ക്കാനും തുടങ്ങി. മുൻകാലങ്ങളിൽ ജന്മിമാർ ചിട്ടയായി ചെയ്തിരുന്ന വിവിധ തെങ്ങുസംരക്ഷണമുറകൾ ക്രമേണ പാലിക്കാ

തായി. കൂമ്പുചീയൽ, കാറ്റുവീഴ്ച, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ് മുതലായ രോഗങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങി. നാളീകേരത്തിന്റെ ഉത്പാദനത്തെ ഇത് പ്രതികൂലമായി ബാധിച്ചു. ആലുവ വ്യവസായ മേഖലയിൽ നിന്നും വരുന്ന വിഷപ്പുക കർഷകത്തൊ ഴിലാളികളുടെ ദൗർലഭ്യവും തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം ഒരു മുരടിപ്പാണ് ഇപ്പോൾ അനു ഭവപ്പെടുന്നത്.

ജനസംഖ്യാ വർദ്ധനവും നഗരങ്ങളിൽ നിന്നുള്ള കുടിയേറ്റവും പണ്ടു തെങ്ങുകൃഷി ചെയ്തിരുന്ന സ്ഥലങ്ങളെല്ലാം വീടുവെയ്ക്കുന്നതിന് ഉപയോഗിക്കുവാൻ നിർബന്ധിതമാക്കി. തുടങ്ങി. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ പഞ്ചായത്തിലെ പൊതുവഴികളും വർദ്ധിച്ചു. ദ്വീപുകളിൽ തലങ്ങും വിലങ്ങും ഉണ്ടായിരുന്ന തോടുകളുടെ വീതികുറയുകയും ചില തോടുകൾ അടഞ്ഞു പോകുകയും ചെയ്തു. ഇതുമൂലം സ്വാഭാവിക നീർച്ചാലുകൾ തടയപ്പെട്ടു. വെള്ളക്കെട്ട് പരിസ്ഥിതി പ്രശ്നത്തിലുപരി തെങ്ങിന്റെ ഉല്പാദനക്ഷമത കുറയുന്നതിനു കാരണമായി. തെങ്ങിന്റെ ഉല്പാദനക്ഷമതയെ ബാധി ക്കുന്ന മറ്റൊരു ഘടകമാണ് വൃക്ഷ സാന്ദ്രത. ഒരു ഏക്കർ സ്ഥലത്ത് 70-80 തെങ്ങുകൾ നടാമെന്നിരിക്കെ പഞ്ചായത്തിൽ ഒരു ഏക്കർ സ്ഥലത്ത് 120 തെങ്ങുകൾവരെ വച്ചു പിടിപ്പിച്ചിട്ടുണ്ട്. പുരയിടത്തിൽ വച്ചു പിടിപ്പിച്ചിട്ടുള്ള മറ്റു വൃക്ഷങ്ങളും ധാരാളം കാണും. അടുത്തകാലത്ത് കണ്ടുവന്നിട്ടുള്ള എലി ശല്യവും നാളീകേര ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിത്തിനങ്ങൾ വിരളമായേ ലഭിക്കാറുള്ളൂ. അതുകൊണ്ട് നാടൻ ഇനങ്ങളിൽ നിന്നും മെച്ചപ്പെട്ട വിത്തുതൈകൾ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കേടുവന്ന തെങ്ങുകൾ പിഴുതുമാറ്റി നല്ലയിനം തെങ്ങുകൾ വച്ചു പിടിപ്പിക്കുവാൻ സഹായം ലഭ്യമാക്കണം. കേടുവന്ന തെങ്ങൊന്നിന് 500 രൂപ നിരക്കിൽ സഹായം നൽകണം.
2. തെങ്ങിനുണ്ടാകുന്ന വിവിധതരം രോഗങ്ങൾക്കും കീട ബാധയ്ക്കും പ്രതിവിധി യഥാസമയം കൃഷിഭവൻ മുഖേന സ്വീകരിക്കണം.
3. വളം, കീടനാശിനി എന്നിവ കൃഷിഭവനിൽ നിന്നും യഥാകാലം സൗജന്യനിരക്കിൽ ലഭ്യമാക്കണം.
4. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യാവുന്ന അനുയോജ്യമായ നടീൽവളങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
5. ജലസേചനത്തിനും, നീർവാഴ്ചയ്ക്കും സൗകര്യം ഉണ്ടാക്കണം.
6. കൃഷി ഉദ്യോഗസ്ഥർ മാസത്തിലൊരിക്കൽ ഓരോ മേഖലയും സന്ദർശിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണം.
7. നാളീകേര സംഭരണശാലയും സംസ്കരണ കേന്ദ്രവും സ്ഥാപിച്ച് കർഷകർക്ക് അധികവരുമാനവും തൊഴിൽ സാദ്ധ്യതയും ഉണ്ടാക്കണം.
8. വ്യവസായശാലകളിൽ നിന്നുവരുന്ന വായു മലിനീകരണം തടയുക.
9. കൃഷിഭവൻ ഓഫീസ് പഞ്ചായത്തിലെ എല്ലാവർക്കും ഉപകാരങ്ങളായ വിധത്തിൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിക്കുക.

## പച്ചക്കറി കൃഷി

പഞ്ചായത്തിൽ നിത്യേന ഉപയോഗിച്ചു വരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. പയർ, പടവലം, പാവൽ, വെള്ളരി, ചീര, ചേമ്പ്, കാച്ചിൽ തുടങ്ങിയ വിവിധ ഇനം പച്ചക്കറികൾ നമ്മുടെ മണ്ണിൽ നന്നായി വളരുന്നവയാണ്. മണ്ണിന്റേയും ജലസ്രോതസ്സുകളുടേയും വൈവിധ്യം കണക്കിലെടുത്ത് ഓരോ പ്രദേശത്തും ഏറ്റവും അനുയോജ്യമായവ കണ്ടെത്തി അവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കണം.

## നൂതന കൃഷിരീതികൾ

കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പൂകൃഷി, പഴവർഗകൃഷി, മത്സ്യകൃഷി, കൊഞ്ചു കൃഷി, ഞണ്ടു വളർത്തൽ തുടങ്ങിയവയും പഞ്ചായത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ നടപ്പാക്കാവുന്നതാണ്.

## ജൈവവള നിർമ്മാണം

നമ്മുടെ പഞ്ചായത്തിലെ വൃക്ഷസാന്ദ്രതയിൽ നിന്നും ലഭിക്കുന്ന പച്ചിലയും മത്സ്യസംഭരണശാലയിലെ ഉപയോഗശൂന്യമായ അവശിഷ്ടങ്ങൾ ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിനാവശ്യമായ ജൈവവളം നിർമ്മിക്കുന്ന തിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

## മണ്ണു സംരക്ഷണം

കടമക്കുടിപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജലസേചനത്തിനായുള്ള പദ്ധതികൾക്ക് ഇവിടെ പ്രസക്തിയില്ല. മണ്ണൊലിപ്പ് തടയുന്നതിനായുള്ള സമഗ്ര പദ്ധതികളാണ് ആവിഷ്ക്കരിക്കേ ണ്ടത്. പഞ്ചായത്തിലെ ഭൂരിഭാഗം ദ്വീപുകളും ഇന്ന് മണ്ണൊലിപ്പ് ഭീഷണിയിലാണ്. പുഴയിലെ ശക്തിയായ ഒഴുക്കും ജലവാഹനങ്ങൾ സൃഷ്ടിക്കുന്ന ഓളവും പുഴയോരങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും ഇടയാക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദ്വീപുനിവാസികൾക്ക് സ്വന്തമായി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സംരക്ഷണ ഭിത്തി നിർമ്മിക്കണമെന്നാണ് ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന ആവശ്യം.

### സംരക്ഷണഭിത്തി നിർമ്മാണം

| വാർഡ് | | നിർമ്മിക്കേണ്ട സംരക്ഷണ ഭിത്തിയുടെ നീളം (മീറ്റർ) |
|---|---|---|
| I | - | 1500 |
| II | - | 1500 |
| III | - | 1000 |
| IV | - | 2000 |
| V | - | 2000 |
| VI | - | 2000 |
| VII | - | 1500 |
| VIII | - | 2000 |
| IX | - | 1500 |

### പട്ടിക
### 8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കടമക്കുടി കൃഷിഭവൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരണം (1991-92 To 95-96)

| No. | പദ്ധതിയുടെ പേര് | ചിലവായതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | നെൽകൃഷി പ്രോത്സാഹന സംബ്സിഡി വിതരണം | 1,32,000 | 888 |
| 2. | നെൽകൃഷി രാസവള സബ്സിഡി വിതരണം | 54,823 | 463 |
| 3. | " ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ധാന്യസംഭരണി വിതരണം നടത്തിയത് | 1000 | |
| 4. | തെങ്ങ് കൃഷി വികസന പദ്ധതികൾ | | |
| | a) രോഗബാധിത തെങ്ങ് വെട്ടിയ പദ്ധതിയിൽ വെട്ടി മാറ്റിയ തെങ്ങുകളുടെ എണ്ണം 2550 | 4,26,300 | 1107 |
| | b)തെങ്ങിൻ തോട്ടത്തിൽ എക്കൽ മണ്ണ് ഇടൽ | 46912 | 210 |
| | c) തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ നൽകിയത് | 12935 | 1600 |
| | d) ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ | | |
| | പമ്പുസെറ്റ് വിതരണം ചെയ്തത് | 5512 | 5 |
| | കിണർ സ്ഥാപിച്ചത് | 19250 | 19 |
| | ഫിൽറ്റർ പോയിന്റ് ട്യൂബ്വെൽ | 2400 | 3 |
| | e) തെങ്ങ് വളം വിതരണം | 2,35,600 | 715 |
| | f) മഞ്ഞളിപ്പിനെതിരെ മഗ്നീഷ്യം സൾഫേറ്റ് നൽകിയത് | 1650 | 25 |
| | g) മരുന്നു തളിക്കുന്നതിനുള്ള റോക്കർസ് പ്രേയർ വിതരണം | 5000 | 5 |
| | h) തെങ്ങുകയറ്റ യന്ത്രം വിതരണം | 2000 | 4 |
| | i) ഇടവിള കൃഷി പ്രോത്സാഹനം | 27200 | 335 |
| 5 | പച്ചക്കറി കൃഷി വികസനം | | |
| | 1. മഹിളാ സമാജങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി | 945 | 7 |
| | 2. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറി കൃഷി | 16095 | 3955 |
| 6. | കിഴങ്ങുവർഗ്ഗ വികസനപദ്ധതി | 2600 | 18 |
| 7. | ബയോഗ്യാസ് പ്ലാന്റ് വികസനപദ്ധതി | 3100 | 1 |
| 8. | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി | 11577 | 128 |
| 9. | പബ്ലിക്ക് പാർട്ടി ഡിപ്പേഷൻ പദ്ധതി | 8000 | 520 |
| 10. | പ്രത്യേക ഘടക പദ്ധതി | | |
| | a) നടീൽ വസ്തുക്കളുടെ വിതരണം | 3670 | 95 |
| | b) വളം വിതരണം | 12620 | 191 |
| | c) സമൂഹ ജലസേചന കിണർ | 6000 | 25 |
| | d) റോക്കർസ് പ്രേയർ | 4600 | |
| 11. | ജൈവവള വികസന പദ്ധതി | 29,000 | 700 |
| 12. | പയർ വർഗ്ഗ വികസനപദ്ധതി | 707 | 64 |
| | ആകെ | 10,71,526 | |



# 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മത്സ്യബന്ധനം

കടമക്കുടി ഗ്രാമപഞ്ചായത്തിലെ 602 ഹെക്ടർ സ്ഥലവും പൊക്കാളിപ്പാടങ്ങളാണ്. അര നൂറ്റാണ്ട് മുമ്പ്വരെ മിക്കവാറും പാടങ്ങൾ ചാൽ നിലങ്ങളായിരുന്നു. പിന്നീട് ഈ പ്രദേശങ്ങൾ പുറം ബണ്ടുകൾ കെട്ടി സംരക്ഷിച്ചതോടെയാണ് പരമ്പരാഗത രീതിയിലുള്ള ചെമ്മീൻ കൃഷി (ചെമ്മീൻ കെട്ട്) ആരംഭിക്കുന്നത്. പണ്ടുകാലങ്ങളിൽ വളരെ പ്രചാരത്തിലിരുന്ന പാച്ചുവഞ്ചി, നൊരിമ്പ്, കുത്തുവല, പടല്, വട്ടവല എന്നീ മത്സ്യബന്ധന രീതികൾ ഇന്ന് പാടെ നശിച്ചു കഴിഞ്ഞു. ഊന്നി, ചീനവല, വെള്ളവല, ചൂണ്ട, വീശുവല എന്നീ മത്സ്യബന്ധന മുറകൾ പേരിനു മാത്രമായി പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഇന്നു നിലനില്ക്കുന്നു.

ഒരുകാലത്ത് കടമക്കുടി പഞ്ചായത്തിലെ എല്ലാ തുരുത്തുകളിലും കൂടി അഞ്ഞൂറോളം ചീനവലകൾ ഉണ്ടായിരുന്നു. ഒരു ചീനവല പ്രവർത്തിക്കുന്നതിന് ചുരുങ്ങിയത് 2 ആളുകൾ വീതം ഈ മേഖലയിൽ പണിയെടുത്തിരുന്നു. എന്നാൽ പെരിയാറിലെ മലിനീകരണത്തെത്തുടർന്ന് മത്സ്യസമ്പത്തിന്റെ ശോഷണം സംഭവിച്ചു ഇന്ന് പേരിനുമാത്രമായി ഏതാനും ചീന വലകൾ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പ്രവർത്തിക്കുന്നു.

ആദ്യകാലങ്ങളിൽ ചെമ്മീൻ ഉപ്പിട്ടു പുഴുങ്ങി ഉണക്കി തൊണ്ടുകളഞ്ഞു പരിപ്പാക്കിയാണ് കയറ്റി അയച്ചിരുന്നത്. വെയിലിൽ ഉണക്കിയും, ചെമ്മീനും മറ്റു മത്സ്യസമ്പത്തും പ്രാദേശിക മാർക്കറ്റിൽ വിറ്റഴിച്ചിരുന്നു. 1960 മുതൽ ചെമ്മീനും മറ്റു മത്സ്യങ്ങളും ഐസിട്ട് സംസ്കരിച്ച് വിറ്റഴിക്കുവാൻ തുടങ്ങിയതോടെ കർഷകർക്ക് നല്ല വരുമാനം ലഭിക്കുവാൻ തുടങ്ങി. കടമക്കുടി പഞ്ചായത്തിൽ മൊത്തം 144 ചെമ്മീൻ കെട്ടുകൾ ഉണ്ട്. അവയുടെ വിസ്തീർണ്ണം 602 ഹെക്ടർ ആണ്.

## ചെമ്മീൻകെട്ട്

വിശാലമായ പൊക്കാളിപ്പാടങ്ങൾ ബണ്ടുകൾ ഇട്ടു തിരിച്ച് പാടശേഖരങ്ങൾ ആക്കിയിരിക്കുകയാണ്. ഓരോ പാടശേഖരത്തിന്റേയും പുഴയോടു ചേർന്നുള്ള പുറം ബണ്ടിൽ പാടശേഖരത്തിന്റെ വിസ്തീർണ്ണമനുസരിച്ച് വെള്ളം കയറുന്നതിനു വേണ്ടിയുള്ള മരത്തുമ്പുകൾ ഉറപ്പിച്ചിരിക്കുന്നു. നവംബർ 15 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിലാണ് ചെമ്മീൻ കെട്ടു നടത്തുന്നത്. രാത്രികാലങ്ങളിൽ വേലിയേറ്റ സമയത്ത് തൂമ്പിന്റെ മുൻവശത്ത് മണ്ണെണ്ണ വിളക്കുകൾ കത്തിച്ചു വച്ച് കായലിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ പാടശേഖരങ്ങളിലേക്ക് ആകർഷിക്കുന്നു. പകൽ വേലിയിറക്ക സമയത്ത് തൂമ്പിൽ നെറ്റ് (അടിച്ചിൽ) സ്ഥാപിച്ച് വെള്ളം മാത്രം പുറത്തുവിടുന്നു. കായലിൽ നിന്നും കയറിവരുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ പാടശേഖരങ്ങളിൽ വളരുന്നു.

നാലുതരം ചെമ്മീനുകളാണ് ഇവിടെ കണ്ടുവരുന്നത് ഇതിൽ നാരനും കാരയും വളർച്ച പ്രാപിക്കുന്നതിന് ഏതാണ്ട് 90 ദിവസം വേണ്ടി വരും. എന്നാൽ തെള്ളി, ചൂടൻ എന്നിവ ചുരുങ്ങിയ സമയം കൊണ്ട് വളർച്ച പ്രാപിക്കുന്നു. മലയാള മാസത്തിലെ ഏകാദശിയുടെ പിറ്റേ ദിവസം മുതൽ രാത്രികാലങ്ങളിൽ തൂമ്പിൽ വലവച്ച് ചെമ്മീൻ പിടിക്കുന്നു. ഇങ്ങനെ പിടിക്കുന്ന ചെമ്മീനുകൾ തരംതിരിച്ച് പ്രാദേശിക സംസ്കരണ ശാലയിൽ എത്തിക്കുന്നു. അവിടെ നിന്നും "മീറ്റാക്കി" കൊച്ചിയിലെ സ്വകാര്യ ചെമ്മീൻ കയറ്റുമതി കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

സംസ്ഥാനത്ത് നിലനിൽക്കുന്ന പവർക്കട്ട് മൂലം ഐസ് ലഭിക്കുന്നതിന് പ്രയാസം നേരിട്ടിരിക്കുന്നതു കൊണ്ട് ചെമ്മീന് വിലയിടിവ് അനുഭവപ്പെട്ടിരിക്കുന്നു. ജോലിക്കാരുടെ കുറവുമൂലം ചെറിയതരം ചെമ്മീനുകൾ ഭൂരിഭാഗവും വെയിലിലിട്ട് ഉണക്കി പ്രാദേശിക മാർക്കറ്റിൽ എത്തിക്കുകയാണ് പതിവ്.

ഓരോ പാടശേഖരത്തിന്റേയും അവകാശികൾ പത്തോ പതിനഞ്ചോ ആളുകളായിരിക്കും.

ചെമ്മീൻ കെട്ടു നടത്തുന്നതിന് താല്പര്യമുള്ള ഒരാളെ പാട്ടം നിശ്ചയിച്ച് ഓരോ വർഷവും ഏല്പിക്കുകയാണ് പതിവ്. കേവലം അഞ്ചു മാസമാണ് ഇവിടുത്തെ മത്സ്യബന്ധന കാലാവധി. കാലാവധി കഴിയുന്നതോടെ കെട്ടു നടത്തുന്നയാൾ പിന്മാറുന്നു. പിന്നീട് ഈ പാടശേഖരങ്ങൾ നെൽകൃഷി നടത്തുന്നതിനു വേണ്ടി ഉപയോഗിക്കുന്നു.

കടമക്കുടി പഞ്ചായത്തിലെ പൊക്കാളിപ്പാടങ്ങൾ 602 ഹെക്ടർ ആണ്. ഇത് 104 പാടശേരങ്ങൾ ആയി തിരിച്ചിരിക്കുന്നു. ഒരു വർഷം ഇവിടുത്തെ മൊത്തം ചെമ്മീൻ ഉല്പാദനം 180 ടൺ ആണ്. ചെമ്മീൻ വിറ്റഴിക്കുന്നതിന് സ്വകാര്യ ഏജൻസികൾ മാത്രമാണുള്ളത്. പലപ്പോഴും ചെമ്മീന്റെ വില നിശ്ചയിക്കുന്നത് ഈ ഇടനിലക്കാരാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു ചെമ്മീൻ സംസ്കരണശാല ഈ പഞ്ചായത്തിൽ സ്ഥാപിച്ചാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന ചെമ്മീനും മറ്റു മത്സ്യവും നേരിട്ട് വിദേശ മാർക്കറ്റിൽ എത്തിക്കുവാൻ സാധിക്കും. ഇതിലൂടെ അധികവരുമാനം കർഷകർക്ക് ലഭിക്കും. തൊഴിൽ സാദ്ധ്യതകളും വർദ്ധിക്കും.

## ശാസ്ത്രീയ ചെമ്മീൻ കൃഷി

പൊക്കാളിപ്പാടങ്ങളിൽ ശാസ്ത്രീയ കൃഷിരീതികൾ അവലംപിച്ച് ചെമ്മീൻ കൃഷി നടത്തുകയാണെങ്കിൽ ഒരു ഹെക്ടറിൽ നിന്ന് 800 കിലോ നാരൻ ചെമ്മീൻവരെ ലഭിക്കും. പരമ്പരാഗത രീതിയിൽ ഉല്പാദിപ്പിക്കുന്ന ചെമ്മീന് ഗുണനിലവാരം കുറവാണ്. ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ചെമ്മീന് ഗുണനിലവാരം കൂടുതൽ ഉള്ളതുകൊണ്ട് വിദേശ മാർക്കറ്റിൽ ഏറെ പ്രിയം ഉണ്ടാകും. കൂടാതെ ശാസ്ത്രീയ ചെമ്മീൻ കൃഷി നടത്തുന്നതോടെ നെൽപ്പാടങ്ങളിലെ മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുകയും നെല്ലുല്പാദനം വർദ്ധിക്കുകയും ചെയ്യും.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പെരിയാറിലെ ജലമലിനീകരണം തടയണം.
2. ചെമ്മീൻ കെട്ടിന്റെ കാലാവധി ഡിസംബർ മാസം മുതൽ ഏപ്രിൽ വരെയായി പുതുക്കി നിശ്ചയിക്കുക.
3. സഹകരണാടിസ്ഥാനത്തിൽ ചെമ്മീൻ സംസ്കരണശാല സ്ഥാപിക്കുക.
4. പെരിയാറിലൂടെ നല്ല വെള്ളം ഒഴുകി വരുന്നതുകൊണ്ട് ഓരിന്റെ സാന്ദ്രത കുറയുന്നു. അത് തടയുന്നതിനു വേണ്ടി പെരിയാറിൽ പാതാളം ഭാഗത്ത് ബണ്ട് കെട്ടി നല്ല വെള്ളത്തിന്റെ ഒഴുക്കു തടയുക.
5. ശാസ്ത്രീയ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുക. കർഷകർക്ക് സംബ്സിഡിക്കും പരിശീലനവും നൽകുക.
6. പുതുശ്ശേരിയിൽ നിർമ്മിച്ചിരിക്കുന്ന സ്ലൂയിസ ്കം ബ്രിഡ്ജിൽ ചിപ്പിടുന്നതു നിരോധിക്കുക.
7. തൂമ്പുകൾ ശാസ്ത്രീയ രീതിയിൽ രൂപ കല്പന നൽകി സർക്കാർ സഹായത്തോടെ ഉറപ്പിക്കുക.
8. പുറം ബണ്ടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുക.
9. ചെമ്മീൻ കെട്ടുകാർക്ക് പാടശേഖരത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി മണ്ണെണ്ണ പെർമിറ്റുകൾ നൽകുക.
10. കടമക്കുടി പഞ്ചായത്ത് മത്സ്യഗ്രാമമായി പ്രഖ്യാപിക്കുക.

## മൃഗസംരക്ഷണം

കടമക്കുടി പഞ്ചായത്ത് പൊതുവേ കാർഷിക മേഖലയാണെങ്കിലും കന്നുകാലികളെ വളർത്തി ഉപജീവനം നടത്തിയിരുന്ന കുടുംബങ്ങൾ ആദ്യ കാലങ്ങളിൽ വിരളമായിരുന്നു എന്നുതന്നെ പറയാം. പൊതുവേ സാമ്പത്തിക നിലവാരത്തിൽ ശരാശരിയിൽ താഴെ കഴിഞ്ഞിരുന്ന ഗ്രാമ വാസികളുടെ ഉപഭോഗത്തിൽ പാലിന്റേയും, മുട്ടയുടേയും സ്ഥാനം വളരെ താഴെയായിരുന്നു. പാലിന്റെ ഉപഭോഗം കൊച്ചുകുഞ്ഞുങ്ങളിലും, രോഗികളിലും മാത്രം ഒതുങ്ങി നിന്നു. പിന്നെയുള്ള വിപണനസാദ്ധ്യത ഗ്രാമങ്ങളിലുള്ള ചായക്കടകളിലായിരുന്നു. കാർഷികാവശ്യങ്ങൾക്ക് മറ്റു പ്രദേശങ്ങളിലേതുപോലെ ചാണകം വളമായി ഉപയോഗിച്ചിരുന്നില്ല എന്നതും കൃഷിപ്പണികൾക്ക് കാള, പോത്ത് മുതലായ ഉഴവുമാടുകളെ ഉപയോഗിക്കുന്നില്ല എന്നതും, മൃഗങ്ങൾ വലിക്കുന്ന വണ്ടികളില്ലാത്തതും ഗ്രാമത്തിലെ കന്നുകാലി സമ്പത്തിന്റെ ശോഷണത്തിനു മുഖ്യ ഹേതുവായി നമുക്കു കരുതാം.

കഴിഞ്ഞ രണ്ടു ദശാബ്ദ കാലത്തിനുള്ളിൽ കടമക്കുടി പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഗുണപരമായി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഇതിനുള്ള മുഖ്യകാരണം ഗ്രാമത്തിലെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയിലുണ്ടായ വളർച്ചതന്നെയാണ്. ആരോഗ്യരംഗത്ത് പാലിന്റേയും, മുട്ടയുടേയും സ്ഥാനത്തെപ്പറ്റിയുള്ള അറിവ്, നാട്ടിലെ അവയുടെ ആഭ്യന്തര ഉപഭോഗം ഉയർത്തുന്നതിനു കാരണായി.

കൂടുതൽ കൂടുതൽ കുടുംബങ്ങളിൽ പാലും, മുട്ടയും അവശ്യവസ്തുവായി. ഇതു മനസ്സിലാക്കി മൃഗപരിപാലനം മുഖ്യ തൊഴിലാക്കാൻ മുന്നോട്ടു വന്നു. 1960 കളിൽ നടപ്പാക്കിയ ധവളവിപ്ലവത്തിന്റേയും മൃഗസംരക്ഷണ വകുപ്പ് നടപ്പിൽ വരുത്തിയ കൃത്രിമ ബീജദാന സൗകര്യത്തിന്റേയും അനുബന്ധമെന്നോണം കടമക്കുടി പഞ്ചായത്തിലെ ഉല്പാദനശേഷി കുറഞ്ഞ നാടൻ കന്നുകാലികളിൽ 85 ശതമാനത്തേയും ഉല്പാദനശേഷി കൂടിയ സങ്കരയിനം ജേഴ്സി, സ്വീസ്ബ്രൗൺ, ഹോൾസ്റ്ററിൻ ഫ്രീഷ്യൻ എന്നീ വിദേശ ജനസുകളാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞു എന്നതും കൂടുതൽ ആളുകൾക്ക് കാലി വളർത്തലിൽ താല്പര്യം വർദ്ധിക്കാൻ കാരണമായി.

കൂടുതലാളുകൾ കാലിവളർത്തൽ ഉപജീവനമാക്കിയതോടെ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ഉയർന്നുവന്നു. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും കാലികർഷകരെ അലട്ടുന്ന പ്രശ്നമാണ്. അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾക്ക് ഇന്നും കിലോമീറ്ററുകൾ അകലെയുള്ള വരാപ്പുഴ മൃഗാശുപത്രി തന്നെയാണ് ആശ്രയം. 1990 സെപ്തംബറിൽ കൃത്രിമ ബീജദാന സൗകര്യമുള്ള ഒരു ഐ.സി.ഡി.പി. സബ്സെന്റർ കോതാട് സ്ഥാപിതമായതോടെ കടമക്കുടി പഞ്ചായത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഡിപ്പാർട്ടമെന്റ് തലത്തിൽ തുടക്കമിട്ടു. തുടർന്നു 1992 ജൂൺ മാസത്തോടെ പിഴല കേന്ദ്രീകരിച്ച് പിഴല ഐ.സി.ഡി.പി. സബ്ബ് സെന്റർ നിലവിൽ വന്നത് കൃത്രിമ ബീജദാനരംഗത്തെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. "ഒരു പഞ്ചായത്തിൽ ഒരു മൃഗാശുപത്രി" എന്ന സർക്കാരിന്റെ പദ്ധതിയിൽപ്പെടുത്തി ഇന്ന് കടമക്കുടി പഞ്ചായത്തിന് ഒരു മൃഗാശുപത്രി അനുവദിച്ചിട്ടുള്ളത്. ഉടനെ പഞ്ചയത്താഫീസിനോടനുബന്ധിച്ച് പ്രവർത്തനമാരംഭിക്കാനാകുമെന്നത് കാലികർഷകർക്കും മറ്റും ആശാവഹമാണ്.

സങ്കരയിനം പശുക്കൾ രംഗത്തുവന്നപ്പോൾ പാൽ ഉല്പാദനം വർദ്ധിച്ചതോടെ പാൽ വിപണന സൗകര്യങ്ങളുടെ അപര്യാപ്തത പ്രകടമായി. ചായക്കടകളിലും, അയൽ വീടുകളിലുമായി ഒതുങ്ങി നിന്ന് വിപണനം തൊഴിലാക്കാൻ വ്യക്തികൾ മുന്നോട്ടുവന്നതോടെ ഗ്രാമങ്ങളിൽ പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ നിലവിൽ വന്നു. ഇപ്രകാരം ഫലപ്രദമായി പ്രവർത്തിക്കുന്ന പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ ഇന്ന് പഞ്ചായത്തിലെ ഓരോ ഗ്രാമങ്ങളിലുമുണ്ട്. എന്നിരിക്കിലും പാൽ സംഭരണ വിതരണ രംഗത്ത് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അഭാവം കാലികർഷകരുടെ താല്പര്യങ്ങളെ ഹനിക്കുന്നുണ്ട്. കന്നുകാലികളെ പറമ്പുകളിൽ കെട്ടിയിട്ടു പച്ചപ്പുല്ല് തീറ്റിക്കുന്ന സമ്പ്രദായം നിലവിലുള്ള ഇവിടെ ഇപ്പോൾ തുറസ്സായ മേച്ചിൽ പറമ്പുകൾ കുറഞ്ഞുവരുന്നതോടെ പച്ചപ്പുല്ലിന്റെ ദൗർലഭ്യം ഏറിവരുന്നു. തീറ്റ പുൽകൃഷി പഞ്ചായത്തിൽ നിലവിലില്ല. പച്ചപ്പുല്ലിനു വേണ്ടി തീറ്റ പുൽകൃഷി വ്യാപകമാക്കേണ്ടതുണ്ട്. വിസ്ത്രിതമായ നെൽകൃഷി പാടങ്ങളുള്ളതിനാൽ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈക്കോൽ ഒരു പരിധിവരെ കന്നുകാലി കർഷകർക്ക് അനുഗ്രഹമാണ്. കാലിതീറ്റകൾക്ക് അടിക്കടിയുണ്ടാകുന്ന ക്രമാതീതമായ വിലവർദ്ധനവും, ഉല്പന്നത്തിന് മതിയായ വിലയില്ലാത്തതുമായ അവസ്ഥ ഈ മേഖലയുടെ പുരോഗതിക്ക് തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. പ്രാദേശിക അസംസ്കൃത വസ്തുക്കൾ കണ്ടെത്തി അവ ഉൾപ്പെടുത്തിയുള്ള കാലിതീറ്റ ക്രമം ഇനിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

കാലി വളർത്തലിലെ മറ്റൊരു പ്രധാന പ്രശ്നം സങ്കരയിനം കന്നുകുട്ടികളുടെ ലഭ്യത കുറവാണ്. മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി ഇതിനൊരു പരിഹാരം കാണേണ്ടതുണ്ട്. 'പാവങ്ങളുടെ പശു' എന്ന പേരിലറിയപ്പെടുന്ന ആടു വളർത്തൽ കാലി വളർത്തലിൽ മുന്നിട്ടു നിന്ന ഒരു കാലമുണ്ടായിരുന്നു. മികച്ചയിനം ആട്ടിൻ കുട്ടികളുടെ ലഭ്യതക്കുറവ് ഈ മേഖലയിലെ കർഷകരുടെ പിൻമാറ്റത്തിനു കാരണമായി. എങ്കിലും ഭൂപ്രകൃതിയും, ഗ്രാമത്തിലെ കുടുംബങ്ങളുടെ പശ്ചാത്തലവും വച്ചു നോക്കിയാൽ സ്ത്രീകൾക്കും പ്രായമേറിയവർക്കും ഏറ്റെടുത്തു നടത്തുവാൻ കഴിയുന്ന ഒരു തൊഴിലെന്ന രീതിയിൽ ഏറെ വികസന സാധ്യതയുള്ള ഒരു മേഖലയായി ഇതിനെ വളർത്താൻ കഴിയും. സർക്കാരിന്റെ പട്ടികജാതി കുടുംബങ്ങൾക്കുള്ള സൗജന്യ ആട് വിതരണ പദ്ധതി യനുസരിച്ച് 1994–95 ൽ ചരിയംതുരുത്ത് ഹരിജൻ കോളനിയിൽ 19 ആടുകളെ മൃഗസംരക്ഷണ വകുപ്പുവഴി വിതരണം നടത്തിയതിനാൽ, ആ ഭാഗത്ത് ആടു വളർത്തൽ കൂടുതലായി കാണുന്നു. ഏറെ ആദായകരമായ തൊഴിലെന്ന രീതിയിൽ പന്നികളെ വളർത്താൻ പറ്റിയ സാഹചര്യം ഈ പഞ്ചായത്തിലുണ്ട്. എങ്കിലും തീറ്റയുടെ ലഭ്യത ഒരു പ്രശ്നമായി അവശേഷിക്കുന്നു. കോതാട് കേന്ദ്രീകരിച്ച് കൂടുതലായി പന്നി വളർത്താൻ പറ്റിയ സാഹചര്യം ഈ പഞ്ചായത്തിലുണ്ട്. എങ്കിലും തീറ്റയുടെ ലഭ്യത ഒരു പ്രശ്നമായി അവശേഷിക്കുന്നു. കോതാട് കേന്ദ്രീകരിച്ച് കൂടുതലായി പന്നി വളർത്തൽ കണ്ടു വരുന്നു. മുയൽ വളർത്തൽ കാർഷികാടിസ്ഥാനത്തിൽ ഗ്രാമങ്ങളിൽ കാണപ്പെടുന്നില്ല.

കോഴി, താറാവു വളർത്തലിന് ഏറ്റവും അനുയോജ്യവും ഏറെ സാദ്ധ്യതയുമുള്ള പ്രദേശമാണ് ഈ പഞ്ചായത്തിന്റേത്. ഇവിടെയുള്ള മിക്കവാറും എല്ലാ കുടുംബങ്ങളിലും 15-20 വരെ കോഴികളെ "അടുക്കള മുറ്റത്തെ കോഴി വളർത്തൽ സമ്പ്രദായം" (Backyard system) വഴി വളർത്താൻ സാധിക്കും. മൃഗസംരക്ഷണ വകുപ്പിൽനിന്നും ഒരു പഞ്ചായത്തിൽ ആയിരം കോഴികളെ വിതരണം ചെയ്യുക എന്ന "മാസീവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം" വഴി 94-95 ൽ 50% സബ്സീഡിയോടെ സങ്കരയിനം കോഴികളെ ഈ പഞ്ചായത്തിൽ വിതരണം നടത്തിയതോടെ നാടൻ കോഴികൾക്കു പുറമെ കൂടുതൽ മുട്ട നൽകുന്ന വൈറ്റ് ലഗോൺ, റോഡോ, വൈറ്റ്, കലിംഗ ബ്രൗൺ, ആസ്ട്രോ വൈറ്റ്, ഗിരിരാജ തുടങ്ങിയ സങ്കരയിനം കോഴികൾ കൂടുതൽ വീടുകളിൽ കാണുന്നുണ്ട്. കോഴിമുട്ടയുടെ ശരാശരി ഉപഭോഗം കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഇവിടെ പതിന്മടങ്ങ് വർദ്ധിച്ചതിനാൽ ഇന്ന് ഈ പഞ്ചായത്തു പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടു ന്ന കോഴിമുട്ട ഇവിടുത്തെ ഉപഭോഗത്തിനുതന്നെ ഒട്ടും മതിയാകുന്നില്ല. നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ലഭ്യത കുറവും, ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുള്ള കോഴി വസന്തരോഗവും ഈ മേഖലയുടെ തളർച്ചയ്ക്ക് കാരണമാകുന്നു. സഹകരണാടിസ്ഥാനത്തിൽ വനിതകൾ നടത്തുന്ന ഒരു ഇറച്ചിക്കോഴി യൂണിറ്റ് കണ്ടനാട് ഭാഗത്തും. വരാപ്പുഴ അതിരൂപതയുടെ സഹായത്തോടെ ആരംഭിച്ചിരിക്കുന്ന ചെറിയ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ഗ്രാമങ്ങളിലെ ചില വീടുകളിലും കാണപ്പെടുന്നു. ഇറച്ചിക്കൊഴിയുടെ യഥാസമയത്തുള്ള വിപണനം ഈ രംഗത്തുള്ള പ്രധാന പ്രശ്നമായി കാണുന്നു. പാടങ്ങളും തോടുകളും ഒട്ടേറെയുള്ള ഈ പ്രദേശ ത്ത് താറാവു വളർത്താൻ അനുയോജ്യമാണ്. ഈ പഞ്ചായത്തു പ്രദേശത്തെ 50% കുടുംബങ്ങളിലും 15-20 താറാവുകളെ വളർത്താൻ സൗകര്യമുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും താറാവിൻ കുഞ്ഞുങ്ങളെ ലഭ്യമാക്കിയാൽ കൂടുതലാളുകൾ ഈ രംഗത്തേക്കു കടന്നു വരും. ഇടയ്ക്കിടെ കാണാറുള്ള താറാവുവസന്ത രോഗം ഈ മേഖലയുടെ തളർച്ചയ്ക്കു കാരണമാകുന്നു. കടമക്കുടി, പിഴല, ചരിയംതുരുത്ത് ഭാഗങ്ങളിൽ കൂടുതലായി താറാവു കൃഷി കാണാം.

കടമക്കുടി പഞ്ചായത്തിൽപ്പെട്ട 9 വാർഡുകളിലായി ഏകദേശം 2700 കുടുംബങ്ങളുണ്ട്. ഇതിൽ 95% കുടുംബങ്ങൾക്കും 15-20 കോഴികളെ വീതം വീടുകളിൽ വളർത്താൻ സൗകര്യമുണ്ട്. ഇപ്രകാരം ഏകദേശം 42000 മുതൽ 57000 വരെ കോഴികളെ ഈ പ്രദേശത്തു വളർത്തി ആദായമെടുക്കാം. അതുപോലെ തന്നെ 50 % കുടുംബങ്ങളിലും 15-20 താറാവിനെ വളർത്താനുള്ള സൗകര്യമുണ്ട്. ഇപ്രകാരം 24000 മുതൽ 32000 വരെ താറാവുകളെ വളർത്തി ആദായമെടുക്കാം. ഓരോ കുടുംബത്തിലെ സ്ത്രീകൾക്കോ. പ്രായമേറെയായവർക്കോ, കുട്ടികൾക്കോ ഏറ്റെടുത്തു നടത്താൻ കഴിയുന്ന ഈ സംരംഭം മൂലം കുടുംബത്തിന്റെ വരുമാനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ കഴിയും. ഈ കാര്യത്തിൽ ജനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശവും, സഹായവും പഞ്ചായത്തു തലത്തിൽ ചെയ്യുകയാണെങ്കിൽ അതു കടമക്കുടി പഞ്ചായത്തിന്റെ തന്നെ മൊത്തം ശ്രേയസ്സിനു വഴി തെളിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. കടമക്കുടി പഞ്ചായത്തിൽ മൃഗാശുപത്രിയുടെ അഭാവം.
2. പാൽ സംഭരണ വിതരണത്തിന്റെ കുറവ്.
3. കാലിത്തീറ്റയുടെ ഗുണമേന്മയില്ലായ്മയും, വില വർദ്ധനവും.
4. കാലികൾക്ക് പച്ചപ്പുല്ലിനുള്ള ദൗർലഭ്യം.
5. കർഷകർക്ക് കാലിവളർത്തലിൽ വേണ്ടത്ര ശാസ്ത്രീയമായ അറിവില്ലായ്മ.
6. കാലികർഷകർക്ക് സർക്കാർ തലത്തിൽ പ്രോത്സാഹനം നല്കണം.
7. നല്ലയിനം പശു, ആട്, പന്നി കുഞ്ഞുങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട്.
8. വരുമാനം കുറഞ്ഞ കർഷകർക്ക് കാലികൾക്കും, തൊഴുത്തിനുമുള്ള സബ്സീഡിയോടു കൂടിയ വായ്പയും, ഇൻഷുറൻസും സുഗമമാക്കുക.
9. ഗോബർഗാസിന്റെ വ്യാപകമായ ഉപയോഗം.
10. അറവുശാലകളുടെ ഇന്നത്തെ ശോച്യാവസ്ഥ.
11. ഇറച്ചിക്കു വേണ്ടിയുള്ള കോഴി, ആട് യൂണിറ്റുകളുടെ പ്രോത്സാഹനവും ഉല്പന്നങ്ങളുടെ വിപണനവും.

12. പശു, ആട്, കോഴി, താറാവ് എന്നിവയെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള ബോധവല്ക്കരണവും, അവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയം നൽകേണ്ട പ്രതിരോധ ചികിത്സയുടെ അഭാവവും.

13. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം.

## പരിഹാരങ്ങളും സാധ്യതകളും

1. മൃഗങ്ങൾക്ക് തക്കസമയത്ത് അടിയന്തിര ചികിത്സ ലഭ്യമാക്കാൻ ഒരു മൃഗാശുപത്രി ടെലഫോൺ സൗകര്യത്തോടെ ഉടനെ ആരംഭിയ്ക്കുക.
2. പാൽ സംരംഭത്തിനും വിതരണത്തിനുമായി സഹകരണാടിസ്ഥാനത്തിൽ മിൽക്ക് സൊസൈറ്റികൾ ഓരോ ഗ്രാമത്തിലും ആരംഭിക്കുക.
3. മെച്ചപ്പെട്ട ഗുണനിലവാരമുള്ള കാലിത്തീറ്റ സർക്കാർ സബ്സീഡിയോടെ മിൽക്ക് സൊസൈറ്റികൾ വഴി കാലികർഷകർക്ക് വിതരണം ചെയ്യുക.
4. കന്നുകാലികൾക്കുള്ള തീറ്റപ്പുൽ കൃഷി ഇടവിളയായി കൃഷി ചെയ്യുന്നതിന് ക്ഷീരോല്പാദക സംഘങ്ങൾ വഴി പുൽവിത്ത് വിതരണം നടത്തുകയും, ബോധവൽക്കരണം വഴി പുൽകൃഷി രീതി വ്യാപിപ്പിക്കുകയും ചെയ്യുക.
5. കാലികർഷകർക്ക് കാലിവളർത്തലിൽ ശാസ്ത്രീയമായ അറിവു നൽകുന്നതിന് മൃഗാശുപത്രി മുഖേന "ഗോരക്ഷാ ക്യാമ്പു"കളും, കന്നുകാലി പ്രദർശനവും ഓരോ ഗ്രാമങ്ങളിലും സംഘടിപ്പിക്കുക.
6. അത്യുല്പാദന ശേഷിയുള്ള പശു, ആട്, പന്നി, കോഴി, താറാവ്, മുയൽ എന്നിവയുടെ കുഞ്ഞുങ്ങളെ പഞ്ചായത്തുതലത്തിൽ ഉല്പാദിപ്പിച്ച് മൃഗാശുപത്രി വഴി പ്രതിരോധ കുത്തിവെയ്പു നടത്തി സബ്സീഡി നിരക്കിൽ വിതരണം ചെയ്യുക.
7. ഗോബർഗ്യാസിന്റെ മേന്മയും ഉപയോഗവും കർഷകരെ ബോധ്യപ്പെടുത്തുക.
8. കന്നുകാലികൾക്കും കോഴി, താറാവുകൾക്കും യഥാസമയം പ്രതിരോധ കുത്തിവെയ്പിനുള്ള സൗകര്യം മൃഗാശുപത്രി വഴി ഏർപ്പെടുത്തുക.
9. വീട്ടുവളപ്പിൽ കോഴി, താറാവ് വളർത്തൽ രീതി വ്യാപകമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
10. ഇറച്ചിയ്ക്കു വേണ്ടിയുള്ള കോഴികളുടേയും ആടിന്റേയും യൂണിറ്റ് ആരംഭിക്കാൻ പ്രോത്സാഹനം നൽകുക.
11. അറവുശാലകൾക്ക് പഞ്ചായത്തു തലത്തിൽ ലൈസൻസിങ്ങ് ഏർപ്പെടുത്തുക.
12. പേ വിഷബാധ നിയന്ത്രിക്കുന്നതിന് പഞ്ചായത്തു തലത്തിൽ നായ്ക്കൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും എല്ലാ നായ്ക്കൾക്കും പേ വിഷത്തിന് പ്രതിരോധ കുത്തിവെയ്പ് യഥാസമയം നല്കിയെന്ന് ഉറപ്പാക്കുകയും ചെയ്യുക.



# 3. വിദ്യാഭ്യാസം

ഇന്ത്യയുടെ മഹത്തായ ദേശീയ ഉണർവിന്റെ കാലഘട്ടം എന്നു വിശേഷിപ്പിക്കപ്പെടുന്ന 1901-1921 കാലയളവിലാണ് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. വിദ്യാലയങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്നത് വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരും, ത്യാഗമനോഭാവമുള്ളവരും, പുരോഗമനേച്ഛുക്കളുമായ ഏതാനും വ്യക്തികളായിരുന്നു. മിഷനറിമാരിൽ നിന്നു ലഭിച്ച പ്രചോദനങ്ങളും സർക്കാരിൽ നിന്നും ലഭിച്ച സഹായങ്ങളും വിദ്യാലയങ്ങളുടെ നിലനില്പിനും വളർച്ചയ്ക്കും കാരണമാവുകയും ചെയ്തു.

1909 ൽ കോതാട് സ്ഥാപിക്കപ്പെട്ട സ്കൂൾ ഓഫ് ജീസസ് ആയിരുന്നു കടമക്കുടി പഞ്ചായത്തിലെ ആദ്യത്തെ പ്രൈമറി വിദ്യാലയം. ഈ സ്കൂൾ 1965 ൽ ലോവർ പ്രൈമറി സ്കൂളായും 1982 ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1911 ൽ മൂലംപള്ളിയിൽ സെന്റ് ജോസഫ് എൽ.പി.എസും, 1920 ൽ ചേന്നൂരിൽ ഏയ്ഞ്ചൽ മേരീസ് മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂളും പിഴലയിൽ സെന്റ് ഫ്രാൻസിസ് എൽ.പി.എസും. സ്ഥാപിക്കപ്പെട്ടു. ഇതിൽ പിഴല സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. 1962 ൽ അപ്പർ പ്രൈമറി സ്കൂളായി വികസിച്ചു. ഈ നാല് എയ്ഡഡ് സ്കൂളുകൾ കൂടാതെ ഒരു ഗവ. സ്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് കടമക്കുടിയിൽ സ്ഥാപിക്കപ്പെട്ട ഗവ. എൽ.പി.എസ്. പിന്നീട് യു.പി. സ്കൂളായും, ഹൈസ്കൂളായും മാറി.1983 ൽ ഈ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും ആരംഭിച്ചു.

ഇവിടെ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ട കാലത്ത് അദ്ധ്യാപകരാകാൻ യോഗ്യതയുള്ളയാളുകൾ ഈ പഞ്ചായത്തിൽ വളരെ ചുരുക്കമായിരുന്നു. അദ്ധ്യാപകർക്ക് ആദ്യകാലങ്ങളിൽ ശമ്പളം നല്കിയിരുന്നത് ജനങ്ങളുടെ സംഭാവനകൾ ശേഖരിച്ചായിരുന്നു. വിദ്യാഭ്യാസം ഒരു അവശ്യഘടകമെന്ന ബോധം ഭൂരിപക്ഷത്തിനും ഇല്ലാതിരുന്നതിനാൽ വളരെ കുറച്ചുപേർ മാത്രമേ സ്കൂളുകളിൽ ചേർന്നിരുന്നുള്ളു. ഇതിൽ തന്നെ വളരെ ചുരുങ്ങിയ ശതമാനം പേർ മാത്രമാണ് വിദ്യാഭ്യാസം ഒരുവിധം പൂർത്തിയാക്കിയത്.

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗങ്ങൾ ലഭിച്ചവരുടെ എണ്ണം വിരളമാണെങ്കിലും സാമൂഹിക-സാമ്പത്തിക മേഖലകളിൽ കാര്യമായ വ്യതിയാനം വരുത്തുവാൻ വിദ്യാലയങ്ങൾക്ക് കഴിഞ്ഞു. ശരാശരി കുടുംബ വലിപ്പം (Family size) 14 ആയിരുന്നത് 5.06 ആയി ചുരുങ്ങിയതും സാക്ഷരതാ നിരക്ക് 97% ആയി വർദ്ധിച്ചതും, (സ്ത്രീ പുരുഷ അനുപാതത്തിൽ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചതും) ശീലങ്ങളിലും ആചാരങ്ങളിലും വന്ന മാറ്റങ്ങളും വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ വരുത്തിയ പരിവർത്തനത്തിന്റെ പ്രതിഫലനങ്ങളാണ്.

## അനൗപചാരിക വിദ്യാഭ്യാസം, ഗ്രന്ഥശാലകൾ

മൂലംപള്ളി, പിഴല, കടമക്കുടി, ചേന്നൂർ, കോതാട് എന്നിവിടങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന വായനശാലകൾ ആദ്യകാലങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി വർത്തിച്ചിരുന്നു. കാലിക പ്രാധാന്യമുള്ള വിഷയാടിസ്ഥാനത്തിലുള്ള ചർച്ചകൾക്കും, നാടിനെ പരിവർത്തനത്തിലേക്ക് നയിച്ച പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടുന്നതിനുള്ള യുവജന സംഗമവേദികളായിരുന്നു ഈ വായനശാലകൾ. ഇതിൽ പിഴല ഗ്രന്ഥശാല പഞ്ചായത്ത് ഗ്രന്ഥശാലയായും മറ്റുള്ളവ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗ ഗ്രന്ഥശാലകളായും പ്രവർത്തിക്കുന്നു.

# സാക്ഷരതാ പ്രവർത്തനങ്ങൾ

### വിദ്യാഭ്യാസ നിലവാരം

ഇപ്പോൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം പൊതുവേ താഴ്ന്നതാണ്. ശതമാനനിരക്കിലുള്ള വിദ്യാഭ്യാസ നിലവാരം താഴെ സൂചിപ്പിക്കുന്നു.

| നമ്പർ | വിദ്യാഭ്യാസ നിലവാരം | ശതമാനം |
|---|---|---|
| 1 | നിരക്ഷരർ | 4.5 |
| 2 | പ്രൈമറി വിദ്യാഭ്യാസം | 37.5 |
| 3 | ഹൈസ്കൂൾ വിദ്യാഭ്യാസം | 38 |
| 4 | കോളേജ് വിദ്യാഭ്യാസം | 10.5 |
| 5 | സാങ്കേതിക വിദ്യാഭ്യാസം | 4.5 |
| 6 | മറ്റുള്ളവ | 5 |

ഏകദേശം മുഴുവൻ കുട്ടികളും ഒന്നാം ക്ലാസ്സിൽ ചേർക്കപ്പെടുന്നുവെങ്കിലും ഹൈസ്കൂളിൽ എത്തുന്നത് 60 ശതമാനത്തോളം പേർ മാത്രമാണ്. അതിൽ കോളേജ് വിദ്യാഭ്യാസത്തിനും മറ്റ് ഉന്നത വിദ്യാഭ്യാസത്തിനും ഏർപ്പെടുന്നവരുടെ എണ്ണം 20 ശതമാനമായി ചുരുങ്ങുന്നു. ഈ ഇരുപത് ശതമാനത്തിൽ ചെറിയൊരു വിഭാഗം മാത്രമാണ് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കുന്നതും അതുവഴി ഉദ്യോഗം സമ്പാദിക്കുന്നതും. ഇടയ്ക്കു വച്ച് വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകപ്പെടുന്നവർക്ക് തങ്ങൾ നേടിയ സർട്ടിഫിക്കറ്റ് മുഖേന ജോലി സമ്പാദിക്കുന്നതിന് സാധിക്കുന്നില്ല.

പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കി കെട്ടിട നിർമ്മാണ മേഖലയിലേക്കും മറ്റു കൂലിവേലകളിലേക്കും ഇറങ്ങേണ്ടിവന്നവർ ഈ പഞ്ചായത്തിൽ നിരവധിയാണ്. ബിരുദ സർട്ടിഫിക്കറ്റുകൾക്കുപോലും തൊഴിൽ വിപണിയിൽ വിലയില്ലാതായിതീർന്നിട്ടുള്ള ഈ കാലഘട്ടത്തിൽ പരമ്പരാഗതവും വന്ധ്യവുമായ പാഠ്യപദ്ധതികൾക്കു പകരം ഫലപ്രദവും തൊഴിൽ ആഭിമുഖ്യമുള്ളതുമായ പുതിയ വിദ്യാഭ്യാസ രീതി വളർത്തിയെടുക്കേണ്ടതാണ്. ഓരോ പഞ്ചായത്തുകളുടേയും പ്രത്യേകതകൾക്കനുസൃതമായി ജീവിതോപാധി കണ്ടെത്തുന്നതിനുതകുന്ന തൊഴിലധിഷ്ഠിതവും, ഗുണകരവുമായ പുതിയ കോഴ്സുകൾ ആരംഭിക്കണം.

## വിദ്യാർത്ഥികളുടെ എണ്ണം

അഞ്ച് സ്കൂളുകളിലായി 1717 വിദ്യാർത്ഥികളുണ്ട്. ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിൽ യഥാക്രമം 425, 515, 777 വിദ്യാർത്ഥികളും നേഴ്സറികളിലായി 176 കുട്ടികളും പഠനം നടത്തുന്നു. ആൺകുട്ടികൾ 902 ഉം പെൺകുട്ടികൾ 815 ഉം ആണ്. വിദ്യാർത്ഥികളുടെ എണ്ണം താഴെ സൂചിപ്പിക്കുന്നു.

| സ്കൂളുകൾ | വിദ്യാർത്ഥികൾ | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| H.S | 228 | 197 | 425 |
| U.P.S | 264 | 251 | 515 |
| L.P.S | 410 | 367 | 777 |
| ആകെ | 902 | 815 | 1717 |

5 സ്കൂളുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും 450 ൽ പരം കുട്ടികൾ ഈ പഞ്ചായത്തിൽ നിന്നും വരാപ്പുഴ സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിലും വരാപ്പുഴ ഹോളി ഇൻഫന്റ്സ് ബോയ്സ് ഹൈസ്കൂളിലുമായി പഠിക്കുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളിൽ നാല്പതോളം വിദ്യാർത്ഥികൾ ഈ പ്രദേശത്തു നിന്നും ചേർന്നിട്ടുണ്ട്.

ഇവിടുത്തെ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യവും അക്കാദമിക് സൗകര്യവും മെച്ചപ്പെടുത്തി, ആകർഷകവും, ആധുനികവുമായ ബോധന രീതികൾ അവലംബിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഇവിടെതന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന സ്ഥിതിയുണ്ടാക്കാൻ കഴിയും.

## അദ്ധ്യാപകർ

68 അദ്ധ്യാപകർ ഈ പഞ്ചായത്തിലെ 5 സ്കൂളുകളിലായി സേവനം അനുഷ്ഠിക്കുന്നു. ഹൈസ്കൂളിൽ 22 ഉം അപ്പർ പ്രൈമറിയിൽ 19 ഉം ലോവർ പ്രൈമറിയിൽ 27 ഉം അദ്ധ്യാപകരുണ്ട്.

68 അദ്ധ്യാപകരിൽ 57 ഉം സ്ത്രീകളാണ്. യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത അദ്ധ്യാപകർക്ക് വളരെയേറെ ക്ലേശങ്ങൾ ഉണ്ടാക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങളുടെ നടത്തിപ്പിന് പുരുഷ അദ്ധ്യാപകരുടെ കുറവ് തടസ്സമാകുന്നതായും കാണപ്പെടുന്നു.

## അക്കാദമിക് നിലവാരം

1717 കുട്ടികളിൽ 219 പേർ 30% ൽ താഴെ മാർക്കു നേടുന്നവരും 290 പേർ 30-40% മാർക്കു നേടുന്നവരും 281 പേർ 40-50% നേടുന്നവരും 202 പേർ 50-60% മാർക്ക് നേടുന്നവരുമാണ്. 60% മേൽ മാർക്കു നേടുന്നവരുടെ എണ്ണം 364 മാത്രമാണ്. ( ഈ വിലയിരുത്തലിൽ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും ഉൾപ്പെടുത്തിയിട്ടില്ല.) S.S.L.C. വിജയ ശതമാനത്തിൽ ഏറ്റവും കുറഞ്ഞത് 54% വും കൂടിയത് 67% ആണ്. ഇതിൽ സർക്കാർ ഹൈസ്കൂളിന്റേയും കോതാട് ഹൈസ്കൂൾ ഓഫ് ജീസസിന്റേ (എയ്ഡഡ്) യും S.S.L.C. വിജയശതമാനത്തിലെ അന്തരം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

രണ്ടു സ്കൂളുകളിലേയും വിജയശതമാനം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വിജയശതമാനം | | | | |
|---|---|---|---|---|---|
| | 91-92 | 92-93 | 93-94 | 94-95 | 95-96 |
| Govt. H.S kadamakkudy | 51% | 48% | 57% | 43.5% | 44.1% |
| HS of Jesus Kothad | 89% | 75% | 79 % | 78% | 77% |

പഠനത്തിൽ പിന്നോക്കം പോകുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേക ക്ലാസ്സുകൾ കൂടുതലായി ഏർപ്പെടുത്തിയും മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനവും പരിശീലനവും നല്കിയും അക്കാദമിക് നിലവാരം മെച്ചപ്പെടുത്താവുന്നതാണ്. ഇതിനായി പരിസരങ്ങളിൽ തന്നെയുള്ള വിദ്യാഭ്യാസം നേടിയ വ്യക്തികളുടെ സേവനം ഉപയോഗിക്കുന്നതുൾപ്പെടെയുള്ള വിശദമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

## ഭൗതീക സൗകര്യങ്ങളിൽ

ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പാഠ്യ വിഷയങ്ങളിലേയും പാഠ്യേതര വിഷയങ്ങളിലേയും വിദ്യാർത്ഥികളുടെ മികവിനേയും ഒരുപോലെ ബാധിക്കുന്നു. പഠനം അരോചകമായി തോന്നാൻ ഒരു കാരണമാണ് ഭൗതിക സൗകര്യങ്ങളിലെ കുറവ്. കടമക്കുടി പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇപ്പോഴുള്ളതും ഇനി ആവശ്യമുള്ളതുമായ സൗകര്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | ക്ലാസ്മുറികളുടെ എണ്ണം | | കക്കൂസ്/മൂത്രപ്പുര | | ഫർണീച്ചറുകൾ | | ഓഫീസ് ഉപകരണങ്ങൾ | | ഇനി വേണ്ടുന്ന മറ്റു സൗകര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | ഇപ്പോൾ ഉള്ളത് | ഇനി വേണ്ടത് | ഇപ്പോൾ ഉള്ളത് | ഇനി വേണ്ടത് | ഇപ്പോൾ ഉള്ളത് | ഇനി വേണ്ടത് | ഇപ്പോൾ ഉള്ളത് | ഇനി വേണ്ടത് | |
| ഗവ. സ്കൂൾ കടമക്കുടി | 13 | 5 | 3+4 | 2+1 | ആവശ്യത്തിനില്ല | ഡസ്ക്50 ബഞ്ച്50 മേശ10 കസേര10 | ആവശ്യത്തിനില്ല | റാക്ക് 5 അലമാര 2 | കുടി വെള്ളം സ്റ്റേജ്, ഗേറ്റ്,കെട്ടിടം അറ്റകുറ്റപ്പണി, ഫർണീച്ചർ റിപ്പയർ എന്നിവ നടത്തണം. |
| എച്ച്.എസ്.ഓഫ് ജീസസ് കോതാട് | 21 | – | 2+2 | 2+1 | ആവശ്യത്തിനില്ല | ഡസ്ക്25 ബഞ്ച്25 മേശ10 കസേര10 | – | 10 | കളി സ്ഥലത്തിന് ചുറ്റുമതിൽ, പ്രധാന കെട്ടിടം പുതുക്കണം, ഫർണീച്ചർ റിപ്പയർ നടത്തണം. |
| എ.എം.എം. എൽ.പി.എസ് ചേന്നൂർ | 2 | – | 1 | 1+1 | മതിയാകും | മേശ 4 കസേര4 | – | അലമാര2 | ചുറ്റു മതിൽ, ഫ്ളോറിംഗ് പാചക മുറി |
| സെന്റ് ഫ്രാൻസിസ് യു.പി.എസ്. പിഴല | 20 | – | 3+1 | 1+1 | ആവശ്യത്തിനില്ല | ഡസ്ക്16 ബഞ്ച്16 മേശ 4 കസേര4 | – | | ചുറ്റു മതിൽ കുടി വെള്ളം |
| സെന്റ് ജോസഫ്സ് എൽ.പി.എസ്. മൂലംപിള്ളി | 4 | – | 1 | 1+1 | – | ഡസ്ക് 4 ബഞ്ച് 4 മേശ 4 കസേര 4 | – | – | – |

## അക്കാദമിക് സൗകര്യങ്ങൾ

ക്ലാസ് റൂം സൗകര്യങ്ങളും ലാബ്-ലൈബ്രറി സൗകര്യങ്ങളും ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാദമിക് സൗകര്യം ടേബിളിൽ കാണും വിധമാണ്.

**9.4 അക്കാദമിക് സൗകര്യങ്ങൾ**

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് റൂം പി.ടി.എ. കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഗവ. സ്കൂൾ കടമക്കുടി | ഉണ്ട് പ്രവർത്തിക്കുന്നു. | ഉണ്ട് പ്രവർത്തിക്കുന്നു. | വേണ്ടത്ര ഇല്ല | 193 | ഇല്ല | 10 | ഉണ്ട് | പ്രവർത്തിക്കുന്നു |
| HS Jesus കോതാട് | ഉണ്ട് പ്രവർത്തിക്കുന്നു. | ഉണ്ട് പ്രവർത്തനം ഇല്ല | വേണ്ടത്ര ഇല്ല | 193 | ഇല്ല | 9 | സജീവം | പ്രവർത്തിക്കുന്നു |
| St. Francis UPS പിഴല | ഉണ്ട് പ്രവർത്തിക്കുന്നു. | സയൻസ് കോർണർ പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | 192 | ഇല്ല | 10 | സജീവം | പ്രവർത്തിക്കുന്നു |
| A.M.M.L. PS ചേന്നൂർ | ഇല്ല | ഇല്ല | ഉണ്ട് | 197 | ഇല്ല | 9 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| St. Joseph's L.P.S. മൂലംപിള്ളി | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 195 | ഇല്ല | 9 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |

## പാഠ്യേതര പ്രവർത്തനങ്ങൾ

കലാവാസനകളുള്ള നിരവധി കുട്ടികൾ ഉണ്ടെങ്കിലും ജില്ലാതലത്തിൽ പോലും ആരും സമ്മാനാർഹരായിട്ടില്ല. ആവശ്യമായ പ്രോത്സാഹനങ്ങളും സാഹചര്യങ്ങളും ഒരുക്കി കൊടുത്താൽ കലാകായിക രംഗത്ത് മികച്ച പ്രതിഭകളെ ഈ പഞ്ചായത്തിൽ നിന്നും വളർത്തിയെടുക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. ആവശ്യത്തിന് നഴ്സറികളില്ല. ഉള്ള നഴ്സറികളിൽ മതിയായ സൗകര്യങ്ങളുമില്ല.
2. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടേയും അക്കാദമിക് സൗകര്യങ്ങളുടേയും കുറവ്.
3. ഗവൺമെന്റ് സ്കൂളിലെ S.S.L.C. വിജയശതമാനം എയ്ഡഡ് സ്കൂളിനെ അപേക്ഷിച്ച് വളരെ താഴ്ന്നതാണ്.
4. കടമക്കുടി പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മറ്റു സ്കൂളുകളിലേയ്ക്ക് പോകേണ്ടിവരുന്നു.
5. V.H.S.E. യിൽ സ്ഥിരമായി അദ്ധ്യാപകരില്ലാത്തത് കോഴ്സിന്റെ നിലവാരത്തെ ബാധിക്കുന്നു.
6. സ്കൂളുകളിൽ എത്തിച്ചേരുന്നതിനുള്ള യാത്രാ ക്ലേശം.
7. സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
8. അദ്ധ്യാപകരിൽ സിംഹഭാഗവും വനിതകളായത് പാഠ്യേതര പ്രവർത്തന ങ്ങളെ ബാധിക്കുന്നു.
9. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും ഈ പഞ്ചായത്തിലില്ല.
10. ഉന്നത വിദ്യാഭ്യാസം നേടുകയും അതുവഴി ഉദ്യോഗം സമ്പാദിക്കുകയും ചെയ്യുന്നവരുടെ എണ്ണത്തിലെ കുറവ്
11. ഗ്രന്ഥശാല പ്രവർത്തനം തൃപ്തികരമല്ല.

## ഗ്രാമസഭകളിൽ നിന്നുണ്ടായ നിർദ്ദേശങ്ങൾ

1. കടമക്കുടി, പാല്യംതുരുത്ത്, മൂലംപിള്ളി, കോതാട്, കാരിക്കാട്ട് തുരുത്ത് പ്രദേശങ്ങളിൽ സർക്കാർ അംഗീകൃത നഴ്സറി സ്കൂളുകൾ ആരംഭിക്കുക.
2. നിലവിലുള്ള നഴ്സറി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അത്യാവശ്യം വേണ്ടുന്നതും ആധുനികവുമായ പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. ഉയർന്ന മാർക്കു നേടുന്ന വിദ്യാർത്ഥികൾക്ക് വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും സ്കോളർഷിപ്പുകളും സമ്മാനങ്ങളും നല്കുക.
4. നിർദ്ധനരായ വിദ്യാർത്ഥികൾക്കു സാമ്പത്തിക സഹായം നല്കുകയും പഠനം നിർത്തിപോകാൻ നിർബന്ധിതരാകുന്ന കുട്ടികളെ പഠനത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. ഗവ. സ്കൂളുകളിൽ പരിസരവാസികളായ വിദ്യാസമ്പന്നരുടെ സേവനം ഉപയോഗപ്പെടുത്തി സ്പെഷ്യൽ ക്ലാസ്സുകൾ ഏർപ്പാടാക്കുക.
6. അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ നല്കുക.
7. അദ്ധ്യാപക നിയമത്തിൽ തദ്ദേശ വാസികൾക്ക് മുൻഗണന നല്കുക
8. സ്കൂളുകളിൽ പുരുഷന്മാരായ അദ്ധ്യാപകർ 25% എങ്കിലും ഉണ്ടാവണം.
9. സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ആവശ്യമായ യാത്രാ സൗകര്യം ഏർപ്പെടുത്തുക.
10. കോതാട് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുക.
11. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
12. സ്കൂളുകളിൽ സ്കൗട്ട്സ്, ഗൈഡ്സ്, എൻ.സി.സി. ഇവയുടെ പ്രവർത്തനം നിർബന്ധമാക്കുക.
13. വി.എച്ച്.എസ്.ഇ. യിൽ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കുകയും, കോഴ്സ് പാസ്സാകുന്നവർക്ക് ഉപരിപഠന സാദ്ധ്യതയും തൊഴിൽ സാദ്ധ്യതയും ഉറപ്പുവരുത്തുകയും ചെയ്യുക.
14. കടമക്കുടി ഗവ. സ്കൂളിൽ ഓപ്പൺ എയർ സ്റ്റേജ് നിർമ്മിക്കുക.
15. ചേന്നൂർ സ്കൂളിനെ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുക.
16. ഗ്രന്ഥശാലകളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് മുഖേന സഹായം നൽകുക.

17. സ്കൂളുകൾക്ക് മെയിന്റനൻസ്, ഫർണീച്ചർ റിപ്പയറിംഗ് തുടങ്ങിയവയ്ക്കുള്ള ഗ്രാന്റുകൾ പഞ്ചായത്തിൽ നിന്നും നല്കുക.

18. ഓരോ സ്കൂളുകളിലേയും അദ്ധ്യാപക രക്ഷാകർത്യ സമിതിയുടെ പ്രവർത്തനം സജീവമാക്കുക.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏകോപനവും സഹായവും നല്കുന്നതിനായി ഓരോ സ്കൂളുകളിലേയും പി.ടി.എ. ഭാരവാഹികൾ, അദ്ധ്യാപക പ്രതിനിധികൾ, വിദ്യാഭ്യാസരംഗത്തെ മറ്റു പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന പഞ്ചായത്തുതല വിദ്യാഭ്യാസ കാര്യസമിതി രൂപീകരിക്കുക.

## സാക്ഷരത

കടമക്കുടി ഗ്രാമപഞ്ചായത്തിൽ 1989 മുതൽ സാക്ഷരതാ പ്രവർത്തനം ഏറ്റവും ശക്തമായ രീതിയിൽ നടന്നിട്ടുള്ളതും, ഇന്നും എറണാകുളം ജില്ലയ്ക്ക് തന്നെ ഉത്തമ മാതൃകയായി പ്രവർത്തനം തുടരുന്നതുമായ ഏക പഞ്ചായത്തും കടമക്കുടി ഗ്രാമ പഞ്ചായത്താണ്. നിസ്വാർത്ഥരായ അമ്പതിൽപരം സന്നദ്ധ പ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനം ഒന്നു കൊണ്ടു മാത്രമാണ് ഈ സംരംഭത്തിന്റെ വിജയത്തിന് കാരണമായിതീർന്നത്. സാക്ഷരതയുടെ ആദ്യഘട്ടത്തിൽ ഓരോ വാർഡിൽ നിന്നും സർവ്വേയിലൂടെ ലഭിച്ച നിരക്ഷരരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു..

| | |
|---|---|
| ഒന്നാം വാർഡ് | 61 |
| രണ്ടാം വാർഡ് | 72 |
| മൂന്നാം വാർഡ് | 131 |
| നാലാം വാർഡ് | 76 |
| അഞ്ചാം വാർഡ് | 120 |
| ആറാം വാർഡ് | 137 |
| ഏഴാം വാർഡ് | 81 |
| എട്ടാം വാർഡ് | 178 |
| | 856 |

എന്നാൽ ന്യായമായ കാരണങ്ങളാൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവരുടെ എണ്ണം 263 പഞ്ചായത്തിലെ 593 പേരെ സാക്ഷരാക്കേണ്ട ഭാരിച്ച ചുമതലയായിരുന്നു. പഞ്ചായത്ത് തല സാക്ഷരതാ സമിതിക്കുണ്ടായിരുന്നത്. ഓരോ വാർഡിലും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന വിധത്തിൽ പഠന ക്ലാസ്സുകൾ സംഘടിപ്പിച്ച് മേൽപ്പറഞ്ഞ നിരക്ഷരരെ സാക്ഷരരാക്കി ഇതിനായി അക്കാലത്ത് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ അകമഴിഞ്ഞ സഹകരണം നല്കി എന്നത് എടുത്തു പറയാവുന്നതാണ്.

വിവിധ വാർഡുകളിലെ നിരക്ഷരർക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാൻ സൗജന്യ മെഡിക്കൽ ക്യാമ്പ്, വിനോദ യാത്രകൾ, നിയമ സാക്ഷരതാ ക്യാമ്പുകൾ എന്നിവ നടത്തി അവരെ സാമൂഹ്യ രംഗത്ത് പ്രവർത്തന പഥത്തിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചു. 1990 ൽ നമ്മുടെ പഞ്ചായത്തിൽ തന്നെ സമ്പൂർണ്ണ സാക്ഷരതയിലേയ്ക്ക് എത്തിക്കുവാൻ (90 ശതമാനത്തിലേറെ) സാധിച്ചുവെന്നതു പ്രശംസാർഹമാണ്. പിന്നീടങ്ങോട്ട് രണ്ടാംഘട്ടവും, തുടർവിദ്യാഭ്യാസ പ്രവർത്തനവും ശക്തമായി തന്നെ നടന്ന ഏക പഞ്ചായത്ത് കടമക്കുടി ഗ്രാമ പഞ്ചായത്ത് മാത്രമാണ്. ഇപ്പോൾ പഞ്ചാ യത്തിലെ വിവിധ വാർഡുകളിലായി സാക്ഷരതാ പ്രവർത്തനത്തിന് നേതൃത്വം വഹിക്കുവാൻ എട്ട് അക്ഷര സംഘങ്ങൾ പ്രവർത്തിക്കുന്നു. ജനവിദ്യാകേന്ദ്രം, ഇവയ്ക്കെല്ലാം നിർദ്ദേശങ്ങളും പ്രോഗ്രാമുകളും തയ്യാറാക്കുകയും ചെയ്യുന്നു.

# 4 സഹകരണ മേഖല

കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന സഹകരണ പ്രസ്ഥാനങ്ങൾ, ഇന്ന് വലിയൊരു ജനാധിപത്യ പ്രസ്ഥാനമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ജീവനാഡി ആയി പ്രവർത്തിക്കേണ്ടത് ഓരോരുത്തരും എല്ലാവർക്കും, എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും എന്ന പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയാണ്. 1960 കളുടെ തുടക്കം മുതലാണ് ഗ്രാമീണ മേഖലയിൽ ദേശവ്യാപകമായി സഹകരണ പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാര്യമായി തുടക്കം കുറിച്ചത്. തുറന്ന അംഗത്വം, ജനകീയ നിയന്ത്രണം, ഓഹരിയിൻമേൽ ക്ലിപ്തമായ ലാഭവാഭയനം, നീതിനിഷ്ഠമായ ലാഭവിഭജനം, കമ്പോള നിലവാരത്തിന്റെ രൊക്കവിൽപ്പന, മതപരവും രാഷ്ട്രീയപരവുമായ നിഷ്പക്ഷത, സഹകരണ വിദ്യാഭ്യാസം എന്നീ അടിസ്ഥാന സഹകരണ തത്വങ്ങളുടെ അടിത്തറയിൽ മിതത്വം, സ്വയം പര്യാപ്തതാ ബോധം, പരസ്പര സേവന ബുദ്ധി എന്നീ ഗുണങ്ങളുടെ പ്രോൽസാഹനവും അതു വഴി ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളുടെ ആവിഷ്കാരവുമായിരുന്നു. സഹകരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവം കൊണ്ടുണ്ടായത്. ഗ്രാമീണ മേഖലയിൽ ഒഴിച്ചുകൂടാനാവാത്ത പ്രസ്ഥാനമായി വിവിധ മേഖലകളിൽ അത് വളർന്നു കഴിഞ്ഞു. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രസക്തിയെപ്പറ്റി കാര്യമായ വിചാരമില്ലാതിരുന്ന കാലഘട്ടത്തിലാണ് കടമക്കുടി പഞ്ചായത്തിൽ ആദ്യത്തെ സഹകരണസംഘം കോരാമ്പാടത്തു രൂപീ കൃതമായത്. കൊല്ലവർഷം 1105 (1929) മകരമാസം 20-ാം തീയതി ഇന്നത്തെ 7, 8, 9 എന്നീ വാർഡുകളാണ് പ്രവർത്തന മേഖലയായി തുടക്കം കുറിച്ചത്. ഇതിനു ശേഷം പഞ്ചായത്തിലെ എല്ലാ വാർഡുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനമേഖല വിപുലപ്പെടുത്തിയത്. നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് കാര്യമായ വേരോട്ടമുണ്ടായിരുന്നില്ലെന്ന് വേണമെങ്കിൽ പറയാം. പഞ്ചായത്തിൽ മറ്റൊരു സഹകരണസംഘം ഉള്ളത് എസ്.സി./എസ്.ടി സഹകരണ സംഘം ആണ്. 1978 ലാണ് ഇതിന്റെ പ്രവർത്തനമാരംഭിച്ചത്. ഈ രണ്ട് സഹകരണ സംഘത്തിലായി ആകെ 5985+585 അംഗങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘത്തിന്റെ ഓഹരി മൂലധനം 12 ലക്ഷം രൂപയാണ്. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 5,61,319 രൂപയും സർക്കാർ ഓഹരി 50000+41,700 രൂപയുമാണ്. ടി സംഘത്തിന് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുക്കാവുന്ന തുക 7720700 രൂപയുമാണ്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ചിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ 41,58376 രൂപയും ഹ്രസ്വകാല നിക്ഷേപമായി 7,28,256 + 93,000 രൂപയുമാണ്. ആകെ വായ്പ വിവിധ ഇനങ്ങളിൽ 45,21,779 രൂപയുമാണ്. ഇതിൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 8,16,990 രൂപയുമാണ് സംഘം വായ്പയായി എടുത്തിട്ടുള്ളത്. കൊടുത്ത വിവിധയിനം വായ്പയിൽ കാലാവധി കഴിഞ്ഞിട്ടും പിരിഞ്ഞു കിട്ടാനുള്ളത് 5 ,49,470 രൂപയുമാണ്. കൊടുക്കുന്ന വായ്പയുടെ യഥാർത്ഥ വിനിയോഗം നടക്കുന്നുണ്ടോ എന്ന പരിശോധനയുടെ അഭാവം ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ടു തന്നെ കാലാവധി കഴിഞ്ഞിട്ടും തിരിച്ചു കിട്ടാനുള്ള വായ്പ സംഖ്യയുടെ തോത് വർദ്ധിക്കുന്നു. കാര്യക്ഷമമായ സഹകരണ സമ്പർക്ക പരിപാടിയുടെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഉല്പാ ദനം, വിപണനം, വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് ഈ പ്രസ്ഥാനം ശക്തമായി കടന്നു ചെല്ലേണ്ട തുണ്ട് നിലവിൽ കാര്യമായ നേട്ടങ്ങ ളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ശക്തമാക്കാൻ ഊർജ്ജസ്വലമായ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. അതിന് യഥാർത്ഥ ജനാധിപത്യ പ്രസ്ഥാനമായി ഈ മേഖല മാറണം. ഈ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ കൂടുതൽ കൂടുതൽ മുന്നേറേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ജനങ്ങൾ ഒത്തൊരുമയോടെ ശക്തമായ പ്രവർത്തനം കാഴ്ചവെയ്ക്കണം.

## പ്രശ്നങ്ങൾ

1. പുതിയ മേഖലകളിലേക്ക് കടക്കുന്നതിനുള്ള സന്നദ്ധതയില്ലായ്മ.
2. ഡിപ്പാർട്ട്മെന്റൽ മേധാവിത്വം.
3. വായ്പയ്ക്കുള്ള പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും ഒഴിവു വയ്ക്കുമ്പോഴുമുള്ള കൂടിയ രജിസ്ട്രേഷൻ ഫീസ്.
4. കൃത്യമായ വായ്പാ തിരിച്ചടവ് ഇല്ലാത്തത്.
5. സഹകരണ നിക്ഷേപങ്ങൾക്ക് മതിയായ ഇൻഷുറൻസ് സൗകര്യമില്ലായ്മ.

## സാദ്ധ്യതകൾ

1. ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ജനപങ്കാളിത്തത്തോടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ, പഞ്ചായത്ത് മുൻകയ്യെടുക്കുക.
2. ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക വായ്പാ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.
3. വാങ്ങിയ വായ്പ ആവശ്യത്തിനു തന്നെ വിനിയോഗിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുക.
4. നെൽകൃഷിയ്ക്ക് ഗ്രൂപ്പ് ഫാമിങ്ങ് സംഘം രൂപീകരിക്കുക.
5. വനിതാ സഹകരണ സംഘം രൂപീകരിക്കുക.
6. വനിതാ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.
7. ക്ഷീരോൽപ്പാദക സഹകരണസംഘം
8. നിർമ്മാണ തൊഴിലാളി സഹകരണസംഘം
9. സഹകരണാടിസ്ഥാനത്തിൽ മത്സ്യവിപണന ശാല തയ്യാറാക്കേണ്ടതും ഗതാഗത യോഗ്യമായ സ്ഥലത്തുതന്നെ അവ സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കുക.
10. ഓഡിറ്റ് സമ്പ്രദായം പരിഷ്കരിക്കുക.
11. കാർഷിക സ്വയം തൊഴിൽ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക.
12. എല്ലാ വായ്പാ തുകയും വർദ്ധിപ്പിക്കുക.
13. വായ്പ കാലതാമസം കൂടാതെ ലഭ്യമാക്കുക.
14. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
15. പൊതുവിതരണ സഹകരണ സ്റ്റോർ (ബോട്ടു മാർഗ്ഗം) ആരംഭിക്കുക.

# 5. കുടിവെള്ളവും പൊതുജന ആരോഗ്യവും

## 1.കുടിവെള്ളം

കുടിവെള്ളക്ഷാമം ഏറെ അനുഭവിക്കുന്ന ഒരു പ്രദേശമാണ് കടമക്കുടി പഞ്ചായത്ത്. പരമ്പരാഗത രീതിയിലുള്ള ശുദ്ധജല ശ്രോതസ്സുകൾ വളരെ ചുരുക്കമാണ്. ഉപ്പുരസമുള്ളതുകൊണ്ട് കുളങ്ങളിലേയും കിണറുകളിലേയും വെള്ളം ഉപയോഗശൂന്യമാണ്. 1973 വരെ കടമക്കുടിയിലെ ജനങ്ങൾ ജലവുമായി ബന്ധപ്പെട്ട പലവിധ രോഗങ്ങൾ കൊണ്ട് വിഷമിക്കുന്നവരായിരുന്നു. 1972-73 കാലഘട്ടത്തിൽ ശുദ്ധജലവിതരണ സംവിധാനം പഞ്ചായത്തിൽ നിലവിൽ വന്നതോടെ ആരോഗ്യരംഗത്ത് ഗണ്യമായ പുരോഗതി കണ്ടുതുടങ്ങി. പച്ചാളത്തുനിന്നും ആരംഭിക്കുന്ന കടമക്കുടി ജലവിതരണ പൈപ്പിൽ നിന്നും ഉപലൈനുകൾ വലിച്ച് മറ്റു സ്ഥലങ്ങളിലേക്ക് വെള്ളം ചോർത്തിയതോടെ കടമക്കുടിയുടെ തൊണ്ട വരണ്ടു തുടങ്ങി. കഴിഞ്ഞ അഞ്ചു വർഷമായി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്നു. ഒരു ഓഗുമെന്റേഷൻ സ്കീം വഴി പഴയ നില പുനസ്ഥാപിക്കുന്ന ശ്രമത്തിലാണ് പഞ്ചായത്ത് ഭരണസമിതി. ഫീഡർ ലൈനിന്റെ പണികൾ ഏതാണ്ട് തീർന്നെങ്കിലും എടുത്തു പറയത്തക്ക പ്രയോജനം കണ്ടുതുടങ്ങിയിട്ടില്ല.

ശുദ്ധജലം ലഭ്യമല്ലാതായതോടെ പഞ്ചായത്തിൽ നിന്നും ഉൻമൂലനം ചെയ്തിരുന്ന പല രോഗങ്ങൾക്കും വീണ്ടും ജനങ്ങൾ അടിമകളായിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് നിലവിലുള്ള ഭരണസമിതി. കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതി സർക്കാരിനു സമർപ്പിച്ചിരുന്ന കടമക്കുടി ഓഗുമെന്റേഷൻ സ്കീമിന്റെ പണികൾ ആരംഭിക്കുന്നതിന് വേണ്ടി ഇവർ നടത്തിയ ശ്രമകരമായ അദ്ധ്വാനത്തിന്റെ ഫലമെന്നോണം ഇപ്പോൾ കടമക്കുടി ഫീഡർ ലൈൻ പണി പൂർത്തിയായിരിക്കുകയാണ്. പച്ചാളം പമ്പ്ഹൗസിൽ നിന്നും നേരിട്ട് കടമക്കുടി കോതാട് പൈപ്പ്ലൈനുമായി ബന്ധിപ്പിക്കുന്ന ഈ പദ്ധതിയിലൂടെ കടമക്കുടി ദ്വീപ് സമൂഹങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് അല്പം ആശ്വാസം നല്കാനാകും. എടുത്തു പറയത്തക്ക പ്രയോജനം ഇപ്പോൾ കണ്ടു തുടങ്ങിയിട്ടില്ലായെങ്കിലും ദ്വീപു നിവാസികൾ ഇപ്പോഴും പ്രതീക്ഷയിലാണ്.

## പ്രശ്നങ്ങൾ

- ★ കഴിഞ്ഞ 5 വർഷമായി കടമക്കുടി ഒന്നും രണ്ടും വാർഡുകളിൽ പേരിനു പോലും കുടിവെള്ളം ലഭിക്കാതായിട്ട്.
- ★ മൂന്നും നാലും കിലോമീറ്റർ നടന്നും മറ്റു ദ്വീപുകളിലും സമീപ പ്രദേശങ്ങളിലും, വഞ്ചികളിലും ബോട്ടുകളിലും പോയിട്ടുമാണ് ഇവിടുത്തുകാർ അത്യാവശ്യത്തിന് കുടി വെള്ളം ശേഖരിക്കുന്നത്.
- ★ കിണറുകളിലെ ഉപ്പുകലർന്ന ജലം പാചകാവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ ഭക്ഷണ സാധനങ്ങൾ മോശമാകുക പതിവാണ്.
- ★ പകർച്ചവ്യാധികളും സ്ഥിരമായി കണ്ടുവരുന്നുണ്ട്.
- ★ ശുദ്ധജല ദൗർലഭ്യം കടമക്കുടി ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം പലപ്പോഴും സ്തംഭിക്കുന്നതിന് കാരണമായിട്ടുണ്ട്.
- ★ 3-ാം വാർഡിൽ പാലിയംതുരുത്ത് 4-ാം വാർഡിൽ ചെറിയ കടമക്കുടി, 6-ാം വാർഡിലെ ചേന്നൂർ-ചരിയംതുരുത്ത് പ്രദേശങ്ങളും പുതുശ്ശേരിയും കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത നിറഞ്ഞു നിൽക്കുന്ന സ്ഥലങ്ങളാണ്.

★ 8–ാം വാർഡിൽ കോരാമ്പാടത്തും 9–ാം വാർഡിൽ കാരിക്കാട്ടു തുരുത്തിലും കുടിവെള്ളത്തിന്റെ ലഭ്യത കുറവാണ്.

★ കുടിവെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ പൊതുടാപ്പു കളിലൂടെയും മറ്റും നിരന്തരം ജലം പാഴാകുന്നുണ്ട്. കേടുപാടുകൾ കൃത്യസമയത്ത് തീർക്കാറില്ല.

★ പഞ്ചായത്തിലെ കുളങ്ങളും കിണറുകളും ശുദ്ധീ കരിക്കുന്നത് വർഷത്തിലൊരിക്കൽ മാത്രമാണ്.

## നിർദ്ദേശങ്ങൾ

1. ഫീഡർലൈൻ വന്നിട്ടും കടമക്കുടി ഭാഗത്ത് ജലം ലഭ്യമായില്ലെങ്കിൽ തുണ്ടത്തുംകടവ് ഭാഗത്തു നിന്നും കടമക്കുടി 1–2 വാർഡുകളിൽ വെള്ള മെത്തിക്കുന്നതിനുള്ള സംവിധാനം ചെയ്യണം.
2. പഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒരു ബൂസ്റ്റർ പമ്പ് സ്ഥാപിച്ച് കടമക്കുടി ഭാഗത്ത് വെള്ളമെത്തി ക്കാവുന്നതാണ്.
3. ചെന്നൂരിലുള്ള വാട്ടർടാങ്ക്, കേടുപാടുകൾ തീർത്ത് കുടിവെള്ളം ശേഖരിച്ച് പമ്പ് ചെയ്യുന്നതിന് സാധ്യതയുള്ളതാണ്.
4. ചേന്നൂർ ഭാഗത്ത് 1964-ൽ സ്ഥാപിച്ച G.I. പൈപ്പുകൾ മുഴുവൻ മാറ്റി പുതിയ P.V.C. പൈ പ്പുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണത്തിലെ തടസം നീക്കാവുന്നതാണ്.
5. ചേന്നൂർ-ചരിയംതുരുത്ത്-കടമക്കുടി എന്നീ ദ്വീപുകളിലേയ്ക്ക് ഉള്ള പുഴയിലെ പൈപ്പുകൾ സമഗ്രപരിശോധനയ്ക്ക് വിധേയമാക്കി. കേടുപാടു കൾ തീർത്ത് സുരക്ഷിതമാക്കേണ്ടത് അത്യാവ ശ്യമാണ്.
6. തുണ്ടത്തുംകടവ് വരാപ്പുഴ പൈപ്പ് ലൈൻ, കാരി ക്കാട്ടുതുരുത്ത് ഭാഗത്ത് ചേന്നൂർ പൈപ്പുലൈ നുമായി ബന്ധിപ്പിക്കണം.
7. ദ്വീപുകളിലെ മുഴുവൻ കിണറുകളും കുളങ്ങളും പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ സമയാസമയങ്ങളിൽ ശുദ്ധീകരി ക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.
8. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി മുഴുവൻ ജനങ്ങൾക്കും പ്രയോ ജനപ്പെടും വിധം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

**പഞ്ചായത്തു വക പൊതുകിണറുകൾ**

| വാർഡ് | കിണറുകളുടെ എണ്ണം | പുതിയ കിണറുകൾ വേണ്ടത് |
|---|---|---|
| I | 2 | 2 |
| II | 2 | 2 |
| III | 1 | 2 |
| IV | 2 | 3 |
| V | 2 | 2 |
| VI | 4 | 2 |
| VII | – | 2 |
| VIII | – | 2 |
| IX | – | 2 |
| ആകെ | 13 | 19 |

**പൊതുടാപ്പുകളുടെ എണ്ണം**

| വാർഡ് | നിലവിലുള്ള ടാപ്പുകൾ | പുതിയ ടാപ്പുകൾ വേണ്ടത് |
|---|---|---|
| I | 18 | 3 |
| II | 12 | 4 |
| III | 22 | 3 |
| IV | 17 | 3 |
| V | 2 | 2 |
| VI | 38 | 10 |
| VII | 36 | 1 |
| VII | 15 | 8 |
| VIII | 10 | 5 |
| ആകെ | 190 | 39 |

**കുടിവെള്ളക്ഷാമം നിലവിലുള്ള പ്രദേശങ്ങൾ**

| വാർഡ് | സ്ഥലനാമം |
|---|---|
| I | വലിയ കടമക്കുടി വടക്ക് |
| II | വലിയ കടമക്കുടി തെക്ക് |
| III | പാലിയംതുരുത്ത് |
| IV | ചെറിയ കടമക്കുടി |
| V | മൂലമ്പിള്ളി തെക്കും പടിഞ്ഞാറും ഭാഗങ്ങൾ |
| VI | ചേന്നൂർ സൗത്ത് ഭാഗം, ചരിയംതുരുത്ത്, പുതുശ്ശേരി |
| VIII | കോരാമ്പാടം |
| IX | കാരിക്കാട്ട് തുരുത്ത് |

## 2. പൊതുജനാരോഗ്യം

പിഴല പ്രാഥമികാരോഗ്യകേന്ദ്രം, കടമക്കുടി ഗവ. ആയുർവേദ ആശുപത്രി, രണ്ടു സ്വകാര്യ ഹോമിയോ ഡിസ്പെൻസറികൾ എന്നിവയാണ് ചികിത്സാ രംഗത്തെ ജനങ്ങളുടെ ഏക ആശ്രയം. ഇതിൽ കടമക്കുടി ഗവൺമെന്റ് ആയുർവേദ ആശുപത്രി സമീപ പഞ്ചായത്തുകളിലെയും രോഗികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചു വാങ്ങിച്ച 1 ഏക്കർ 15 സെന്റ് സ്ഥലത്ത് 1973 ൽ പ്രവർത്തനം ആരംഭിച്ച പിഴല പ്രാഥമികാരോഗ്യകേന്ദ്രം അതിന്റെ ആരംഭദിശയിൽ നല്ല പ്രവർത്തനമാണ് നടത്തിവന്നിരുന്നത്. ഇരുപത് രോഗികളെ ഒരേസമയം കിടത്തി ചികിത്സിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നു. രണ്ടു ഡോക്ടർമാരും മുപ്പതോളം പാരാമെഡിക്കൽ സ്റ്റാഫും ഉണ്ടായിരുന്നു. ഡോക്ടർമാരും മറ്റു സ്റ്റാഫും കോർട്ടേഴ്സിൽ താമസിച്ച് സേവനം ചെയ്തിരുന്നു. കിടത്തി ചികിത്സിപ്പിക്കുന്ന രോഗികൾക്ക് ഭക്ഷണ സൗകര്യവും, പ്രസവവാർഡും അന്നുണ്ടായിരുന്നു. കാലക്രമേണ ആശുപത്രി കെട്ടിടങ്ങളെല്ലാം ജീർണ്ണിക്കുകയും, ഇൻപേഷ്യന്റ് വാർഡ് നിർത്തൽ ചെയ്യുകയും ചെയ്തു. ആശുപത്രി സ്റ്റാഫിനെ പല സ്ഥലങ്ങളിലേക്കും ഡെപ്യൂട്ടേഷനിൽ അയയ്ക്കുകയും ചെയ്തു. ഇപ്പോൾ പിഴല ആശുപത്രി കേവലം ഒരു ഡിസ്പെൻസറി മാത്രമായി പ്രവർത്തിക്കുന്നു. ഡോക്ടർ ദിവസത്തിൽ കുറച്ചു മണിക്കൂർ രോഗികളെ നോക്കി തിരിച്ചു പോകുന്നു. കടമക്കുടിയിലും കോതാടും പ്രവർത്തിക്കുന്ന സബ്ബ് സെന്ററുകൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

തക്കസമയത്ത് ചികിത്സ ലഭിക്കാതെ മരണമടയുന്നവരുടെ സംഖ്യ കൂടി വരികയാണ്. അസമയത്ത് പെട്ടെന്ന് രോഗം വരുമ്പോൾ PHC യിൽ ചികിത്സ ലഭ്യമല്ലാത്തതു മൂലം രോഗികളെ വഞ്ചിയിലും ബോട്ടിലും കയറ്റി വൻകരയിലുള്ള ആശുപത്രികളിൽ എത്തിക്കുകയാണ് പതിവ്. പലപ്പോഴും മറുകരെ എത്തുമ്പോൾ രോഗി മരിച്ചിരിക്കും. ഇങ്ങനെ മരിച്ചു കഴിഞ്ഞാലും മരണം സ്ഥിരീകരിക്കുന്നതിനു വേണ്ടി എറണാകുളത്തെ ആശുപത്രികളിൽ കൊണ്ടു പോയി മരണസർട്ടിഫിക്കറ്റ് വാങ്ങേണ്ട ഗതികേടാണ് ഉള്ളത്. പിഴല പ്രാഥമികാരോഗ്യ കേന്ദ്രം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ വിലപ്പെട്ട വളരെയധികം ജീവൻ രക്ഷിക്കാമായിരുന്നു. ഗർഭിണികളും വൻകരയിലുള്ള ആശുപത്രികളെയാണ് ശരണം പ്രാപിക്കുന്നത്.

പിഴല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണം. പ്രസവ വാർഡും ആരംഭിക്കണം. ഡോക്ടർ കോർട്ടേഴ്സിൽ താമസിച്ചു ചികിത്സ നടത്തണം. ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതിയ വാർഡുകൾ നിർമ്മിക്കണം. ഇപ്പോൾ നടന്നുവരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടാകും. അതോടൊപ്പം ഡോക്ടർ കോർട്ടേഴ്സിൽ സ്ഥിരതാമസമാക്കുകയും ചെയ്താൽ ജനങ്ങൾക്ക് ആരോഗ്യരംഗത്ത് സുരക്ഷിതത്വം അനുഭവപ്പെടും. അതോടൊപ്പം എല്ലാ ദ്വീപിലും PHC യുടെ സബ്ബ്സെന്ററുകൾ സ്ഥാപിക്കുകയും വേണം.

പിഴല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 1992-93 മുതൽ 1995-96 വരെ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ചികിത്സ ലഭിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു.

| രോഗം | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| ത്വക് രോഗം | 710 | 720 | 480 | 612 |
| വാതരോഗം | 1080 | 1020 | 415 | 880 |
| പകർച്ചവ്യാധികൾ | 480 | 960 | 385 | 343 |
| മറ്റുള്ളവ | 28653 | 9080 | 31495 | 32840 |
| ആകെ | 30923 | 31235 | 33460 | 34675 |

### പ്രശ്നങ്ങൾ

1. ആരംഭിച്ച കാലത്ത് വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന പിഴല പ്രാഥമികാരോഗ്യകേന്ദ്രം ഇപ്പോൾ രണ്ട് മണിക്കൂർ മാത്രം പ്രവർത്തിക്കുന്ന ഒരു ഡിസ്പെൻസറിയായി മാറിയിരിക്കുന്നു.
2. നിസാര രോഗങ്ങൾക്കുവരെ ചികിത്സിക്കുവാൻ പട്ടണങ്ങളിലെ ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു.
3. രോഗികളെ അടിയന്തിരമായി ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ദ്വീപസമൂഹങ്ങളിൽ താരതമ്യേന കുറവാണ്.

4. അടിയന്തിര ചികിത്സ ലഭിച്ചാൽ രക്ഷപെടാൻ ഇടയുള്ള രോഗികളുടെ മരണം സർവ്വ സാധാരണമാണ്.

5. പ്രാഥമിക ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധചെലുത്തേണ്ട P.H.C. ജീവനക്കാർ ഇക്കാര്യത്തിൽ തൃപ്തികരമായ സേവനം നടത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1. പിഴലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണം.
2. 24 മണിക്കൂറും രണ്ട് ഡോക്ടർമാരുടെ സേവനം ഒരു ലേഡീഡോക്ടർ ഉൾപ്പെടെ ലഭ്യമാക്കുക.
3. അത്യാഹിത വിഭാഗവും, ലാബറട്ടറിയും ആരംഭിക്കുക.
4. പ്രസവ വാർഡ് ആരംഭിക്കുക.
5. പോസ്റ്റുമാർട്ടം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
6. ആശുപത്രിയോടനുബന്ധിച്ച് ഒരു T.B. സെന്റർ പ്രവർത്തനമാരംഭിക്കുകയും, ആവശ്യത്തിന് മരുന്നും ഒരു T.B. സ്പെഷ്യലിസ്റ്റിനേയും നിയമിക്കുകയും കൃത്യമായി സേവനം ഉറപ്പു വരുത്തുകയും ചെയ്യുക.
7. ആശുപത്രിയ്ക്ക് അടിയന്തിരമായി ആംബുലൻസ് ബോട്ട് സൗകര്യം ഏർപ്പെടുത്തുക.
8. ചേന്നൂർ-പിഴല ഫെറി റോഡ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ആംബുലൻസ് വാൻ അനുവദിക്കുക.
9. ആശുപത്രി സമുച്ചയത്തിൽ ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തന ങ്ങളിൽ ഉൾപ്പെടുത്തി ഒരു വാട്ടർടാങ്ക് നിർമ്മിക്കുക.
10. പഞ്ചായത്തിലെ ചില ദ്വീപുകളിൽ സാധാരണയായി കണ്ടുവരുന്ന വയറിളക്കം, ഛർദ്ദിൽ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.
11. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സബ്സെന്ററുകൾ സ്ഥാപിക്കുക.

## ആയുർവേദ ആശുപത്രി

1) കടമക്കുടി ആയുർവേദ ആശുപത്രിയിൽ ഇപ്പോഴുള്ള ജനറൽ വാർഡ് സൗകര്യം കൂടാതെ, പേവാർഡ് സൗകര്യവും ഏർപ്പെടുത്തുക.

2) രോഗികൾക്ക് താമസ സൗകര്യവും ചികിത്സയ്ക്ക് ആവശ്യമായ മരുന്നു കളും ലഭ്യമാക്കുക.

3) ആശുപത്രിയുടെ അധീനതയിലുള്ള സ്ഥലത്ത് പുതിയ വാർഡുകളും സ്റ്റാഫ് കോർട്ടേഴ്സുകളും പണിയുക.

4) ഇപ്പോഴത്തെ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി അതിനോട് ചേർന്ന് കുളിമുറി, കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.

5) രോഗികൾക്ക് മരുന്നിനും ഭക്ഷണത്തിനുമുള്ള അലോട്ട്മെന്റ് വർദ്ധിപ്പിക്കുക.

6. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിനാൽ ശുദ്ധജലം ശേഖരിക്കുന്നതിന് ഒരു ഗ്രൗണ്ട് വാട്ടർടാങ്കും ഒരു ഓവർഹെഡ് ടാങ്കും സ്ഥാപിക്കുക.

7. ധാരാളം വിദേശിയർ ആയുർവേദ ചികിത്സയ്ക്കായി കേരളത്തിൽ എത്തിച്ചേരുന്നുണ്ട്. ഇവരെ ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം മാപ്പിൽ കടമക്കുടി ആയുർവേദ ആശുപത്രി ഉൾപ്പെടുത്തുക.

★ ദ്വീപിൽ എല്ലാ സൗകര്യങ്ങളോടും കൂടി ഒരു ഹോമിയോ ഡിസ്പെൻസറി ഉടനെ ആരംഭിക്കുക.

## പൊതുജനാരോഗ്യം

## നിർദ്ദേശങ്ങൾ

1. കുടിവെള്ളത്തിലൂടെ രോഗങ്ങൾ പകരുന്നത് തടയുന്നതിനു വേണ്ടി എല്ലാ വാർഡുകളിലും അടിയന്തിരമായി ശുദ്ധജലമെത്തിക്കുക.
2. കുളങ്ങളും കിണറുകളും ശുദ്ധീകരിക്കുന്നതിന് പിഴല പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുക.
3. ആലുവാ വ്യവസായ മേഖലയിലെ കമ്പനികളിലെ മാലിന്യം പുഴവെള്ളവും വായുവും മലിനമാ

ക്കുന്നത് തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ആരായുക.

4. ഹെൽത്ത് ഇൻഷുറൻസ് ആരംഭിക്കുക.

5. ആധുനിക സംവിധാനങ്ങളോടു കൂടിയ ശ്മശാനങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുക.

6. വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

7. കൊതുകു നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

8. വെള്ളക്കെട്ട് അനുഭവപ്പെടുന്ന മുഴുവൻ പ്രദേശങ്ങളിലും കാനകൾ നിർമ്മിക്കുകയും ഇപ്പോഴുള്ള കാനകൾ യഥാസമയം ശുചീകരിക്കുകയും ചെയ്യുക.

9. ശുചിത്വമുള്ള കക്കൂസുകൾ എല്ലാ ഭവനങ്ങളിലും നിർമ്മിക്കുക.

10. പുഴകളിലേക്കും തോടുകളിലേക്കും തുറന്നു വച്ചിരിക്കുന്ന മുഴുവൻ കക്കൂസുകളും മാറ്റി, സേഫ്റ്റി ടാങ്കുകൾ നിർമ്മിക്കുക.

11. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രത്യേക ആരോഗ്യപദ്ധതികൾ നടപ്പാക്കുക.

12. ഗേൾചൈൽഡ് പ്രോജക്ട് ആരംഭിക്കുക.

13. കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്പിന് എല്ലാ ദ്വീപുകളിലും സൗകര്യങ്ങൾ ഉണ്ടാക്കുക.

14. പിഴല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ 10 വീടുകൾ കേന്ദ്രീകരിച്ച് പൊതുജനാരോഗ്യ ക്ലാസുകളും ചർച്ചകളും നടത്തുക.



# 6. സംസ്കാരം

പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ മൂലക്കല്ലായ വായന ശാലകളുടെ പ്രവർത്തനം തുടങ്ങിയിട്ട് 50 വർഷമായി. കോതാടു പ്രവർത്തിക്കുന്ന വായനശാല എ ഗ്രേഡാണ്. എണ്ണായിരത്തോളം പുസ്തകങ്ങളും സ്വന്തമായൊരു കെട്ടിടവും ഉണ്ട്. മൂലമ്പിള്ളിയിലും, ചേന്നൂരും ഓരോ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് വക കേന്ദ്രലൈബ്രറിയിൽ ഒട്ടനവധി പുസ്തകങ്ങളും റെഫറൻസ് ബുക്കുകളും ഉണ്ടെങ്കിലും അധികം ആളുകളും അത് പ്രയോജനപ്പെടുത്താറില്ല. കടമക്കുടിയിലെ വായനശാല വർഷങ്ങളായി പൂട്ടിയിട്ടിരിക്കുകയാണ്. പഞ്ചായത്ത് നേതൃത്വം എടുത്ത് എല്ലാ വാർഡുകളിലും വായനശാലകൾ രൂപീകരിക്കണം. ഓരോ വായനശാലയുടേയും നേതൃത്വത്തിൽ കലാ- സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ മത്സരങ്ങളും പഠനപരിശീലനങ്ങളും നടത്തണം. മുൻകാലങ്ങളെ അപേക്ഷിച്ച് വായനയോട് ജനങ്ങൾക്ക് അഭിരുചി കുറഞ്ഞുവരുകയാണ്. വിവിധ താല്പര്യക്കാരായ വായനക്കാരെ തൃപ്തിപ്പെടുത്തുന്ന വിധത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കാൻ കഴിയും വിധത്തിലുള്ള സാമ്പത്തിക ശേഷി ഇന്ന് വായനശാലകൾക്കില്ല.

പഞ്ചായത്തിലെ വിവിധ പള്ളികളും, അമ്പലങ്ങളും, ക്ലബ്ബുകളും ജനങ്ങളുടെ സാംസ്കാരിക നവോത്ഥാനത്തിന് അവരുടേതായ പങ്കു വഹിക്കുന്നുണ്ട്. ജനങ്ങൾക്ക് ഒത്തുകൂടുവാനും തങ്ങളുടെ കലാ-സാഹിത്യ അഭിരുചികൾ പ്രകടിപ്പിക്കുവാനും വേണ്ടിയുള്ള വേദികൾ ഇന്ന് പഞ്ചായത്തിലില്ല. എല്ലാ വാർഡിലും കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച് ഇതിന് അവസരം ഒരുക്കേണ്ടതാണ്.

ഒരുകാലത്ത് പഞ്ചായത്തിൽ നിലനിന്നിരുന്ന ചവിട്ടുനാടകം, പരിചമുട്ടു കളി, ഓണക്കളി എന്നീ നാടൻ കലാരൂപങ്ങൾ നാമാവശേഷമായിരിക്കുകയാണ്. ഈ കലാരൂപങ്ങളെ പരിപോഷിപ്പിക്കുകയും, സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. വനിതകൾ പൊതുരംഗങ്ങളിൽ വളരെ വിരളമായേ പ്രവർത്തിക്കുന്നുള്ളു. വായനശാല പ്രവർത്തനങ്ങളിലും കലാകായിക സാഹിത്യ രംഗങ്ങളിലും സജീവമായി പ്രവർത്തിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 4 ലൈബ്രറികളും, 2 വായനശാലകളും, 5 അമ്പലങ്ങളും, 5 പള്ളികളും, 5 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സംഘടിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുക.
2. ഓണാഘോഷം, കേരളോത്സവം, ഗ്രാമോത്സവം തുടങ്ങിയവ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
3. എല്ലാ വാർഡിലും കളിസ്ഥലങ്ങളും കമ്മ്യൂണിറ്റി ഹാളുകളും ആരംഭിക്കുക.
4. പഞ്ചായത്തു തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗവാസനയെ പ്രോത്സാഹിപ്പിക്കുക.
5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലബ്ബുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. പ്രവർത്തന രഹിതമായവ പുനരുദ്ധരിക്കുക.
6. സാംസ്കാരിക നായകരെ ക്ഷണിച്ചു വരുത്തി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.

7. പൊതു ടി.വി. സെറ്റുകൾ എല്ലാ വാർഡിലും, കോള നികളിലും സ്ഥാപിക്കുക.

8. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സാംസ്കാരീക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, സഹായങ്ങൾ നല്കുന്നതിനുമായി പഞ്ചായത്തു തല കലാ-സാംസ്കാരിക സമിതി സംഘടിപ്പിക്കുക.

9. നാടൻ കലാരൂപങ്ങളെ പരിപോഷിപ്പിക്കുക.

10. നിലവിലുള്ള എല്ലാ കലാ-സാംസ്കാരിക സംഘടനകൾക്കും ടി.വി. സെറ്റുകൾ നൽകുക.

11. അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തണം.

12. പഞ്ചായത്തിൽ ഒരു കേന്ദ്ര കായിക സമിതി രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക.

13. അവധിക്കാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്ലാസ്സുകൾ പ്രഗത്ഭരെ സംഘടിപ്പിച്ചു നടത്തുക.

14. കായികമേഖലയെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുക.



# 7.പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

**ക**ടമക്കുടി പഞ്ചായത്തിൽ പാർപ്പിടസ്ഥിതി തൃപ്തികരം എന്നു പറയുവാൻ കഴിയുകയില്ല. ലഭ്യമായ വിവരംവച്ച് വിശകലനം ചെയ്യുമ്പോൾ ആകെയുള്ള വീടുകൾ 2879 ആണ്. ഇതിൽ 20% കോൺക്രീറ്റു കെട്ടിടങ്ങളും 12% ഓലമേഞ്ഞതും 3% മറ്റു സാമഗ്രികൾ കൊണ്ട് നിർമ്മിച്ച വീടും 65% വീടുകൾ ഓടുമേഞ്ഞവയും ആണ്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന പ്രവണതയുമുണ്ട്.

താഴ്ന്ന വരുമാനക്കാരുടേയും ദുർബ്ബല വിഭാഗങ്ങളുടേയും ലക്ഷംവീട് കോളനി പട്ടികജാതി പട്ടികവർഗ്ഗ കോളനി എന്നിവയൊഴിച്ചാൽ മറ്റ് ഹൗസിങ്ങ് കോളനികളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. പാരമ്പര്യ രീതിയിലുള്ള കെട്ടിട നിർമ്മാണ സമ്പ്രദായമാണ് പൊതുവേ ആളുകൾക്ക് ഇപ്പോൾ താല്പര്യമുള്ളതായി കാണുന്നത്. ചിലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ വേണ്ടത്ര താല്പര്യമോ അറിവോ ഇല്ല. കെട്ടിട നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും നവീന കെട്ടിട നിർമ്മാണ രീതികളുമായി പരിചയപ്പെടുന്നതിന് നിർമ്മിതികേന്ദ്രം മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിന് ഉതകുന്ന രീതിയിൽ പൊതു കെട്ടിടങ്ങളുടെ നിർമ്മാണ രംഗത്ത് ഈ ചിലവ് കുറഞ്ഞ രീതി പ്രയോജനപ്പെടുത്തണം. സാമ്പത്തീക പരാധീനത അനുഭവിക്കുന്നവരുടെ ഇടയിൽപോലും ഭവന നിർമ്മാണ രംഗത്ത് കണ്ടുവരുന്ന ആർഭാടഭ്രമവും വിഭവധൂർത്തും ഒഴിവാക്കുന്നതിന് ഇത് പ്രയോജനപ്പെട്ടേക്കാം. പഞ്ചായത്തിൽ ഭൂരിഭാഗം കെട്ടിടങ്ങളുടേയും ഭിത്തികൾ ഇഷ്ടിക കൊണ്ടോ, വെട്ടുകല്ലു കൊണ്ടോ ആണ് നിർമ്മിച്ചിരിക്കുന്നത്. ചാണകം മെഴുകിയ തറയുള്ള വീടുകൾ തുലോം കുറവാണ്. 1992 വീടുകൾ വൈദ്യുതീകരിച്ചതാണ്. 887 വീടുകൾ വൈദ്യുതീകരിക്കാത്തവയുമാണ്. പഞ്ചായത്തിലെ VII, VIII,IX എന്നീ വാർഡുകളിൽ കാരിക്കാട്ടു തുരുത്തൊഴിച്ച് എല്ലാ വീടുകളിലും സാനിട്ടറി സൗകര്യമുള്ള സെപ്റ്റിടാങ്ക് കക്കൂസ് ഉള്ളതാണ്.

കെട്ടിട നിർമ്മാണ വായ്പ, സാധാരണ സഹകരണ സംഘങ്ങൾ വഴിയും രാജഗിരി സോഷ്യൽ വെൽഫയർ സംഘം വഴിയും വരാപ്പുഴ അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴിയും, എറണാകുളം വെൽഫെയർ സർവ്വീസസ് വഴിയും ലഭിക്കുന്നുണ്ട്. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഭവന വായ്പാ സൗകര്യം നൽകുന്നതിന് കഴിയുന്ന തരത്തിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുന്നതും സംസ്ഥാനത്ത് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സാമ്പത്തിക സ്ഥാപനങ്ങളുമായി ഇതിന്റെ പ്രവർത്തനം ബന്ധിപ്പിക്കുവാൻ കഴിയുമോ എന്ന കാര്യവും ചിന്താവിഷയമാക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ 15.84% മാത്രമേ വാസയോഗ്യമായ കരഭാഗമുള്ളു. അതുകൊണ്ടുതന്നെ അടുത്ത അഞ്ചു വർഷം കഴിയുമ്പോൾ പഞ്ചായത്തിൽ വീടു വയ്ക്കുന്നതിനുള്ള സ്ഥലലഭ്യത ഗണ്യമായി കുറയുമെന്നാണ് കണക്കാക്കപ്പെടുന്നത്. പണ്ടുകാലങ്ങളിൽ ചുടുകട്ട

കൊണ്ട് തറ നിർമ്മിച്ചിട്ടുള്ള വീടുകൾ പലതും ഇന്ന് പൊളിച്ചു പുതുക്കിപ്പണിയേണ്ട അവസ്ഥയിലാണ്. സ്വന്തമായി വീടുപണി ആരംഭിച്ചിട്ടുള്ള ധാരാളം ആളുകൾ വീടുപണി മുഴുമിപ്പിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നു. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പണമില്ലാതെ കഷ്ടപ്പെടുന്ന ധാരാളം ആളുകളും പഞ്ചായത്തിലുണ്ട്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

വീടില്ലാത്ത മുഴുവൻ പേർക്കും വീടു നിർമ്മിച്ചു കൊടുക്കുകയും ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യുക. വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമാവശ്യമായ സാമ്പത്തിക സഹായം സൗജന്യമായോ ലോണായോ അനുവദിക്കണം, വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കുകയും, കുടിൽ ജ്യോതി പദ്ധതി നിലവിൽ വരുത്തുകയും ചെയ്യുക. കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും അത് നിർമ്മിക്കുന്നതിനുള്ള ധനസഹായം സൗജന്യമായി നൽകുക. വീടു വയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഏറ്റവും കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും നൽകുക. നിർധനരായ വിധവകൾക്കും, വികലാംഗർക്കും ഗ്രാന്റായി വീടുകൾ അനുവദിക്കുക. കൂടാതെ നിർമ്മിതി കേന്ദ്രത്തിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നിർമ്മിതി കേന്ദ്രത്തിന്റെ ശാഖ ഈ പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കുക, ജില്ലാ പഞ്ചായത്തിലെ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിലെ മുഴുവൻ അപേക്ഷകർക്കും വീട് ഉടൻ അനുവദിക്കുകയും, വീടും സ്ഥലവും ഇല്ലാത്തവർക്ക് മിച്ച ഭൂമി വിതരണം നടത്തുമ്പോൾ മുൻഗണന നൽകുക. ഭവനനിർമ്മാണ വായ്പ കുറഞ്ഞത് 50,000/- രൂപയെങ്കിലും അനുവദിക്കുക. ഭവനനിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന തീരദേശനിയമം മാറ്റുന്നതിനു വേണ്ടതു ചെയ്യുക. പട്ടയം കിട്ടേണ്ട മുഴുവൻ പേർക്കും അടിയന്തിരമായി പട്ടയം കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുക. പാവപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള കോളനികളിൽ സ്ഥലം കൈമാറ്റം ചെയ്യുന്ന നടപടികൾ തടയുക. ഒരിക്കൽ വീട് നൽകിയവർക്ക് വീണ്ടും നൽകാതിരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും, ആവശ്യമുള്ള വാർഡുകളിൽ കോളനികൾ നിർമ്മിക്കുകയും ഇപ്പോഴുള്ള ലക്ഷംവീട് കോളനിയിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ എല്ലാ സ്ഥലങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കുക.

# സാമൂഹ്യക്ഷേമം

കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ ഇവിടുത്തെ ജനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പഞ്ചായത്തിൽ ആകെയുള്ള 2702 ഭവനങ്ങളിൽ 1163 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്. ഇത് പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ 43% വരും. ജനസംഖ്യയിൽ ഭൂരിഭാഗവും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും, പട്ടികജാതിക്കാരും മറ്റു പിന്നോക്ക സമുദായങ്ങളുമാണ്. സാമൂഹ്യക്ഷേമ രംഗത്ത് ഒട്ടനവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും സാമാന്യ ജനങ്ങൾക്ക് ഈ പദ്ധതികളെക്കുറിച്ച് വളരെ പരിമിതമായ അറിവേയുള്ളു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1163 കുടുംബങ്ങളിൽ 206 കുടുംബങ്ങൾ സ്ത്രീകൾ നയിക്കുന്നവയാണ്. ഓരോ വാർഡിലും ധാരാളം വിധവകളും ഉള്ളതായിട്ടാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ജോലിക്കു പോകുവാൻ സാധിക്കാത്തവിധം പലവിധ രോഗങ്ങൾക്ക് അടിമകളായിട്ടുള്ള കുടുംബനാഥന്മാരുള്ള ഭവനങ്ങളും പഞ്ചായത്തിൽ ധാരാളമുണ്ട്. വൃദ്ധജനങ്ങൾ മാത്രമുള്ള ഭവനങ്ങൾ ചുരുങ്ങിയ തോതിലാണെങ്കിലും എല്ലാ വാർഡുകളിലുമുണ്ട്. സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും, വികലാംഗരുടേയും, വൃദ്ധജനങ്ങളുടേയും ക്ഷേമം ഉറപ്പുവരുത്തുന്ന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതിയുമാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ മൂലം അർഹതപ്പെട്ട പല കുടുംബങ്ങളും ഇവയുടെ ഗുണഫലങ്ങൾ അനുഭവിക്കാറില്ല. അതോടൊപ്പം അനർഹർ ഈ ലിസ്റ്റിൽ ധാരാളം കടന്നുകൂടാറുമുണ്ട്. തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട

നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ മുതലായ സംഘടിത തൊഴിലാളികൾ ധാരാളമായുണ്ടെങ്കിലും ഇവരെല്ലാവരും തന്നെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി വികസന കോർപ്പറേഷൻ തുടങ്ങിയ മറ്റു സാമൂഹ്യ ക്ഷേമ സംഘടനകളിൽ നിന്നുള്ള ആനുകൂല്യങ്ങളും കാര്യമായി ആരും തന്നെ വാങ്ങിക്കാറില്ല.

ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വർത്തിക്കുന്ന കടമക്കുടി, പിഴല, കോതാട് എന്നി വി.ഇ.ഒ. സർക്കിൾ വഴിയാണ് ഗ്രാമവികസന വകുപ്പു വഴിയുള്ള വിവിധ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പാക്കി വരുന്നത്. 1992 മുതൽ ഈ പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ താഴെ കൊടുക്കുന്നു.

## സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.)

കടമക്കുടി പഞ്ചായത്തിൽ നടത്തിയ ഐ.ആർ.ഡി.പി. സർവ്വെപ്രകാരം 1163 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 58 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരാണ്. 1992-96 കാലയളവിൽ 154 കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 33 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. വായ്പയിനത്തിൽ 601,286 രൂപയും സബ്സിഡി ഇനത്തിൽ 366,582 രൂപയും ഇതിലേക്കായി ചെലവഴിച്ചപ്പോൾ 82 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനങ്ങളുടെ എണ്ണം 1081 ആണ്.

**പട്ടിക I**

1992-96 കാലയളവിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തു വഴി നടപ്പാക്കിയ വികസന പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| Sl. No | വി.ഇ.ഒ. സർക്കിൾ | IRDP സർവ്വെയിൽ കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST | 1992-96 ൽ സഹായം ലഭിച്ചവർ | ഇതിൽ SC/ST | ഇതുവഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയവർ | സഹായം ലഭിച്ചതുൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | കടമക്കുടി | 433 | 36 | 45 | 10 | 20 | 413 |
| 2. | പിഴല | 467 | 10 | 67 | 10 | 26 | 441 |
| 3. | കോതാട് | 263 | 12 | 42 | 13 | 36 | 227 |
| ആകെ | | 1163 | 58 | 154 | 33 | 82 | 1081 |

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

കടമക്കുടി ഗ്രാമപഞ്ചായത്തിൽ ബാങ്കുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ വൻകരയിൽ സ്ഥിതിചെയ്യുന്ന മൂന്നു ബാങ്കുകളുടെ പ്രവർത്തന പരിധിയിലാണ് കടമക്കുടി പഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ ബാങ്കുകൾ എല്ലാം തന്നെ IRDP സ്കീം പ്രകാരം വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. വായ്പയെടുത്തവർ യഥാസമയം വായ്പാഗഡുക്കൾ തിരിച്ചടക്കാതിരിക്കുന്നത് പുതിയ വായ്പകൾ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ഈ മേഖലയിൽ പരമാവധി ഗുണഭോക്താക്കളെ സഹായിക്കണമെങ്കിൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്ക് സ്ഥാപിക്കേണ്ടത്

അത്യാവശ്യമാണ്. IRDP പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കണം. ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തുകയും വേണം IRDP ഗുണഭോക്താക്കളെ എല്ലാവർഷവും സർവ്വെ നടത്തി പുതുക്കി നിശ്ചയിക്കണം.

## DWCRA

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ പഞ്ചായത്തിൽ മൂന്നു യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 33 സ്ത്രീകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നു. പിഴല 3-ാം വാർഡിൽ 10 വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റുകൂടി അടുത്തതന്നെ പ്രവർത്തന സജ്ജമാകും

പട്ടിക
കടമക്കുടി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള DWCRA യൂണിറ്റുകളുടെ വിവരം

| തൊഴിൽ സംരംഭത്തിന്റെ പേര് | സ്ഥലം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| ഡയറി യൂണിറ്റ് | ചരിയംതുരുത്ത് | 1994-96 | 10 |
| നെല്ലു സംഭരണവും ഫ്ളവർ മില്ലും | പിഴല | 1995-96 | 10 |
| ബ്രോയിലർ ചിക്കൻ | കോരാമ്പാടം | 1996 | 10 |
| എക്സ്പെല്ലർ, കറിപൗഡർ | പാല്യംതുരുത്ത് | പരിഗണനയിൽ | 10 |
| | | ആകെ | 41 |

## നിർദ്ദേശങ്ങൾ

DWCRA യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും ആവശ്യമായ സഹായം നൽകുവാനുമായി അതാതു പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന കമ്മറ്റികൾ രൂപീകരിക്കണം. അതിലൂടെ ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുവാൻ സാധിക്കും.

## ട്രൈസം

18 മുതൽ 35 വയസുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. കടമക്കുടി പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരുടെ വിവരം പട്ടിക 3-ൽ കൊടുക്കുന്നു.

## നിർദ്ദേശങ്ങൾ

ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രമിക്കണം. ട്രൈസം വഴി പരിശീലനം ലഭിക്കുന്നവർക്ക് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലായെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. അതുപോലെ തന്നെ വളരെ ചുരുക്കം ചിലർക്കേ ഈ പദ്ധതി വഴി പരിശീലനം നൽകുവാൻ സാധിച്ചിട്ടുള്ളു. അർഹതപ്പെട്ട യുവതിയുവാക്കളെ കണ്ടെത്തുന്നതിന് യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ഈ പദ്ധതി പ്രകാരം 9 പേർക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തു. ഈ പദ്ധതിയെക്കുറിച്ച് പഞ്ചായത്തിലെ തൊഴിലാളികൾ അജ്ഞരാണ്.

പട്ടിക 3

| പരിശീലനം ലഭിച്ച വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| റേഡിയോ / TV മെക്കാനിസം | 8 | – | 5 | 3 |
| ഫൈബർ വീവിംഗ് | 5 | 1 | 4 | – |
| പ്രിന്റിംഗ് & കമ്പോസിങ്ങ് | 9 | – | 7 | – |
| പ്ലാസ്റ്റിക് കെയിൻവർക്ക് | 9 | – | 9 | 2 |
| കാർപ്പസ്കറി | 5 | – | 3 | – |
| ഇലക്ട്രിക്കൽസ് | 1 | – | 1 | 2 |
| കമ്പ്യൂട്ടർ | 1 | – | 1 | – |
| മേസനറി | 1 | – | 1 | – |
| വീവിംഗ് | 1 | – | 1 | – |
| പ്ലംമ്പിംഗ് വർക്ക് | 2 | 1 | 1 | – |
| | 42 | 2 | 33 | 7 |

പട്ടിക 4

വിദഗ്ധ കൈത്തൊഴിലുകാർക്ക് ടൂൾകിറ്റ് വിതരണം ചെയ്തതിന്റെ വിശദവിവരം

| VEO സർക്കിൾ | IRDP സർവ്വെ പ്രകാരം ഗ്രാമീണ തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനിയും സഹായം ലഭിക്കേണ്ടവർ |
|---|---|---|---|
| കടമക്കുടി | 52 | 4 | 48 |
| പിഴല | 138 | 3 | 135 |
| കോതാട് | 80 | 2 | 78 |
| ആകെ | 270 | 9 | 261 |

ഭവനനിർമ്മാണ രംഗത്ത് പഞ്ചായത്ത് വളരെ പിന്നിലാണ്. ഇടപ്പള്ളി ബ്ലോക്കു പഞ്ചായത്ത് വഴി നടപ്പാക്കുന്ന ഇന്ദിര ആവാസ് യോജന പ്രകാരം തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് 15900 രൂപവീതം സഹായധനം നൽകിവരുന്നു. ഇപ്പോൾ നൽകുന്ന തുക വളരെ അപര്യാപ്ത മാണ്. തുക 25000 ആയി ഉയർത്തേണ്ടിയിരിക്കുന്നു.

ഗ്രാമസഭകൾ വഴി വരുന്ന അപേക്ഷകൾ പഞ്ചായത്ത് കമ്മറ്റി പരിശോധിക്കുകയും മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയും ചെയ്യുന്നു. വീടുകളുടെ നിർമ്മാണം വാർഡു മെമ്പർമാരുടേയും അതാതു സ്ഥലത്തെ VEO മാരുടേയും മേൽനോട്ടത്തിൽ നടത്തപ്പെടുന്നു.

കടമക്കുടി പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

**പട്ടിക 5**

**IAY ഭവനനിർമ്മാണം**

| വി.ഇ.ഒ. സർക്കിളിന്റെ പേര് | IRDP സർവ്വെ പ്രകാരം തെരഞ്ഞെടുത്തവർ | സഹായം ലഭിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | ഇനിയും സഹായം ലഭിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| കടമക്കുടി | 25 | 7 | 4 | 18 |
| പിഴല | 47 | 9 | 6 | 38 |
| കോതാട് | 18 | 6 | 3 | 12 |
| ആകെ | 90 | 22 | 13 | 68 |

## CRSP

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് ഈ പദ്ധതിപ്രകാരം സഹായം ലഭിക്കുന്നു.

**പട്ടിക 6.**

**സാനിട്ടറി കക്കൂസുകൾ സംബന്ധിച്ച വിവരം**

| വി.ഇ.ഒ. സർക്കിൾ | IRDP സർവ്വെ പ്രകാരം കക്കൂസുകൾ ഇല്ലാത്തവരുടെ എണ്ണം | ഇനിയും സഹായം ലഭിക്കേണ്ടവർ | സഹായം ലഭിച്ചവർ |
|---|---|---|---|
| കടമക്കുടി | 258 | 12 | 246 |
| പിഴല | 292 | 12 | 280 |
| കോതാട് | 155 | 11 | 144 |
| ആകെ | 705 | 35 | 670 |

## നിർദ്ദേശങ്ങൾ

IRDP സർവ്വെ പ്രകാരം 705 വീടുകൾക്കാണ് ശുചിത്വമുള്ള കക്കൂസുകൾ ഇല്ലാത്തത്. 1992-96 കാലയളവിൽ 35 വീടുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം കക്കൂസുകൾ നിർമ്മിക്കുന്നതിന് സഹായം ലഭിച്ചിട്ടുള്ളത്. ശുചിത്വമുള്ള കക്കൂസുകളുടെ അഭാവംമൂലം പഞ്ചായത്തിലെ പല കോളനികളും ഇന്ന് പകർച്ചവ്യാധികളുടെ പിടിയിൽ അമർന്നിരിക്കുകയാണ്. പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് അർഹതപ്പെട്ട എല്ലാ വീടുകൾക്കും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് സഹായം നൽകണം.

## ബാലവാടികൾ, ഫീഡിംഗ് സെന്ററുകൾ

പഞ്ചായത്തിൽ 5 ബാലവാടികളും 3 ഫീഡിംഗ് സെന്ററുകളും പ്രവർത്തി ക്കുന്നുണ്ട്. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സെന്ററുകൾ ലക്ഷ്യമിടുന്നത് പഞ്ചായത്തിലെ പാവപ്പെട്ട അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും സമഗ്രവികസനമാണ്

പട്ടിക 7

| സ്ഥലം | ബാലവാടി | ഫീഡിംഗ് സെന്റർ |
|---|---|---|
| കടമക്കുടി (North) | - | 1 |
| കടമക്കുടി (South) | - | 1 |
| കാരിക്കാടു തുരുത്ത് | - | 1 |
| കോതാട് | 1 | - |
| കോരാമ്പാടം | 1 | - |
| മൂലമ്പിള്ളി | 1 | - |
| പിഴല | 1 | - |
| ചേന്നൂർ | 1 | - |
| ആകെ | 5 | 3 |

ഫീഡിങ്ങ് സെന്ററുകൾക്ക് ഇപ്പോൾ സ്വന്തമായി കെട്ടിടം ഇല്ല. ബാലവാടികൾ എല്ലാംതന്നെ സ്ഥിതി ചെയ്യുന്നത് വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലാണ്. ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബാലവാടികൾ തുടങ്ങണം. അവയ്ക്ക് സ്വന്തം കെട്ടിടവും ആവശ്യത്തിന് ഉപകരണങ്ങളും ലഭ്യമാക്കണം.

## പെൻഷനുകളെ സംബന്ധിച്ച്

കടമക്കുടി പഞ്ചായത്തിൽ 470 പേർക്ക് വിവിധ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്നുണ്ട്.

പട്ടിക 8

| പെൻഷൻ സ്കീം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 57 |
| കർഷകത്തൊഴിലാളി പെൻഷൻ | 293 |
| വിധവാ പെൻഷൻ | 84 |
| രോഗികൾക്കുള്ള പെൻഷൻ | 30 |
| വികലാംഗപെൻഷൻ | 6 |
| ആകെ | 470 |

അനർഹരായ ധാരാളം പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ കണ്ടെത്തുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കു നൽകണം. അതാതു പ്രദേശത്തു പ്രവർത്തിക്കുന്ന പാടശേഖര കമ്മറ്റികൾക്കും ഇക്കാര്യത്തിൽ പഞ്ചായത്തിനെ സഹായിക്കുവാൻ സാധിക്കും.

സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ് വഴി താഴെ പറയുന്ന പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കി വരുന്നു.

**1. വാർദ്ധക്യകാല പെൻഷൻ (NOAPS)**

65 വയസ്സ് കഴിഞ്ഞ നിരാലംബരായ വൃദ്ധജനങ്ങൾക്കു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. വാർഷിക വരുമാനം 5000 രൂപയിൽ താഴെയുള്ള വൃദ്ധ ജനങ്ങളെ സംരക്ഷിക്കുന്നതിന് പ്രായപൂർത്തിയായ ആരും കുടുംബത്തിൽ ഇല്ലെങ്കിൽ ഇവർ പെൻഷന് അർഹരാണ്. പ്രതിമാനം 75 രൂപ പെൻഷൻ ലഭിക്കുന്ന ഈ സ്കീമിന് അപേക്ഷ സമർപ്പിക്കേണ്ടത് പഞ്ചായത്തിലാണ്. തെരഞ്ഞെടുക്കുന്നവരുടെ പേരുവിവരം ഗ്രാമസഭകളിൽ പ്രസിദ്ധം ചെയ്യും.

2. ദേശീയ കുടുംബസഹായ പദ്ധതി (NFBS)

ഒരു വീട്ടിലെ പ്രധാന വരുമാനത്തിന് ഏക ആശ്രയമായിരുന്ന കുടുംബനാഥൻ മരിച്ചു പോയാൽ ആ വീട്ടിലെ ആശ്രിതർക്ക് നൽകുന്ന ഒരു സഹായ പദ്ധതിയാണിത്. സ്വാഭാവിക മരണമാണെങ്കിൽ 5000 രൂപയും അപകട മരണമാണെങ്കിൽ 10,000 രൂപയും സഹായധനമായി ലഭിക്കും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു മാത്രമേ ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുകയുള്ളൂ. പഞ്ചായത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

3. ഗർഭിണികൾക്കു വേണ്ടിയുള്ള പ്രത്യേക സഹായപദ്ധതി (NMBS)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ 19 വയസ്സു കഴിഞ്ഞ ഗർഭിണികൾക്ക് അവരുടെ ആദ്യത്തെ രണ്ടു ഗർഭധാരണങ്ങൾക്ക് 300 രൂപ വീതം സഹായധനം ലഭിക്കും.

ജെ.ആർ.വൈ. പദ്ധതി

ഗ്രാമീണ ജനങ്ങൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനും അതുവഴി ഗ്രാമങ്ങളിൽ സ്ഥായിയായ വികസനം സാദ്ധ്യമാക്കുന്നതിനും വേണ്ടിയുള്ള ഈ പദ്ധതി പ്രകാരം 1995-96 വർഷത്തേയ്ക്ക് 191400 രൂപയുടെ പണികൾ നടത്തി. ഇതിൽ 61400 രൂപ പട്ടികജാതിക്കാർക്ക് നേരിട്ടു ഗുണം ലഭിക്കുന്ന പദ്ധതികളായിരുന്നു.

പൊതുവിതരണ സംവിധാനം

പൊതുവിതരണ സംവിധാനം വഴി റേഷൻ സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നത് 7 റേഷൻ കടകൾ വഴിയാണ്.

മൊത്തം റേഷൻ കാർഡുകളുടെ എണ്ണം 2886 ആണ്. ഇതിൽ വൈദ്യുതിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള കാർഡുകൾ 1994 ആണ്. വൈദ്യുതി ഇല്ലാത്തതായി രേഖപ്പെടുത്തിയിട്ടുള്ള കാർഡുകൾ 892 ആണ്. ആകെയുള്ള 15,046 ഗുണഭോക്താക്കളിൽ 12311 പേർ മേജർ കാറ്റഗറിയിൽ വരുന്നു. മൈനർ ഗ്രൂപ്പിന്റെ എണ്ണം 2735 വരും. 7 റേഷൻ കടകൾ വഴി പഞ്ചായത്തിലെ മൊത്തം അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ 26,728 ആണ്. ആകെയുള്ള 550 മണ്ണെണ്ണ പെർമിറ്റുകൾ വഴി 5405 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നു.

സാമൂഹ്യ വനവൽക്കരണം

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ കഴിഞ്ഞ വർഷം 9000 വൃക്ഷ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം പെൻഷന് അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നതിനും ഇപ്പോൾ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്നവർക്കും താമസമില്ലാതെ അവ ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാകുന്നു. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. സ്വന്തമായി കെട്ടിടം ഇല്ലാത്ത ബാലവാടികൾക്ക് അത് നിർമ്മിക്കാനുള്ള സ്ഥലവും സാമ്പത്തിക സഹായവും നൽകുക. സമയാസമയങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനായി പ്രത്യേക സംവിധാനം ഉണ്ടാക്കുക. ബാലവാടികളിൽ കുട്ടികൾക്ക് കളിക്കുന്നതിന് ആവശ്യമായ കളിസ്ഥലവും കളിക്കോപ്പുകളും ലഭ്യമാക്കുവാൻ സഹായിക്കുക. മഹിളാ സമാജങ്ങൾ വഴി സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകുക.

തൊഴിലില്ലാത്തവർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള ധനസഹായം നൽകുക. കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തുക. ആവശ്യമായ വാർഡുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള സ്ഥലവും ധനസഹായവും കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനു വേണ്ടി ഒന്നോ രണ്ടോ മാവേലിസ്റ്റോർ പഞ്ചായത്തിൽ സ്ഥാപിക്കുക. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുക. 15 ദിവസം കൂടുമ്പോൾ വാർഡുകളിൽ മെഡിക്കൽ പരിശോധന നടത്തുക. പ്രതിരോധ കുത്തിവെയ്പ് യഥാസമയം നടത്തുക.

# 8. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ പട്ടികജാതിക്കാർ 1991 ലെ സെൻസസ് പ്രകാരം ലഭിച്ചിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ 1243 പേരും പട്ടികവർഗ്ഗക്കാർ 5 പേരും ആണ്. 4 അംഗീകൃത കോളനികളിലും പഞ്ചായത്തിന്റെ 9 വാർഡുകളിൽ കോളനികൾ അല്ലാത്ത സ്ഥലത്തും ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്നു. ഇവർക്ക് സ്വത്ത് എന്നു പറയുവാൻ കുടികിടപ്പു ഭൂമി മാത്രമേ ഉള്ളു. സാമൂഹിക സാമ്പത്തിക രംഗത്ത് വളരെക്കാലം ജാതീയമായ ചൂഷണങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും ഇന്ന് അവയിൽ നിന്ന് മോചനം നേടാനുള്ള ശ്രമത്തിലാണിവർ. നാനാജാതി വിഭാഗങ്ങളുമായി വളരെ ഐക്യത്തോടെ ജീവിക്കുന്നു. പൊതുവായ പരിപാടികളിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എങ്കിൽതന്നെ ഇതിന്റെ വിജയകരമായ നടത്തിപ്പിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തിയിരുന്നില്ല. പ്രത്യേകിച്ച് ഇത്തരം വിഷയങ്ങളെക്കുറിച്ച് അറിവില്ലാത്തതും പദ്ധതികളുടെ സുതാര്യമല്ലാത്ത നിബന്ധനകൾകൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ തന്നെയും ഇതിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് കോളനികൾക്കാണ്. എന്നാൽ പരിഹരിക്കാത്ത ഒട്ടേറെ പ്രശ്നങ്ങൾ കോളനികളിൽ ഉണ്ട്.

ലഭ്യമായ കണക്കുപ്രകാരം കോളനിയടക്കം 1243 പേർ താമസിക്കുന്നു. അംഗീകാരം ലഭിക്കേണ്ട കോളനികൾ താഴെ 4-ാം പട്ടികയിൽ ചേർക്കുന്നു.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C. വരെ പഠിച്ചവർ തുടർന്നു പഠിക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല. സാമ്പത്തിക രംഗത്ത് ഓരോ കുടുംബത്തിന്റെയും പിന്നോക്കാവസ്ഥയാണ് കാരണം. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്കരണ പരിപാടികൾ നടത്തേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറച്ചുപേർ മാത്രം. ഇവർ തൊഴിൽ രഹിതരായി കഴിയുന്നത് പഠിക്കുവാനുള്ള മറ്റു വിദ്യാർത്ഥികളുടെ താല്പര്യം കുറയുന്നതിനു കാരണമാകുന്നു. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ ജോലികൾ ലഭിക്കേണ്ടതാകുന്നു. എങ്കിൽ മാത്രമേ ഈ അവസ്ഥ മാറുകയുള്ളു.

## തൊഴിൽ

കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ് ഭൂരിഭാഗവും. കാർഷിക മേഖലയിലുണ്ടായ തകർച്ച ഈ രംഗത്തെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനു കാരണമായി. ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു തൊഴിലുകളിൽ ഏർപ്പെടുവാൻ ഇവർ നിർബന്ധിതരായി. ഇതിൽ ഭൂരിഭാഗവും നിർമ്മാണരംഗത്ത് എത്തിച്ചേർന്നു. പട്ടികജാതിക്കാരായ ഇവർ പാടത്തും പറമ്പിലും പണിയെടുക്കുന്നവരായതുകൊണ്ട് സമൂഹത്തിൽ ഇവർക്കു വേണ്ടത്ര മാന്യത കല്പിക്കാറില്ല. ആയതുകൊണ്ട് യുവതലമുറ ഈ രംഗത്തു കടന്നുവരുന്നില്ല. ഈ പ്രവണതയിൽ സമൂലമായ മാറ്റം കാർഷികരംഗത്ത് ആവശ്യമാണ്. കാർഷിക രംഗത്ത് "കൊയ്ത്ത്" "നടീൽ" തുടങ്ങിയ പ്രവർത്തികൾക്ക് സ്ത്രീകളെ കിട്ടാറില്ല. മത്സ്യബന്ധന രംഗത്ത് പട്ടികജാതിക്കാരുടെ പങ്കുണ്ട്. ഉത്പാദനത്തിലോ വിതരണത്തിലോ ഇവർക്ക് നേരിട്ട് ബന്ധ

മില്ലാത്തതുകൊണ്ട് തൊഴിൽ രംഗത്ത് വേണ്ടത്ര വളർച്ച ഉണ്ടായിട്ടില്ല. ഇത്തരം മേഖലകളിൽ ഇവരുടെ പങ്ക് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു.

തൊഴിൽ രഹിതരായ യുവതിയുവാക്കളുടെ നീണ്ട നിര തന്നെ പഞ്ചായത്തിലുണ്ട്. IRDP പോലുള്ള പദ്ധതി പ്രകാരം വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇവർക്കു കഴിയുന്നില്ല. ബാങ്ക് വായ്പകൾ ലഭ്യമാക്കാൻ നിബന്ധനകളിൽ സമൂലമാറ്റം ആവശ്യമാണ്. എങ്കിൽ മാത്രമേ പുതിയ തൊഴിൽ രംഗങ്ങളിൽ ഇവർക്ക് കടന്നു ചെല്ലാൻ കഴിയുകയുള്ളു.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതിയുടെ പ്രയോജനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിച്ചവർ കോളനിവാസികളാണ്. ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. പലരും പല ഏജൻസികളിൽ നിന്ന് വായ്പ എടുത്ത് കടക്കെണിയിൽ ആയവരാണ്. വീടു വയ്ക്കുന്നതിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളുടേയും പണി പൂർത്തീകരിച്ചിട്ടില്ല. ഈ തുക വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഭൂരഹിതരായവരെ കണ്ടെത്തി പുനഃരധിവാസ പദ്ധതി പ്രകാരം ഭവനം നൽകേണ്ടവർ വളരെയുണ്ട്.

## പൊതു ആവശ്യം

കോളനികളിൽ കൂട്ടമായി താമസിക്കുന്നവരും ഇതര സമുദായങ്ങളുടെ ഇടയിൽ ജീവിക്കുന്നവരുമായ പട്ടികജാതിക്കാരുടെ മുഖ്യപ്രശ്നം ഇവർക്ക് ഒരു പൊതു ശ്മശാനം ഇല്ല എന്നുള്ളതാണ്. സ്വന്തമായിട്ടുള്ള സ്ഥലത്ത് തന്നെ ജഡം ദഹിപ്പിയ്ക്കണം. നാലുസെന്റ് കോളനിയിൽ താമസിക്കുന്ന വർക്കാണ് ഇക്കാര്യത്തിൽ ഏറെ ബുദ്ധിമുട്ട്. കടമക്കുടിയിലുള്ള പൊതുശ്മശാനത്തിൽ ജഡം കൊണ്ടുവന്ന് മറവു ചെയ്യുന്നത് ഏറെ ബുദ്ധിമുട്ടാണ്. മറ്റു പ്രദേശങ്ങളിൽ നിർബന്ധമായും പൊതുശ്മശാനങ്ങൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇതര സമുദായങ്ങളുടെ എതിർപ്പ് ശ്മശാനങ്ങൾ ലഭിക്കാതിരിക്കാൻ കാരണമായിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം ആവശ്യമാണ്.

പൊതു കക്കൂസുകൾ ഇല്ലാത്തത് വലിയ പ്രശ്നമാണ്. കോളനികളിലാണ് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. സ്ഥലപരിമിതിയാണ് കാരണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് പൊതു കക്കൂസ് നിർമ്മിക്കേണ്ടിയിരിക്കുന്നു. മേൽപറഞ്ഞവയെ കുറിച്ചുള്ള പട്ടിക 2-ൽ ചേർക്കുന്നു.

## പ്രശ്നങ്ങൾ

- ★ പൊതുശ്മശാനം ഇല്ല
- ★ കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
- ★ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
- ★ വീടു വയ്ക്കാൻ നൽകുന്ന ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.
- ★ തൊഴിൽ രഹിതർ കൂടുന്നു.
- ★ ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
- ★ കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.
- ★ മത്സ്യബന്ധന രംഗത്ത് ശരിയായ വളർച്ച കൈവരിക്കുന്നില്ല.
- ★ കർഷക തൊഴിലാളി പെൻഷനുകൾ ലഭിക്കുന്നില്ല.
- ★ ഐ.ആർ.ഡി.പി. പദ്ധതിയും മറ്റ് പദ്ധതികളും യഥാസമയം ലഭിക്കുന്നില്ല. ലഭിക്കുന്നവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- ★ പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുവാൻ ഉപകരിക്കുന്നില്ല.
- ★ പട്ടികജാതി-വർഗ്ഗ ക്ഷേമത്തിനു വേണ്ടി ചെയ്യുന്ന പദ്ധതികളെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇവരിൽ നിന്ന് സ്വീകരിക്കുന്നില്ല.

## സാദ്ധ്യതകൾ

### വൈദ്യുതി

ചരിയംതുരുത്ത് IHDP കോളനി, 3 സെന്റ് കോളനി, കണ്ടനാട്, കോരാമ്പാടം കോളനി പാല്യംതുരുത്ത് കോളനി ഇവിടങ്ങളിലെ വീടുകൾ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടില്ല. വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

### കുടിവെള്ളം

കോളനികളിലും പൊതുവെ മറ്റിടങ്ങളിലും കുടിവെള്ള ക്ഷാമം നിലവിലുണ്ട്. കിണർ, കുഴൽ

കിണറുകൾ സ്ഥാപിച്ചിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം.

## റോഡുകൾ

ചരിയംതുരുത്ത്, പുതുശ്ശേരി, പിഴല, പാല്യം തുരുത്ത്, കോരാമ്പാടം എന്നീ കോളനി പ്രദേശങ്ങളിൽ റോഡുകൾ സഞ്ചാരയോഗ്യമല്ല. ഫലപ്രദമായ നടപടി ആവശ്യമായിരിക്കുന്നു.

ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് അറിവു ലഭിക്കുന്ന വിധത്തിൽ ബോധവത്ക്കരണപരിപാടി നടപ്പിലാക്കണം. ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ പ്രത്യേക സെൽ രൂപീകരിക്കേണ്ടതുണ്ട്. പട്ടികജാതി-വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണം ഫലപ്രദമായി ലഭിക്കണമെങ്കിൽ മാനദണ്ഡങ്ങൾ ലഘൂകരിച്ച് ലളിതമായ വ്യവസ്ഥകളിൽ വായ്പകൾ കൊടുക്കണം. കഴിയുന്നതും പഞ്ചായത്ത്, ബ്ലോക്ക് തലത്തിൽ ഇതിനുള്ള നടത്തിപ്പ് ഉണ്ടാകണം. പട്ടികജാതി, വർഗ്ഗ ക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു.

★ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യതകൾ ഉറപ്പു വരുത്തുക.

★ വാർഡ് അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക് ഉപകരണം നിർമ്മിക്കൽ, ബുക്ക് നിർമ്മാണം, ബാഗ് നിർമ്മാണം, ചെരിപ്പ്, വർക്ക് ഷോപ്പ് യൂണിറ്റുകൾ എന്നിവ തുടങ്ങുന്നതിനുള്ള വായ്പ ലഭ്യമാക്കണം. ഇത് വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

★ വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. പഞ്ചായത്തിലെ കോളനികളിൽ മുൻഗണന നൽകി ഇതിന് എല്ലാ വിധസഹായവും നൽകുക.

★ പട്ടികജാതി-വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വായ്പകളും ധനസഹായവും പഞ്ചായത്തു വഴി വിതരണം ചെയ്യണം. ഇതിന്റെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് പഞ്ചായത്തിനെ ഏൽപ്പിക്കണം.

★ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുക. ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് പഞ്ചായത്ത് സ്ഥലങ്ങളിൽ പ്രത്യേകം Industrial Development Estate സ്ഥാപിക്കാൻ സ്ഥലം അനുവദിക്കണം.

★ പട്ടികജാതിക്കാരുടെ അന്യാധീനപ്പെട്ട ഭൂമികൾ തിരിച്ചു നൽകുക. ഇവിടെ പുതിയ കൃഷികൾ ആരംഭിക്കുന്നതിനും, ശാസ്ത്രീയ ചെമ്മീൻ കൃഷി, മത്സ്യകൃഷി ഇവ ചെയ്യുന്നതിനും ധനസഹായങ്ങൾ ലഭ്യമാക്കുക.

★ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ പട്ടികജാതി-വർഗ്ഗ സമുദായത്തിലെ സാമൂഹ്യപ്രവർത്തകരുടെ അഭിപ്രായങ്ങൾ ആരായുക അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മാനിക്കണം.

★ പട്ടികജാതി സ്ത്രീകൾക്ക് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് കൃഷിഭവൻ വഴി വിത്തും വളവും കീടനാശിനികളും സൗജന്യമായി വിതരണം ചെയ്യുക.

★ പട്ടികജാതിക്കാർക്ക് വീടും സ്ഥലവും ലഭ്യമാക്കുക. സ്ഥലമുള്ളവർക്ക് വീടും കക്കൂസും നിർമ്മിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക. പുനഃരധിവാസ പദ്ധതിയിൽ ഇതിനുവേണ്ട ഫണ്ട് വകകൊള്ളിക്കണം.

★ വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

★ പട്ടികജാതി-വർഗ്ഗ കോളനികളിൽ മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ഓടകൾ കെട്ടുക. ചതുപ്പു പ്രദേശങ്ങൾ മണ്ണിട്ടു നികത്തുക.

★ പട്ടികജാതി-വർഗ്ഗ കോളനികളിലെ ബാലവാടികളിലും നേഴ്സറികളിലും അദ്ധ്യാപകരായും ആയമാരായും പട്ടികജാതി സ്ത്രീകളെ നിയമിക്കുക. ഇവർക്കുള്ള ശമ്പളം ഉറപ്പു വരുത്തുക.

★ നേഴ്സറികളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കണം. വായനശാലകൾ പൂന്തോട്ടങ്ങൾ T.V. സെന്ററുകൾ സ്ഥാപിക്കണം.

★ കോളനികളിൽ ആരോഗ്യപരിപാലനത്തെക്കുറിച്ചും മറ്റു വിഷയങ്ങളെക്കുറിച്ചും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

★ പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് പണ്ട് കൈവശം ഉണ്ടായിരുന്ന 10 ഏക്കർ മിച്ചഭൂമി ഈ വിഭാഗ

ങ്ങളുടെ ഉയർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ട്രസ്റ്റുകളുടെ പേരിൽ പതിച്ചു നൽകുക.

★ (1)ചരിയം തുരുത്ത് പുതുശ്ശേരി (2) ചേന്നൂർ കാരിക്കാട്ടു തുരുത്ത് (3) കോതാട് കോരാമ്പാടം കണ്ടനാട് (4) മൂലംമ്പിള്ളി (5) ചെറിയ കടമക്കുടി എന്നീ അഞ്ച് സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുക. വൈദ്യുതി, റോഡ്, വെള്ളം, ചുറ്റു മതിൽ എന്നീ സൗകര്യങ്ങൾ ഉറപ്പു വരുത്തുക.

★ പാല്യംതുരുത്ത് ശ്മശാനം റോഡ് സഞ്ചാര യോഗ്യമാക്കുക. ചുറ്റും മതിൽ കെട്ടുക, ചിമ്മിണി സ്ഥാപിക്കുക. വൈദ്യുതി കണക്ഷൻ നൽകുക.

★ പട്ടികജാതിക്കാർക്ക് ITC, NCVT നിലവാരത്തിലു ള്ളത് സ്ഥാപിക്കുക. ഇവിടെ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതിയുവാക്കളെ അദ്ധ്യാപകരായി നിയമിക്കുക.

### പട്ടികജാതി-വർഗ്ഗ ജനസംഖ്യ ചിത്രം I

| ക്രമനമ്പർ | വാർഡ് | സ്ത്രീ | പു |
|---|---|---|---|
| കടമക്കുടി | 1 | 75 | 77 |
| കടമക്കുടി | 2 | 45 | 53 |
| പാലിയംതുരുത്ത് | 3 | 29 | 30 |
| പിഴല | 4 | 49 | 49 |
| മൂലംമ്പിള്ളി | 5 | 119 | 108 |
| ചേന്നൂർ,ചരിയംതുരുത്ത് | 6 | 115 | 101 |
| കോതാട് | 7 | 52 | 63 |
| കണ്ടനാട് കോരാമ്പാടം | 8 | 146 | 132 |
| കാരിക്കാട്ടു തുരുത്ത് | - | - | - |

### പട്ടിക 2

**അംഗീകരിച്ചു കിട്ടേണ്ട കോളനികൾ പൊതു ആവശ്യങ്ങളും ചേർക്കുന്നു**

| വാർഡ് | ശ്മശാനം | റോഡ് | വീട് | പൊതു കക്കൂസ് |
|---|---|---|---|---|
| VI ചരിയം തുരുത്ത് | 3 സെന്റ് ഇല്ല | " | " | " |
| III പാലിയംതുരുത്ത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| VIII കോരാമ്പാടം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| IX കണ്ടനാട് കാരിക്കാട്ടു തുരുത്ത് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

# 9. വ്യവസായം

വ്യവസായ മേഖലയിൽ കടമക്കുടി പഞ്ചായത്തിന് കാര്യമായ നേട്ടമൊന്നും കൈവരിക്കാനായിട്ടില്ല. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ല. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ പകുതിയോളം വരുന്നവർ അദ്ധ്വാനശേഷി കൈമുതലായിട്ടുള്ളവരാണെങ്കിലും അവരെ ഉത്പാദന പ്രക്രിയയുമായി ബന്ധപ്പെടുത്തി വ്യവസായിക വികസനത്തിൽ മുതൽക്കൂട്ടാക്കുവാൻ കഴിഞ്ഞില്ല. കൂലിവേലക്കാർ ഉൾപ്പെടെ വിവിധ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 4189 ആണ്. അതിൽ 3190 പേർ പുരുഷന്മാരും 99 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ 2 തടിമില്ലുകളിലും, 3 ചെറുകിട വ്യവസായ യൂണിറ്റിലുമായി അമ്പതോളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ ഇഷ്ടിക നിർമ്മാണം, കളിമൺ ചട്ടി നിർമ്മാണം എന്നിവ ഇന്ന് നാശത്തിന്റെ വക്കിലാണ്.

ഒരു കാർഷിക മേഖലയായ കടമക്കുടി പഞ്ചായത്തിൽ കൂടുതൽ ആളുകൾ പണിയെടുക്കുന്നത് കെട്ടിട നിർമ്മാണ മേഖലയിലാണ്. വിവിധ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു. | സ്ത്രീ | ആകെ |
| കർഷക തൊഴിലാളികൾ | 164 | 65 | 229 |
| മത്സ്യബന്ധനം, മൃഗ സംരക്ഷണം | 345 | 25 | 370 |
| നിർമ്മാണ തൊഴിലാളികൾ | 686 | 13 | 899 |
| വീടുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായം | 19 | 8 | 27 |
| വീടുമായി ബന്ധമില്ലാത്ത മറ്റു ചെറുകിട വ്യവസായം | 706 | 172 | 878 |
| കച്ചവടം | 346 | 50 | 396 |
| കമ്മ്യൂണിക്കേഷൻ, ഗതാഗതം, സ്റ്റോർ | 261 | 15 | 276 |
| മറ്റു സർവ്വീസ് | 460 | 239 | 699 |
| നാമ മാത്ര കൂലിവേലക്കാർ | 403 | 412 | 815 |
| ആകെ | 3190 | 999 | 4189 |

അവലംബം: 1991 സെൻസസ് റിപ്പോർട്ട്

## പ്രധാന തൊഴിൽ മേഖലകൾ

പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിന്റെ 47.16% (602 ഹെക്ടർ) പൊക്കാളിപ്പാടങ്ങളാണ്. ഈ മേഖലയിൽ ആവശ്യമായ തൊഴിലാളികളെ ലഭിക്കാത്തതു മൂലം ഉല്പാദനം പ്രതിസന്ധിയിലാണ്. ഒരു വശത്ത് തൊഴിലില്ലാത്തവരുടെ എണ്ണം പെരുകുമ്പോൾ കാർഷിക മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയാണ് മറുവശത്ത്. ഈ മേഖലയിലേയ്ക്ക് തൊഴിലാളികൾ പുതിയതായി കടന്നു വരാത്തത് സ്ഥിരമായി തൊഴിൽ ലഭിക്കുന്നില്ല എന്ന കാരണം കൊണ്ടും കൂലി കുറവു കൊണ്ടുമാണ്. ജോലിയെന്ന ബോധത്തെ കുറിച്ചുള്ള കാഴ്ചപ്പാടും മറ്റൊരു കാരണമാണ്. കൃഷിക്കാരനെ സംബന്ധിച്ച് കൃഷിക്ക് പരമ്പരാഗത രീതികൾ അവലംബിക്കേണ്ടി വരുന്നതുകൊണ്ട് ഉല്പാദന ചെലവ് വർദ്ധിക്കുകയും തന്മൂലം കൂലി വർദ്ധിപ്പിക്കാൻ പറ്റാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. ഇത് പരിഹരിക്കണമെങ്കിൽ പരമ്പരാഗത കൃഷി രീതികൾ ഉപേക്ഷിച്ച് ആധുനിക കൃഷി രീതികൾ അവലംബിക്കേണ്ടിയിരിക്കുന്നു. ആധുനികവൽക്കരണത്തിലൂടെ ഉല്പാദനം വർദ്ധിക്കുമ്പോൾ തൊഴിലാളി കൾക്ക് കൂലി കൂടുതൽ നൽകുവാൻ കഴിയും. കാർഷിക ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയാൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കും. താഴെ പറയുന്ന വ്യവസായ യൂണിറ്റുകൾ ഈ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

1. നെല്ലു സംഭരിച്ച് അരി ഉല്പാദനം നടത്തുക.
2. നാളികേര സംഭരണവും സംസ്കരണവും.
3. ചകിരി ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മാണം.
4. ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മാണം.
5. തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണീച്ചർ

യൂണിറ്റ്.

## മത്സ്യബന്ധന മേഖല

പഞ്ചായത്തിൽ ലഭ്യമായ മത്സ്യസമ്പത്ത് ഉപയോഗപ്പെടുത്തി നിരവധി ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ കഴിയും. അങ്ങിനെ തുടങ്ങാവുന്ന വ്യവസായ യൂണിറ്റുകൾ താഴെ കൊടുക്കുന്നു.

1. ചെമ്മീൻ തീറ്റ ഉല്പാദനത്തിന്.
2. ചെമ്മീൻ സംസ്കരിച്ച് ടിൻഫുഡ് ഉല്പാദനം.
3. ചെമ്മീൻ ഉണക്കി പാക്കറ്റുകളിലാക്കി വില്ക്കുന്ന യൂണിറ്റും, ചെമ്മീൻ അച്ചാർ ഉല്പാദിപ്പിക്കുന്ന യൂണിറ്റും.
4. ഐസ് പ്ലാന്റ്
5. മത്സ്യാവശിഷ്ട്ടം ഉപയോഗിച്ചുണ്ടാക്കുന്ന വള നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം.
6. നൈലോൺ വല നിർമ്മാണം.

## നിർമ്മാണ മേഖല

കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നവരുടെ എണ്ണം 1500 ഓളം വരും. ഇതിൽ ഭൂരിഭാഗവും പഞ്ചായത്തിനു പുറത്താണ് പണിയെടുക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ രംഗത്തേയ്ക്ക് ധാരാളം ആളുകൾ ആകർഷിക്കപ്പെട്ടിട്ടുണ്ട്. ഈ മേഖല കേന്ദ്രീകരിച്ചും ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചാൽ കുറച്ചുപേർക്കു കൂടി തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്താം.

### തുടങ്ങാവുന്ന വ്യവസായ യൂണിറ്റുകൾ

1. കെട്ടിട നിർമ്മാണത്തിനാവശ്യമായ കോൺക്രീറ്റ് കട്ടിള, ജനൽ, ക്രാസി മുതലായവ.
2. മണൽ ഇഷ്ടിക നിർമ്മാണം/ഹോളോ ബ്രിക്സ്.
3. ഫർണീച്ചർ വ്യവസായം

## പരമ്പരാഗത വ്യവസായമേഖല

പഞ്ചായത്തിൽ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങളായ കളിമൺ ചട്ടി നിർമ്മാണം, ഇഷ്ടിക നിർമ്മാണം, തൊണ്ടുതല്ല്, കുമ്മായച്ചൂള എന്നിവ ഇന്ന് നാശത്തിന്റെ വക്കത്താണ്. ഇപ്പോൾ 3 ഇഷ്ടിക വ്യവസായ യൂണിറ്റുകളും, ഒരു കളിമൺ ചട്ടി നിർമ്മാണശാലയും യന്ത്രവൽക്കരിച്ച ഒരു തൊണ്ടുതല്ലു മില്ലുമാണ് അവശേഷിക്കുന്നത്. ഈ മേഖലയിൽ ഇപ്പോൾ ഇരുപതോളം പേർ ജോലി ചെയ്യുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് ഈ വ്യവസായങ്ങൾ നേരിടുന്ന ഭീഷണി, സഹകരണ അടിസ്ഥാനത്തിൽ ഈ വ്യവസായങ്ങൾ പുനർജീവിപ്പിക്കാവുന്നതാണ്.

## പരിഹാര മാർഗ്ഗങ്ങൾ

1. കാർഷിക മേഖലയിൽ ആധുനികവൽക്കരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കണം.
2. ഏലൂർ മേഖലയിൽ നിന്നും വരുന്ന മലിന ജലത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ജനകീയ ഇടപെടലും ഉണ്ടാകണം.
3. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ആധുനിക രീതിയിൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ലഭ്യമാക്കണം. അതോടൊപ്പം അസംസ്കൃത വസ്തുവായ ക്ലേ, കക്ക, മടൽ എന്നിവ ലഭ്യമാക്കണം.
4. സ്വയം തൊഴിൽ പദ്ധതികളും ചെറുകിട വ്യവസായങ്ങളെ കുറിച്ചും അവർക്ക് അതിൽ നേട്ടങ്ങൾ ഉണ്ടാക്കണമെന്നും ബോധ്യപ്പെടുത്തത്തക്ക രീതിയിൽ ബോധവൽക്കരണങ്ങൾ നടത്തണം.
5. ഉല്പാദന സാധ്യതകളെ കുറിച്ച് അറിവുണ്ടാകുന്ന രീതിയിൽ സെമിനാറുകൾ സംഘടിപ്പിക്കണം.
6. വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന രീതിയിൽ ലൈസൻസ്, വൈദ്യുതി, മറ്റു പശ്ചാത്തല സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.
7. വ്യവാസയങ്ങൾ തുടങ്ങുവാൻ പശ്ചാത്തല സൗകര്യങ്ങൾ കൂടുതലായും എളുപ്പമായി ലഭിക്കുന്ന രീതിയിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുക.
8. ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യമായ പൊതു മാർക്കറ്റ് തുടങ്ങുക.
9. പഞ്ചായത്തിലെ ഓരോ വാർഡിലും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാതൃകയിൽ രണ്ടു കെട്ടിടമെങ്കിലും നിർമ്മിച്ച വാടകയ്ക്ക് നൽകുക.

സാമ്പത്തിക പ്രക്രിയയിലെ അവിഭാജ്യ ഘടകങ്ങളാണ് പ്രകൃതി വിഭവങ്ങൾ. ഈ വിഭവങ്ങളിൽ മനുഷ്യ അദ്ധ്വാനം കെട്ടഴിച്ചു വിടുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് നാം ചെയ്യേണ്ടത്. ഇതുമൂലം

നമ്മുടെ പഞ്ചായത്തിനും രാജ്യത്തിനും ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയും.

ഇന്ത്യയിൽ 7500 ലധികം വിവിധ ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇവയുടെ വില 2 ലക്ഷം കോടി രൂപ വരുമെന്നാണ് കണക്കാക്കുന്നത്. അതിൽ 80,000 കോടി രൂപയ്ക്കുള്ള ഉല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. ഈ സാധ്യതകൾ നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. അതിനുള്ള കാരണം അടിസ്ഥാന സൗകര്യങ്ങളുടെ കുറവും, ചെറുകിട വ്യവസായത്തിന്റെ സാധ്യതകളെ കുറിച്ചുള്ള അറിവില്ലായ്മയും ആണ്.

പഞ്ചായത്തിലെ തൊഴിൽ സംരംഭകരെയാകെ രജിസ്റ്റർ ചെയ്യിക്കുകയും സ്വന്തം അഭിരുചിക്കനുസൃതമായി സ്വയം തൊഴിലും സംരംഭങ്ങളും തെരഞ്ഞെടുക്കുന്നതിനായി സാങ്കേതിക ഉപദേശങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും ലഭിക്കുന്ന രീതിയിൽ Self Employment രൂപീകരിക്കുകയും സെമിനാറുകൾ, വ്യവസായ സംരംഭക പരിശീലനങ്ങൾ, പ്രദർശന മേളകൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവയിലൂടെ ഉല്പാദന രംഗത്തെ വിവിധ സാദ്ധ്യതകളെപ്പറ്റി പൊതുജനങ്ങൾക്ക് അറിവ് നല്കുകയും ചെയ്താൽ ചെറുകിട വ്യവസായ രംഗത്ത് വൻകുതിച്ചു കയറ്റം നടത്താനാവുന്നതാണ്. ഇത്തരം പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്തിന്റെ നേതൃത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ തുടങ്ങാവുന്ന ചെറുകിട വ്യവസായങ്ങളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 6**

**വിഭാഗം നമ്പർ**

1 നൈലോൺ വല നിർമ്മാണം

2 ശാസ്ത്രീയ കോഴി വളർത്തൽ

3 ആധുനിക രീതിയിലുള്ള ആയുർവേദ മരുന്നു നിർമ്മാണം

4 ഹവായ് ചെരുപ്പ്

5 ഫാൻസി ലതർ ഗുഡ്സ്

6 സ്കൂൾ ബാഗ്

7 പ്ലാസ്റ്റിക് ബട്ടൺ

8 അലങ്കാര പണിചെയ്ത തടികൊണ്ടുള്ള വീട്ടുപകരണങ്ങൾ

9 ലിക്വിഡ് ഡിറ്റർജന്റ്

10 ക്ലീനിംഗ് പൗഡർ

11 ഇലക്ട്രോണിക് ഫാൻ, റഗുലേറ്റർ, ചോക്ക്, സ്റ്റെബിലൈസർ

12 എമർജൻസി ലാമ്പ്

13 സ്വിച്ച് ബോർഡ്

14 ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ

15 അലക്കു സോപ്പ്

16 സോപ്പുപൊടി നിർമ്മാണം

17 കുട, നോട്ട്ബുക്ക് നിർമ്മാണം

18 ബാഗ്, റെയിൻകോട്ട് മുതലായ റെക്സിൻ ഉല്പന്നങ്ങൾ

19 കൂൺകൃഷി

20 സിമന്റ് ഇഷ്ടിക നിർമ്മാണം

21 റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം

22 കിടക്ക നിർമ്മാണം

**പട്ടിക 8**

**ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള മറ്റു വ്യവസായങ്ങൾ**

1 സോഡാ ഫാക്ടറി

2 കറിപൗഡർ, ചിപ്സ്, അച്ചാറുകൾ നിർമ്മിക്കുന്ന യൂണിറ്റ്

3 നിത്യോപയോഗ സാധനങ്ങൾ പ്ലാസ്റ്റിക്കിൽ നിർമ്മിക്കുന്ന യൂണിറ്റ്

4 കൈത്തറി വ്യവസായം

5 വാഴനാര് ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കളുടെ ഉല്പാദന യൂണിറ്റ്

6 പട്ടുനൂൽ പുഴു വളർത്തൽ

7 മെഴുകുതിരി നിർമ്മാണം

8 ചന്ദനത്തിരി നിർമ്മാണം

# 10. വനിതാക്ഷേമം

**1950** ൽ നിലവിൽവന്ന ഇന്ത്യൻ ഭരണഘടനയിൽ വർണ്ണ-വർഗ്ഗ-ലിംഗ പരിഗണനകൾ കൂടാതെ എല്ലാ ഭാരതീയർക്കും സാമൂഹ്യവും സാമ്പത്തികവുമായ തുല്യപരിഗണന ഭരണഘടന വാഗ്ദാനം ചെയ്യുന്നു. സ്ത്രീ പുരുഷ സമത്വം ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്. മാത്രവുമല്ല ഭരണഘടനയുടെ 14, 15, (1–3), 16 (2), 24, 39, (a,d,e,f) വകുപ്പുകൾ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിരക്ഷ വാഗ്ദാനം ചെയ്യുന്നു. പുരുഷന്മാർക്കൊപ്പം തന്നെ തുല്യപദവികളും തുല്യ അവസരങ്ങളും ഈ വകുപ്പുകൾ നിർദ്ദേശിക്കുന്നുണ്ട്. പക്ഷേ, ഇവയെല്ലാം നിയമത്തിൽ ഒതുങ്ങി നില്ക്കുന്നതേയുള്ളൂ. പുരുഷമേധാവിത്വം നിറഞ്ഞുനില്ക്കുന്ന നമ്മുടെ രാജ്യത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകൾ പലപ്പോഴും ഉപഭോഗ വസ്തുക്കളായി മാറുന്നു. എങ്കിലും അങ്ങിങ്ങ് വെള്ളിവെളിച്ചത്തിന്റെ നുറുങ്ങുകൾ പ്രതീക്ഷ നൽകുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ എണ്ണത്തിൽ കുറവാണെങ്കിലും ഈയടുത്ത കാലത്തായി സ്ത്രീകളുടെ എണ്ണം വർദ്ധിക്കുന്നു. അതിന്റെ പ്രതിധ്വനികൾ നമ്മുടെ ഗ്രാമാന്തർഭാഗങ്ങളിലും എത്തുന്നു എന്നത് ആശാവഹമാണ്. ദൈനംദിന വരുമാനം കൊണ്ടുമാത്രം കുടുംബം പുലർത്തുന്ന സാധാരണക്കാരും കൂലിപ്പണിക്കാരുമായ ആളുകളിൽ നിലനിന്നിരുന്ന മദ്യപാനശീലം കടമക്കുടി പഞ്ചായത്തിനെ ബാധിച്ചിരുന്ന ഒരു വലിയ വിപത്തായിരുന്നു. ഓരോ ദ്വീപിലും അംഗീകൃത ചാരായ ഷാപ്പുകളും ഉപഷാപ്പുകളും മൂന്നുകൊല്ലം മുമ്പുവരെ പ്രവർത്തിച്ചിരുന്നു. ഈ സാമൂഹ്യ തിന്മയ്ക്കെതിരെ കുടുംബിനികളും, സഹോദരികളും നടത്തിയ ത്യാഗോജ്ജ്വലമായ 'മദ്ധ്യവിരുദ്ധ സമരം എടുത്തുപറയത്തക്ക ഒന്നാണ്. കേരളത്തിൽ സമ്പൂർണ്ണ ചാരായ നിരോധനം നടപ്പാക്കുന്നതിന് വർഷങ്ങൾക്കു മുമ്പു തന്നെ മൂലമ്പിള്ളി ദ്വീപിൽ സ്ത്രീകൾ നടത്തിയ ഐതിഹാസിക മദ്യ വിരുദ്ധ സമരത്തിന്റെ തീജ്വാലയിൽ പഞ്ചായത്തിലെ മുഴുവൻ ചാരായഷാപ്പുകളും അടച്ചുപൂട്ടേണ്ടി വന്നത് കേരളത്തിന് ഉത്തമ മാതൃകയായിരുന്നു.

1991 ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ ജനസംഖ്യ 7319 ആണ് പുരുഷന്മാരുടെ ജനസംഖ്യ 7349 ആണ്. പഞ്ചായത്തിൽ നൂറിൽപരം കുടുംബങ്ങൾ സ്ത്രീകളുടെ സംരക്ഷണ ചുമതലയിലാണ്. 8 മഹിളാ സമാജങ്ങളുടെ സേവനം പഞ്ചായത്തിൽ ലഭ്യമാണ്. ഇതിന്റെ കീഴിൽ 5 ബാലവാടികളും 3 ഫീഡിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു പ്രത്യേക പദ്ധതിതന്നെ പഞ്ചായത്തിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ഓരോ വാർഡും 25–30 സ്ത്രീകൾ ചേർന്നുള്ള ചെറു സംഘങ്ങൾ ഉണ്ടാക്കുക. ഓരോ വാർഡിലുമുള്ള ചെറുസംഘങ്ങൾ ചേർത്ത് ഒരു വാർഡുതല ഫെഡറേഷൻ ഉണ്ടാക്കുക. പിന്നീട് ഓരോ വാർഡും പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഒരു കേന്ദ്ര ബോഡിയുമായി അഫിലിയേറ്റ് ചെയ്യുക എന്നിവ ഇതിന്റെ ഭാഗമാണ്. ഓരോ ചെറു സംഘത്തിനും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത ഭരണസമിതികൾ ഉണ്ടായിരിക്കും. ഓരോ സംഘത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ചേർന്ന് വാർഡ് തല ഫെഡറേഷൻ രൂപീകരിച്ച ശേഷം ഓരോ വാർഡ് പ്രതിനിധികളും പഞ്ചായത്തു കമ്മറ്റിയും ചേർന്ന് പഞ്ചായത്തുതല കേന്ദ്രബോഡി രൂപീകരിക്കുന്നു. വനിതാക്ഷേമവുമായി ബന്ധപ്പെട്ട പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങളും നേതൃത്വം നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്ത വനിതാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനവും പ്രവർത്തന ഫണ്ടും ലഭ്യമാക്കണം.

## പ്രശ്നങ്ങൾ

സാമൂഹ്യ സാമ്പത്തിക രംഗത്തെ സ്വയംപര്യാപ്ത

തയില്ലായ്മ സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് മൂല കാരണമാണ്. കാർഷിക, മത്സ്യ സംസ്കരണ മേഖല യിൽ ഭൂരിഭാഗം അദ്ധ്വാനവും സ്ത്രീകളാണ് ചെയ്യുന്ന തെന്നിരിക്കെ തൊഴിൽ മേഖലയിൽ കാണുന്ന തരം തിരിവും അവഗണനയും തുല്യ ജോലിക്ക് തുല്യ വേതനം ലഭ്യമല്ലാത്തയവസ്ഥ നീതീകരിക്കാനാവാ ത്തതാണ്. പട്ടിക കാണുക.

**പട്ടിക**

സ്ത്രീ തൊഴിലാളി

| കാർഷിക | മത്സ്യ | നിർമ്മാണ |
|---|---|---|
| 50 | 25 | 65-70 |

പുരുഷ തൊഴിലാളി

| | | |
|---|---|---|
| 75-80 | 50 | 100-120 |

മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പ്രാഥമിക - ആരോഗ്യ സൗകര്യങ്ങളില്ല.

സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള ഗ്രാമീണ സ്ത്രീകളുടെ അറിവില്ലായ്മയും, സാമ്പത്തിക പരാധീനതകളും നൂതന തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് തടസ്സമാകുന്നുണ്ട്.

തൊഴിൽ രംഗത്ത് ആവശ്യമായ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്.

മദ്യം മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യഫലങ്ങൾ കൂടുതലായി അനുഭവിക്കേണ്ടിവരുന്നു.

സാമൂഹ്യ രംഗത്ത് സ്ത്രീകളുടെ സംഘടിതവും ഫലപ്രദവുമായ ഇടപെടലുകളില്ലാത്തത് സാമൂഹ്യപ്രവർ ത്തകരായ വനിതകൾക്കു നേരെയുള്ള അവഗണന വർദ്ധിച്ചു വരുവാൻ കാരണമാകുന്നു.

സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമ ങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിന് നിയമങ്ങൾ ഉണ്ടായിട്ടും കഴിയുന്നില്ല. മാധ്യമങ്ങൾ സ്ത്രീപീഡന കഥകൾ പെരുപ്പിച്ചു കാണിക്കുന്നതും സർക്കാരുകളും രാഷ്ട്രീയ സംഘടനകളും അനാവശ്യമായി ഇക്കാര്യങ്ങളിൽ ഇടപെടുന്ന തും സ്ത്രീപീഡനത്തിന് ഇരയാകുന്നവരെ കൂടുതൽ അപമാനിക്കുവാൻ മാത്രമേ ഉതകുന്നുള്ളു.

## നിർദ്ദേശങ്ങൾ

1. കാർഷിക-മത്സ്യ സംസ്കരണ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് തുല്ല്യ ജോലിക്ക് തുല്ല്യ വേതനം നടപ്പാക്കണം.
2. മത്സ്യ സംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രാഥമിക-ആരോഗ്യ സൗകര്യങ്ങളും, തൊഴിൽ സംരക്ഷണവും (ക്ഷേമനിധി മുതലായവ) ഏർപ്പെടുത്തണം.
3. പിഴല തയ്യൽ പഠനകേന്ദ്രം, മൂലംപിള്ളിയിലെ കൈത്തൊഴിൽ കരകൗശല വസ്തു നിർമ്മാണ പഠനകേന്ദ്രം എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പഠിച്ച് പുറത്തുവരുന്ന പെൺകുട്ടികളെ ഉൾപ്പെ ടുത്തി വനിതകളുടെ നേതൃത്വത്തിൽ ഒരു സഹക രണ സംഘത്തിന് രൂപം നൽകുക.
4. തൊഴിൽ രംഗത്ത് സാങ്കേതിക പരിശീലന കേന്ദ്രം ആരംഭിക്കുകയും, ചുരുങ്ങിയ ചിലവിൽ ഇത് നല്കുകയും ചെയ്യണം.
5. സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് ഗ്രാമീണ വനിതകൾക്ക് അറിവ് നല്കുന്നതിനു വേണ്ടി പഠന ക്ലാസ്സുകളും, സെമിനാറുകളും നടത്തണം.
6. എല്ലാ വാർഡുകളിലും, വനിതകളുടെ നേതൃത്വ ത്തിൽ സ്വയം തൊഴിൽ സംരംഭങ്ങളും, ചെറുകിട ഉൽപ്പാദന വ്യവസായ യൂണിറ്റുകളും ആരം ഭിക്കണം.
7. കുടുംബമൊന്നിന് ഒരു അടുക്കളത്തോട്ടവും, മുട്ടക്കോഴി വളർത്തലും തുടങ്ങുന്നതിന് ആവശ്യ മായ സഹായങ്ങൾ, കൃഷിഭവൻ, മൃഗസംരക്ഷണ വകുപ്പ് എന്നീ ഏജൻസികളുമായി ബന്ധപ്പെട്ട സംഘടിപ്പിച്ചു കൊടുക്കുക.
8. സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ചെറു കിട തൊഴിൽ ശാലകളിലെ ഉല്പ്പന്നങ്ങൾ വിറ്റഴി ക്കുന്നതിന് ഒരു പൊതുമാർക്കറ്റ് വീതം ഓരോ ദ്വീപിലും സ്ഥാപിക്കുക.
9. വനിതകളുടെ നേതൃത്വത്തിൽ സഹകരണ ഡയറി യൂണിറ്റുകളും, ഭക്ഷ്യ വസ്തുക്കളും, ബേക്കറി സാധനങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ ആരം ഭിക്കുക.
10. സാമൂഹ്യ പ്രതിജ്ഞാബന്ധതയുള്ള ഒരു സമൂ ഹത്തെ വാർത്തെടുക്കുന്നതിനും, ഈ രംഗത്ത് സ്ത്രീകളുടെ ഫലപ്രദമായ ഇടപെടലുകളുണ്ടാ കുന്നതിനും വേണ്ടി ചർച്ചാക്ലാസ്സുകളും പ്രത്യേക പരിശീലനങ്ങളും സംഘടിപ്പിക്കുക.

11. 13 വയസ്സു മുതൽ വിവാഹ പ്രായം വരെയുള്ള വനിതകൾക്ക് ഗൃഹണി ട്രെയിനിംഗ് നല്കുക.

12. വിധവ-വാർദ്ധക്യകാല പെൻഷനുകൾ, വിധവകളുടെ മക്കൾക്കുള്ള ധനസഹായം എന്നിവ വർദ്ധിപ്പിക്കുകയും കാലതാമസം കൂടാതെ ഇവ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

13. അസംഘടിത മേഖലയിൽ ജോലിയെടുക്കുന്ന സ്ത്രീകളെ രാഷ്ട്രീയത്തിനതീതമായി സംഘടിപ്പിക്കുകയും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് സമ്മർദ്ദങ്ങൾ ചെലുത്തുകയും ചെയ്യണം. ഇത് വനിതകളുടെ നേതൃത്വത്തിൽ തന്നെയുള്ള സംഘങ്ങളായിരിക്കണം.

14. പഞ്ചായത്തിലെ 5 ബാലവാടികളും 3 റെഗുലർ സെന്ററുകളും അംഗൻ വാടികളാക്കി ഉയർത്തുകയും, ഇവയുടെ നടത്തിപ്പിന് പ്രത്യേക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

15. അംഗൻവാടി ടീച്ചർമാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതുണ്ട്.

16. മദ്യത്തിനെതിരെയും സ്ത്രീധന നിരോധനം ഫലപ്രദമാക്കുന്നതിനു വേണ്ടിയും സ്ത്രീകളുടെ നേതൃത്വത്തിൽ കർമ്മ സമിതികൾ രൂപീകരിക്കുകയും ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ നിയമ സംരക്ഷണം നല്കുകയും ചെയ്യണം.

# 11. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം - പ്രശ്നങ്ങൾ

പരസ്പരം ബന്ധിപ്പിക്കപ്പെടാതെ കായലിൽ ചിതറിക്കിടക്കുന്ന കടമക്കുടി ദ്വീപുകളിലെ ജനങ്ങളുടെ ഏക യാത്രാമാർഗ്ഗം ജലഗതാഗതമാണ്. വരാപ്പുഴ-എറണാകുളം, ചാത്തനാട്-എറണാകുളം, കടമക്കുടി-ചിറ്റൂർ, ഞാറയ്ക്കൽ-ഏലൂർ എന്നീ റൂട്ടുകളിൽ സ്വകാര്യ ഏജൻസികൾ ബോട്ടു സർവ്വീസ്സുകൾ നടത്തുന്നു. കടമക്കുടി-പാല്യംതുരുത്ത്-മുറിക്കൽ, പിഴല- ചരിയംതുരുത്ത്-ചേന്നൂർ, ചരിയംതുരുത്ത്-ചേന്നൂർ-തുണ്ടത്തുംകടവ്, കാരിക്കാട്ട് തുരുത്ത്-കണ്ടനാട്, പിഴല-കോതാട്, പിഴല-മൂലമ്പിള്ളി, എന്നീ വഞ്ചിക്കടത്തുകൾ വഴി ദ്വീപുകളെ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. കടമക്കുടി-ചാത്തനാട്, കണ്ടനാട്-ചേരാനല്ലൂർ, കോരാമ്പാടം- ചേരാനല്ലൂർ, കോരാമ്പാടം-ചിറ്റൂർ, മൂലമ്പിള്ളി-ചിറ്റൂർ എന്നീ കടത്തുകൾ കടന്നാൽ ബസ്സ് യാത്ര സൗകര്യപ്പെടുത്താം. രാത്രി 8 മണികഴിഞ്ഞാൽ വഞ്ചിക്കടത്തു സൗകര്യം ഇല്ലാതാകും.

കെട്ടിടനിർമ്മാണ സാമഗ്രികളും മറ്റു ചരക്കുകളും കൊണ്ടുവരുന്നതിനായി വള്ളങ്ങൾ ഉപയോഗിക്കുന്നു. ലോറിയിൽ എത്തുന്ന ചരക്കുകൾ വള്ളങ്ങളിൽ കയറ്റി ദ്വീപുകളിൽ എത്തിക്കുമ്പോൾ കയറ്റിറക്കു കൂലി ഇരട്ടിയായി വർദ്ധിക്കുന്നു. കൂടുതൽ ജലവാഹനങ്ങളിലൂടെയുള്ള യാത്ര വളരെയധികം സമയം നഷ്ടപ്പെടുത്തുന്നതാണ്. ദ്വീപുകളിൽ നിന്ന് എറണാകുളം നഗരത്തിൽ എത്തുന്നതിന് ഒന്നര മണിക്കൂറോളം വേണ്ടിവരുന്നു.

ബോട്ടിലും കടത്തുവഞ്ചിയിലും യാത്രചെയ്ത് ചിറ്റൂർ, കോതാട് എന്നീ ഫെറി ബസ്സ്റ്റാന്റിൽ വന്ന് അവിടെ നിന്നും ബസ്സിലാണ് അധികമാളു കളും യാത്ര ചെയ്യുന്നത്. എന്നാൽ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ പലതും സ്റ്റാന്റിൽ വരാതെ ഇടയ്ക്കുവെച്ച് ട്രിപ്പ് അവസാനിപ്പി ക്കുന്നതുകൊണ്ട് യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുന്നു. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർക്ക് യഥാസമയം സൈറ്റിൽ എത്തിച്ചേരുവാൻ സാധിക്കുന്നില്ല. ഇപ്പോൾ സർവ്വീസ് നടത്തുന്ന സ്വകാര്യ ബോട്ടുകളുടെ ട്രിപ്പും സമയവും യാത്രക്കാരുടെ സ്വകാര്യമനുസരിച്ചല്ല ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

കടമക്കുടി പഞ്ചായത്തിലെ എല്ലാവാർഡുകളിലേയും പ്രധാന റോഡുകൾ പലതും ഇപ്പോൾ സഞ്ചാരയോഗ്യമല്ല. തോടുകളും പാടങ്ങളും മണ്ണിട്ടു നികത്തിയാണ് പ്രധാനമായും ഇവിടെ റോഡുകൾ നിർമ്മിച്ചിരിക്കുന്നത്. ചെളി പ്രദേശമായതുകൊണ്ട് റോഡുകൾ താഴ്ന്നു പോകുകയും പല സ്ഥലങ്ങളിലും വെള്ളം കയറി മുങ്ങുകയും ചെയ്യുന്നു. എല്ലാ വർഷവും പഞ്ചായത്ത് ഭീമമായ തുക മുടക്കിയാണ് ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്.

പഞ്ചായത്തിലെ വളരെ ചുരുക്കം ചില റോഡുകൾക്കു മാത്രമേ കാനകൾ നിർമ്മിച്ചിട്ടുള്ളു. മെറ്റൽ ചെയ്തിട്ടുള്ള റോഡുകൾ ഒന്നുംതന്നെയില്ല. നിലവിലുള്ള കലുങ്കുകൾ പലതും പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

**പ്രധാന റോഡുകൾ പാലങ്ങൾ**

1. കടമക്കുടി ദ്വീപിൽക്കൂടി കടന്നുപോകുന്ന പോകേണ്ടിയിരുന്ന NH 17 ന്റെ അലൈൻമെന്റ് വരാപ്പുഴ-ഇടപ്പള്ളി എന്നാക്കി മാറ്റി നിശ്ചയിച്ച

പ്പോൾ സർക്കാർ വാഗ്ദാനം ചെയ്തിരുന്ന ഒന്നാണ് തുണ്ടത്തും കടവ്-ചേന്നൂർ- കോതാട്-ചിറ്റൂർ ലിങ്ക് റോഡ്. ഈ റോഡിനു വേണ്ടി കോടികൾ വിലമതി ക്കുന്ന സ്ഥലം നാട്ടുകാർ സൗജന്യമായി PWD യ്ക്ക് വിട്ടു കൊടുത്തിട്ടുള്ള താണ്. കോതാട്-ചിറ്റൂർ, കോതാട്-ചേന്നൂർ, ചേന്നൂർ-തുണ്ടത്തും കടവ് എന്നീ പാലങ്ങൾ പണിയുന്നതോടെ കോതാട്, കണ്ടനാട്, കോരാമ്പാടം, ചേന്നൂർ, കാരി ക്കാട്ടുതുരുത്ത് എന്നീ പ്രദേശങ്ങളെ എറണാ കുളം-പറവൂർ മേഖലയുമായി ബന്ധിപ്പിക്കുവാൻ സാധിക്കും.

2. കടമക്കുടി-വരാപ്പുഴ റോഡ് ഇന്ന് സഞ്ചായരോ ഗ്യമല്ല. 8 മീറ്റർ വീതി യുള്ള ഈ റോഡ് സൈഡ് വാൾ നിർമ്മിച്ച് ടാർ ചെയ്താൽ കടമക്കുടി യിൽ നിന്നും പറവൂർ-ആലുവ മേഖലയിലേയ്ക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ സാധിക്കും. പുനശ്ശേരി ഭാഗത്തെ സ്ലൂയിസ്-കം ബ്രിഡ്ജ് വീതികൂട്ടി പുതുക്കിപ്പണിയുകയും വേണം.

3. കടമക്കുടി-വരാപ്പുഴ റോഡിൽ പുതുശ്ശേരി ഭാഗത്തെ റോഡ് ചരിയംതുരുത്ത് തെക്കേ ബോട്ടുജെട്ടി വരെ നീട്ടുകയാണെങ്കിൽ ചരിയം തുരുത്ത് ദ്വീപിന് വാഹന സൗകര്യമാകും.

4. മൂലമ്പിള്ളി ദ്വീപിന്റെ പടിഞ്ഞാറുഭാഗത്ത് പുതിയ ഒരു റോഡ് നിർമ്മിച്ചാൽ മുളവുകാട് പഞ്ചായത്തു മായി ഒരു ചെറിയ പാലം വഴി ബന്ധിപ്പിക്കുവാൻ സാധിക്കും.

5. പിഴല-ചെറിയ കടമക്കുടി റോഡ് സൈഡ്വാൾ കെട്ടി ശക്തിപ്പെടുത്തണം.

6. മുളവുകാട്-ചെറിയ കടമക്കുടി-മുറിക്കൽ-വലിയ കടമക്കുടി- ചാത്തനാട് തീരദേശ ഹൈവേയ്ക്കും അതുമായി ബന്ധപ്പെട്ട നാലു പാലങ്ങളും നിർമ്മി ക്കേണ്ടിയിരിക്കുന്നു.

7. ചേന്നൂർ-പിഴല ഫെറി റോഡിന്റെ പണിതീരുന്ന തോടെ പിഴല തോടിൽ ഒരു പാലം നിർമ്മിച്ചാൽ കടമക്കുടി പഞ്ചായത്തിലെ കേന്ദ്ര ദ്വീപായ പിഴല യുമായി ബന്ധമാകും.

**ഗ്രാമസഭ നിർദ്ദേശിച്ച പുതിയ റോഡുകൾ**

Sl.No.റോഡിന്റെ പേര് നീളം മീറ്റർ വീതി മീറ്റർ ആവശ്യമായ പണി

**വാർഡ് I**

1 സാൻസിറാണി 100 3 പുഴയിൽ നിന്നും നികത്തിയെടുത്ത് സൈഡ്വാൾ കെട്ടി ട്രാവലിംഗ്

2 പ്രിയദർശിനി 100 2 കോൺക്രീറ്റ് ചെയ്യുക

3 ആത്തപ്പൻ റോഡ് 100 2 മെറ്റലിംഗ്

4 തച്ചത്ത് റോഡ് 100 2 ട്രാവലിംഗ്

5 പ്രഭാകരൻ വൈദ്യർ 300 3 സൈഡ്വാൾ കെട്ടി മെറ്റലിംഗ്

6. രാജീവ് ഗാന്ധി 150 3 സൈഡ്വാൾ കെട്ടി കോൺക്രീറ്റ്

**വാർഡ് II**

7. ശ്മശാനം റോഡ് 1500 4 മെറ്റലിംഗ്, ടാറിങ്ങ്

8. സമാന്തര റോഡ് 750 4 മെറ്റലിംഗ്, ടാറിങ്ങ്

9. പുതിയമഠം റോഡ് 100 2 മെറ്റലിംഗ്, ടാറിങ്ങ്

10. കളത്തിത്തറ റോഡ് 200 2 മെറ്റലിംഗ്, ടാറിങ്ങ്

11. തുണ്ടിയിൽ റോഡ് 300 2 മെറ്റലിംഗ്, ടാറിങ്ങ്

12. സന്ദലാൻ റോഡ് 250 2 ട്രാവലിംഗ് ബേബി മെറ്റൽ

13. രാഘവനാശാൻ റോഡ് 150 2 മെറ്റലിംഗ്

14. സ്വാമിമഠം റോഡ് 200 2 മെറ്റലിംഗ്

15. സെ. ആന്റണീസ് 10 2 മെറ്റലിംഗ്

16. മത്തശ്ശേരി 100 2 മെറ്റലിംഗ്

**വാർഡ് III**

17. കാളിക്ഷേത്രം 120 4 ബേബി മെറ്റലിംഗ്

18. തെ. ചൊവ്വ ക്ഷേത്രം 100 3 ബേബി മെറ്റലിംഗ്

19. വില്ലേജ് ഓഫീസ് 80 3 ബേബി മെറ്റലിംഗ്

20. കലുങ്ക് റോഡ് 50 3 ബേബി മെറ്റലിംഗ്

**വാർഡ് IV**

21. സിമിത്തേരിയ്ക്ക് തെക്കു വശത്തുള്ള റോഡ് - ജനകീയ റോഡ് 500 4 ഗ്രാവലിംഗ്

22. തെക്കേ കടത്തുകടവ് - പടിഞ്ഞാറെ ഭാഗം 800 4 കലുങ്ക് സൈഡ്വാൾ ഗ്രാവലിംഗ്

23. ചെറിയ കടമക്കുടി റോഡ് 600 4 സൈഡ്വാൾ ഗ്രാവലിംഗ്

24. ഇ.പി. ഫ്രാൻസിസ് റോഡ് 600 2 ഗ്രാവലിംഗ്

25. മാളികമുക്ക് - ബോട്ടുജെട്ടി 600 2 കലുങ്ക് ഗ്രാവലിംഗ്

വാർഡ് V

26. . കല്ലച്ചമ്മുറി 100 2 കാനാ ഗ്രാവലിംഗ്

27. കടേപ്പറമ്പിൽ 100 3 ഗ്രാവലിംഗ്

28. നെടുംപറമ്പിൽ 100 3 ഗ്രാവലിംഗ് കാനാ

വാർഡ് VI

29. പുതുദശ്ശേരി - ചരിയംതുരുത്ത് k. 1000 6 സൈഡ്‌വാൾ ഗ്രാവലിംഗ്

30. തിട്ടയിൽ റോഡ് 200 3.6 ഗ്രാവലിംഗ്

31. മരണാവശ്യസംഘം വെ. 75 2.5 ഗ്രാവലിംഗ്

32. ചരിയംതുരുത്ത് പള്ളി വെസ്റ്റ് 200 4 കാനാഗ്രാവലിംഗ്

33. തരിയംതുരുത്ത് പള്ളി S. 150 2 ഗ്രാവലിംഗ്

34. എം.പി. റോഡ് - വട്ടപ്പോട്ട 50 2 ഗ്രാവലിംഗ്

35. ആനക്കാട് റോഡ് 75 2 ഗ്രാവലിംഗ്

36. പുതുശ്ശേരി നോർത്ത് 175 2 സൗഡ്‌വാൾ ഗ്രാവലിംഗ്

37. അമ്പാട്ട് പറമ്പ് 75 2 ഗ്രാവലിംഗ്

38. ചരിയംതുരുത്ത് നോർത്ത് 150 2.5 ഗ്രാവലിംഗ്

വാർഡ് VII

39. സെ. മേരീസ് ചാപ്പൽ നോർത്ത് 300 2 ഗ്രാവലിംഗ്

40. പൊക്കത്തുകവല കെ.ടി. സ്റ്റീഫൻ 200 2 ഗ്രാവലിംഗ്

41. വയലിത്തറ - തച്ചുതറ 150 2 ഗ്രാവലിംഗ്

42. കോതാട് ട. കുട്ടിറോഡ് 400 4 സൗഡ്‌വാൾ ഗ്രാവലിംഗ്

വാർഡ് VIII

43. സെ. മേരീസ് ചർച്ച് 1000 4 കലുങ്ക് സൗഡ്‌വാൾ ഗ്രാവലിംഗ്

44. ശ്രീ. പതി മാസ്റ്റർ 1000 4 കലുങ്കുകൾ ഫില്ലിംഗ് ഗ്രാവലിംഗ്

45. ബിജു റോഡ് 400 3.6 കലുങ്കുകൾ ഫില്ലിംഗ് ഗ്രാവലിംഗ്

46. ഹൈസ്കൂൾ റോഡ് 300 4 ഫില്ലിംഗ് ഗ്രാവലിംഗ്

47. ടി.ജി. റോഡ് 300 3 ഫില്ലിംഗ് ഗ്രാവലിംഗ്

48. സൊസൈറ്റി റോഡ് 400 3 ഫില്ലിംഗ് ഗ്രാവലിംഗ്

49. മരോട്ടിപ്പറമ്പ് 500 4 ഫില്ലിംഗ് ഗ്രാവലിംഗ്

50. പാലിയൻ റോഡ് 760 4 കലുങ്കുകൾ ഫില്ലിംഗ് ഗ്രാവലിംഗ്

51. കോസ്റ്റൽ റോഡ് 500 4 ഫില്ലിംഗ് ഗ്രാവലിംഗ്

52. കളത്തിപ്പടി 500 4 ഫില്ലിംഗ് ഗ്രാവലിംഗ്

53. ബാലവാടി 50 4 ഗ്രാവലിംഗ്

വാർഡ് LX

54. വി.കെ. കറുപ്പൻ 550 3 ഗ്രാവലിംഗ്

55. ലക്ഷംവീട് 300 4 ഗ്രാവലിംഗ് ഫില്ലിംഗ്

56. കണ്ടനാട് ഷാപ്പുംകടവ് 200 4 ഗ്രാവലിംഗ്

57. ഷാപ്പുംകടവ് ജെട്ടി 600 4 കലുങ്ക് സൈഡ്‌വാൾ ഗ്രാവലിംഗ്

**നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണം.**

Sl.No. പേര് നീളം വീതി പണിയുടെ സ്വഭാവം

വാർഡ് L

1. മെയിൻ റോഡ് 750 3.6 കാനാ മെറ്റലിംഗ് ടാറിങ്ങ്

2. സെ. ജോർജ് ചാപ്പൽ 220 2 മെറ്റലിംഗ് ടാറിങ്ങ്

3. ഇന്ദിരാജി 190 2 കാനാമെറ്റലിംഗ് ടാറിങ്ങ്

4. M.K. ജോസഫ് 150 2 വീതികൂട്ടി കാനാ മെറ്റലിംഗ്

5. തുണ്ടിയിൽ 350 2 " "

6. M.C ജോസഫ് 230 2 സൈഡ്‌വാൾ മെറ്റൽ ടാറിങ്ങ്

7. നാല്സെന്റ് കോളനി 160 2 കാനാ മെറ്റലിംഗ് ടാറിങ്ങ്

വാർഡ് IL

8. കടമക്കുടി വരാപ്പുഴ 3000 8 സൈഡ്‌വാൾ മെറ്റൽ ടാറിങ്ങ് പാലം

9. ക്ഷേത്രം തെ. ജെട്ടി 1750 3.6 കാനാ സൈഡ്‌വാൾ മെറ്റൽ ടാറിങ്ങ്

10. ശ്മശാനം റോഡ് 200 2.5 കാനാ മെറ്റലിംഗ് ടാറിങ്ങ്

11. ഗാന്ധി കൃഷ്ണൻ 200 2.5 വീതികൂട്ടി മെറ്റൽ ടാറിംഗ്

12. നമ്പൂതിരിപ്പാട് 800 2 " "

13. സെൻട്രൽ ജെട്ടി 500 2.5 " "

14. O.L.H.C 500 2 " "

15. T.C.M.K 200 2 " "

16. C. നിവേദിത 200 2 " "

വാർഡ് III.

17. പാലിയംതുരുത്ത് 300 3.5 സൈഡ്‌വാൾ മെറ്റലിംഗ് ടാറിങ്ങ്
18. ജനകീയ റോഡ് 600 3.5 മെറ്റലിംഗ് ടാറിങ്ങ് കാനാ
19. പാലിയംതുരുത്ത് കോളനി 200 3.5 ഗ്രാവലിംഗ്
20. പാലിയംതുരുത്ത് S.C. റോഡ് 140 3.5 മണ്ണിട്ട് പൊക്കി സൈഡ്‌വാൾ ഗ്രാവലിംഗ്
21. നാല് സെന്റ് കോളനി 150 3.5 " "
22. ശ്മശാനം റോഡ് 100 3.5 സൈഡ്‌വാൾ ട്രാവലിംഗ് റോഡ്
23. C.C. റോഡ് 100 2 ഗ്രാവലിംഗ്

വാർഡ് IV

24. ജനകീയ റോഡ് 800 3.5 മെറ്റലിംഗ് ടാറിങ്ങ് കാന
25. ജെട്ടി റോഡ് 300 3.5 " "
26. പ്രിയദർശിനി റോഡ് (M.L. ജോസഫ്) 500 2 വീതികൂട്ടി ഗ്രാവലിംഗ്
27. പിഴല ചെറിയ കടമക്കുടി റോഡ് 800 3.5 സൈഡ്‌വാൾ കലുങ്ക് ഗ്രാവലിംഗ്
28. ലക്ഷംവീട് റോഡ് 230 2 വീതികൂട്ടി ബോട്ടുജെട്ടി വരെ ഗ്രാവലിംഗ്
29. ജോൺസൺ റോഡ് 600 വീതികൂട്ടി ജെട്ടി കലുങ്ക് ഗ്രാവലിംഗ്
30. E.P. സെബാസ്റ്റ്യൻ റോഡ് 150 2 ഗ്രാവലിംഗ് കാന

വാർഡ് V

31. ജെട്ടി റോഡ് 200 4 കോൺക്രീറ്റ്
32. കൃഷിഭവൻ റോഡ് 500 3.5 ഗ്രാവലിംഗ്
33. മെയിൻ റോഡ് 1500 3.5 മെറ്റലിംഗ് ടാറിങ്ങ് കാന
34. കുറുംകോട്ട റോഡ് 500 3.5 സൈഡ്‌വാൾ ടാറിങ്ങ്
35. റേഷൻകട റോഡ് 300 2 വീതികൂട്ടി ഗ്രാവലിംഗ്
36. നാല് സെന്റ് കിഴക്ക് 500 3 ഗ്രാവലിംഗ്
37. ലക്ഷംവീട് 150 2 വീതികൂട്ടി കോൺക്രീറ്റ്
38. നാല് സെന്റ് പടിഞ്ഞാറ് 150 2 സൈഡ്‌വാൾ ഗ്രാവലിംഗ്
39. കോൺവെന്റ് 200 2 വീതികൂട്ടി കോൺക്രീറ്റ്
40. പാണ്ഡ്യംമാലി 500 3 വീതികൂട്ടി ഗ്രാവലിംഗ്
41. മുളവുകാട് റോഡ് 3000 6 പുതിയറോഡ് പാലം

വാർഡ് VI.

42. ചേന്നൂർ-പിഴല ഫെറി റോഡ് 2500 6 മെറ്റലിംഗ് ടാറിങ്ങ്
43. വട്ടപ്പോട്ട റോഡ് 150 3 സൈഡ്‌വാൾ ഗ്രാവലിംഗ്
44. നാലുസെന്റ് കോളനി 100 4 ഗ്രാവലിംഗ്
44. മാപ്പിളശ്ശേരി റോഡ് 500 6 സൈഡ്‌വാൾ ഗ്രാവലിംഗ്
45. തിട്ടേൽ റോഡ് 75 3 സൈഡ്‌വാൾ
46. ചരിയംതുരുത്ത് റോഡ് 1500 4 ഗ്രാവലിംഗ്
47. ചരിയംതുരുത്ത് വടക്കേ തുരുത്ത് 75 3 "
48. പരുത്തിജെട്ടി റോഡ് 75 4 "

വാർഡ് VII.

49. തെക്കേ ബോട്ട്ജെട്ടി- സെ. മേരീസ് ചാപ്പൽ 100 3.5 മെറ്റലിംഗ്
50. കാഞ്ഞിരക്കാട്ട് ജെട്ടി-ചെമ്മായത്തുപടി 650 3.5 "
51. സീലോട് - വയലിത്തറ 250 3.5 സൈഡ്‌വാൾ "
52. ചമ്മിണികോടത്ത് 200 3.5 "
53. സെ. മേരീസ് ചാപ്പൽ- ചെമ്മായത്തുപടി 500 3.5 "
54. O.L.H. കോളിനി 200 3.5 കാന ഫില്ലിംഗ്
55. ട്രാൻസ്ഫോർമർ-മുഴങ്ങത്തറ 400 3.5 സൈഡ്‌വാൾ ഫില്ലിംഗ്

വാർഡ് VIII.

56. കുട്ടിസാഹിബ് റോഡ് (P.W.D.) 1250 8 കാന സൈഡ്‌വാൾ മെറ്റലിംഗ് ടാറിങ്ങ്
57. P.W.D. റോഡ്- വായനശാല- കോരാമ്പാടം-കോതാട് ഫെറി 2500 4 മെറ്റലിംഗ് ടാറിങ്ങ്
58. P.W.D. റോഡ് കോരാമ്പാടം പുതിയ പള്ളി 600 4 സൈഡ്‌വാൾ ഫില്ലിംഗ് ഗ്രാവലിംഗ്
59. നാലുസെന്റ് കോളനി-ശ്രീപതി മാസ്റ്റർ-കോരാമ്പാടം സൗത്ത് 600 4 ഫില്ലിംഗ് മെറ്റലിംഗ് ടാറിങ്ങ്
60. ഹൈസ്കൂൾ- തെക്കുംഭാഗം 200 4 ഗ്രാവലിംഗ്
61. കുട്ടിറോഡ് - മരോട്ടിപ്പറമ്പ് - ഹൈസ്കൂൾ 500 4 ഗ്രാവലിംഗ്

62. K.S.C.S – കുട്ടിറോഡ് 250 4 “
63. കോരാമ്പാടം പാലിയംതുരുത്ത് – കടത്തുകടവ് 300 4 ഗ്രാവൽ മെറ്റലിംഗ്
64. കോരാമ്പാടം കളത്തിപ്പടി – പുതിയപള്ളി 300 4 ഗ്രാവൽ
65. കോതാട് ഫെറി–SC/ST കോളനി – പാലിയംതുരുത്ത് 500 6 ഫില്ലിംഗ് സൈഡ്‌വാൾ ഗ്രാവലിംഗ്
66. കോരാമ്പാടം പള്ളി തൈക്കൂടൻ ജോസഫ് വീടുവരെ 500 4 ഗ്രാവൽ
67. ശ്രീപതി മാസ്റ്റർ–നായാട്ടിപൈലി 200 4 ഗ്രാവലിംഗ്
68. മുക്കണ്ണിത്തോട് ആഴം കൂട്ടി സൈഡ്‌വാൾ കെട്ടുക

വാർഡ് IX

69. മാത്യൂതോട്ടകത്ത് റോഡ് 550 3.6 ടാറിംഗ്
70. സമാജം റോഡ് 600 3.6
71. Dr. അംബേദ്കർ 560 6 സൈഡ്‌വാൾ, റീ ടാറിംഗ്
72. ചെന്നാട്ട് ലൈൻ 350 3 ” “
73. ലെന്തപ്പറമ്പിൽ ലൈൻ 300 3 ഗ്രാവലിംഗ്
74. ഇന്ദിരാജി 560 3.6 ടാറിംഗ്
75. നാലുസെന്റ് കോളനി 200 3.6 സൈഡ്‌വാൾ മെറ്റലിംഗ്
76. കാരിക്കാട്ട് തുരുത്ത് കടത്തുകടവ് 160 3.6 മെറ്റലിംഗ്

## ഗ്രാമസഭകൾ നിർദ്ദേശിച്ച പാലങ്ങൾ

| | പാലം | നീളം (മീറ്റർ) | വീതി(മീറ്റർ) |
|---|---|---|---|
| 1. | കോതാട് –ചിറ്റൂർ | 100 | 8 |
| 2. | പിഴല –ചേന്നൂർ | 30 | 6 |
| 3. | മൂലമ്പിള്ളി–മുളവുകാട് | 30 | 6 |
| 4. | പുതുശ്ശേരി– കടമക്കുടി | 30 | 6 |
| 5. | കോതാട് –ചേന്നൂർ | 100 | 8 |
| 6. | ചേന്നൂർ–തുണ്ടത്തുംകടവ് | 100 | 8 |
| 7. | മുളവുകാട്–ചെറിയ കടമക്കുടി | 100 | 8 |
| 8. | ചെറിയ കടമക്കുടി –മുറിക്കൽ | 30 | 8 |
| 9. | മുറിക്കൽ–കടമക്കുടി | 60 | 8 |
| 10. | കടമക്കുടി–ചാത്തനാട് | 100 | 8 |

## ഗ്രാമസഭയിൽ ഉയർന്നുവന്ന മറ്റു നിർദ്ദേശങ്ങൾ

1. കോതാട് ഫെറി ചേന്നൂർ ഫെറി എന്നിവിടങ്ങളിൽ ചങ്ങാടം ഏർപ്പെടുത്തുക.
2. കണ്ടനാട്–ചിറ്റൂർ–എറണാകുളം, കർത്തേടം–പിഴല–ചിറ്റൂർ, ഞാറയ്ക്കൽ–ചിറ്റൂർ, ചാത്തനാട് – ചിറ്റൂർ, ബോട്ട് സർവ്വീസുകൾ ആരംഭിക്കുക.
3. ബോട്ടുകളുടെ സമയം പുതുക്കി നിശ്ചയിക്കുക.
4. മൂലമ്പിള്ളി–വടുതല കടത്ത് തുടങ്ങുക.
5. ചിറ്റൂർ, കോതാട് ഫെറി ബസ്സ്റ്റാന്റിൽ എല്ലാ ബസ്സുകളും വരുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
6. ബോട്ടുജെട്ടികളിൽ സോഡിയം വെയ്പ്പർ ലാമ്പ് സ്ഥാപിക്കുക. വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
7. ചേന്നൂർ പടിഞ്ഞാറ് ഭാഗത്ത് പുതിയ ജെട്ടി നിർമ്മിക്കുക.
8. റോഡ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുക, റോഡുകൾക്ക് പേരിടുക.

# ഊർജ്ജം

കടമക്കുടി പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട എല്ലാ വാർഡുകളിലും ഊർജ്ജാവശ്യത്തിന് വൈദ്യുതിയും വൈദ്യുതേതര ഊർജ്ജ സ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം എന്നിവയാണ് ഉപയോഗിക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം 7 റേഷൻ കടകളിലായി 550 മണ്ണെണ്ണ പെർമിറ്റുകൾ വഴി 5405 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തു വരുന്നതായി മനസ്സിലാക്കുന്നു. പഞ്ചായത്തിൽ വൈദ്യുതീകരിച്ചതാണ്. 892 വീടുകളിൽ ഇനിയും ഇലക്ട്രിസിറ്റി എത്തിയിട്ടില്ല.

പാചക ആവശ്യത്തിന് വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ അറക്കപ്പൊടി ഉപയോഗിച്ച് കുറ്റി അടുപ്പുകളും സാധാരണയായി ഉപയോഗിച്ചു വരുന്നു.

പഞ്ചായത്ത് കേന്ദ്രീകരിച്ച് അംഗീകൃത പാചക വാതക കണക്ഷൻനുകൾ ഇല്ലെങ്കിലും ചേരാനല്ലൂർ, എറണാകുളം എന്നിവിടങ്ങളിൽ നിന്നുള്ള അംഗീകൃത എജൻസികൾ വഴി പാചകവാതകം പഞ്ചായത്തിലെ കുറ ച്ച് പേർക്കെങ്കിലും ലഭിച്ചു വരുന്നു. ദക്ഷത കൂടിയ

അടുപ്പുകൾ കുറെ വീടുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം വീടുകളിലും ഇന്ധനക്ഷമത കൂടിയതും ആരോഗ്യത്തിന് ഹാനികരവുമായ പഴയ രീതിയിലുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്.

നിലവിലുള്ള കണക്ഷൻ അനുസരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി അപര്യാപ്തമാണ്. തന്മൂലം രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി (530) വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രതിവർഷം ഈ വകയിൽ 94415 രൂ ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും ഈ വഴിവിളക്കുകൾ കത്തുന്നില്ല.

കന്നുകാലി ചാണകം ഉപയോഗിച്ച് സാദ്ധ്യമായ സ്ഥലങ്ങളിൽ ബയോഗ്യാസം പ്ലാന്റുകൾ തുടങ്ങാവുന്നതാണ്.

അംഗീകൃത പാചകവാതക കണക്ഷനുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ പാചകവാതക കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

സെൽഫ് മീറ്റർ റീഡിംഗ്, സ്പോർട്ട് ബില്ലിംഗ് എന്നീ സമ്പ്രദായങ്ങൾ ഈ പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്.

## ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കടമക്കുടി, ചേന്നൂർ, കണ്ടനാട് എന്നീ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
2. കടമക്കുടി ഒന്നാം വാർഡിലെ ഇന്ദിരാജി റോഡ്, ഹൈസ്കൂളിന് തെക്കു ഭാഗം രണ്ടാംവാർഡിൽ കടമക്കുടി വരാപ്പുഴ റോഡ്, ലക്ഷം വീട് കോളനി, മുറിക്കൽ തുരുത്ത്, ചേന്നൂർ M.P. റോഡിന്റെ മൂന്നാമത്തെ ഭാഗം, മാപ്പശ്ശേരി റോഡ് വട്ടപ്പോട്ട റോഡ്, വടക്കേത്തുരുത്ത് റോഡ് പുതുശ്ശേരി റോഡ്, ചരിയംതുരുത്ത് പള്ളിക്കു സമീപം, ഏഴാംവാർഡ് കോതാട് സെന്റ് ആന്റണീസ് ചാപ്പലിനു സമീപം, കാഞ്ഞിരക്കാട് ജെട്ടിയുടെ വടക്കുഭാഗം, ചെമ്മായത്ത് പടി മുതൽ പടിഞ്ഞാറു ഭാഗത്തുള്ള റോഡ് കുറ്റിക്കൽ റോക്കിയുടെ വീടു വരെയുള്ള വഴി കുട്ടിറോഡ് പാലം മുതൽ വടക്കോട്ട് കുറ്റിക്കൽ സ്റ്റീഫന്റെ കടവ് വരെയുള്ള റോഡ് എന്നിവിടങ്ങളിൽ പുതിയ വൈദ്യുതി ലൈൻ വലിച്ച് ആവശ്യമായ ഭാഗങ്ങളിൽ വഴി വിളക്ക് സ്ഥാപിക്കുക. പിഴല ബോട്ടുജെട്ടി റോഡിലും ചെറിയ കടമക്കുടി റോഡിലും വഴി വിളക്കു സ്ഥാപിക്കുക.
3. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഒന്നിടവിട്ട പോസ്റ്റുകളിൽ വഴി വിളക്കു സ്ഥാപിക്കണം.
4. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട കവലകളിലും ബോട്ടുജെട്ടി, കടത്തുകടവ്, എന്നിവിടങ്ങളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്തണം.
5. ഇന്ധന ചെലവുകൾ കുറയ്ക്കുന്നതിന് പുകയില്ലാത്ത അടുപ്പുകളെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.
6. വൈദ്യുതിയുടെ പാഴ്ചെലവുകൾ ഒഴിവാക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
7. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലൈൻമാൻ നിത്യവും വാർഡുകളിൽ സന്ദർശിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം.
8. വൈദ്യുതി ബില്ലടക്കുന്നതിന് പഞ്ചായത്തിനെ കേന്ദ്രീകരിച്ച് കളക്ഷൻ സെന്റർ സ്ഥാപിക്കണം.
9. പാചക ആവശ്യത്തിന് പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും 10 ലിറ്റർ വീതം മണ്ണെണ്ണ ലഭ്യമാക്കണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് പുതിയ വൈദ്യുതി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടുന്നത് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | നീളം(മീറ്റർ) |
|---|---|
| 1 | 700 |
| 2 | 3600 |
| 3 | 500 |
| 4 | 1200 |
| 5 | 600 |
| 6 | 800 |
| 7. | 500 |
| 8. | 1500 |
| 9. | 800 |

# മാർക്കറ്റ്

കടമക്കുടി പഞ്ചായത്തിൽ ഇപ്പോൾ മാർക്കറ്റുകൾ ഒന്നും തന്നെയില്ല. നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഓരോ വാർഡിലും ഗ്രാമ ചന്തകൾ തുടങ്ങേണ്ടിയിരിക്കുന്നു. നാളികേരം, നെല്ല്, ചെമ്മീൻ തുടങ്ങിയ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് പൊതുവിപണിയൊ വിശ്വസിക്കാവുന്ന വിപുലമായ സ്വകാര്യ വിപണിയോ പഞ്ചായത്തിൽ ഇല്ലെന്നതാണ് പരിതാപകരമായ വസ്തുത. പഞ്ചായത്തിലെ ജനങ്ങൾ അവരുടെ ആവശ്യ ങ്ങൾക്ക് എറണാകുളം, വരാപ്പുഴ മാർക്കറ്റുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഭൂമിശാസ്ത്രപരമായ കിടപ്പ് കാർഷികോല്പന്ന വിപണനത്തിന് തടസ്സമാണ്.

## നിർദ്ദേശ്ശങ്ങൾ/സാദ്ധ്യതകൾ

1. എല്ലാ വാർഡുകളിലും പഞ്ചായത്തു വക പൊതു സ്ഥലങ്ങൾ കണ്ടു പിടിച്ച് മാർക്കറ്റുകൾ സ്ഥാപിക്കുക.
2. പഞ്ചായത്തിലെ ഏതെങ്കിലും പ്രധാന ദ്വീപിൽ ആഴ്ച ചന്ത ആരംഭിക്കുക.
3. സഹകരണ അടിസ്ഥാനത്തിൽ പൊതു വിതരണ മേഖല മെച്ചപ്പെടുത്തുക.
4. നെല്ല്, നാളീകേരം എന്നിവ വിറ്റഴിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപീകരിക്കുക.
5. മത്സ്യത്തൊഴിലാളികൾ ധാരാളം താമസിക്കുന്ന വാർഡുകളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക.
6. കടമക്കുടി ഫിഷ് ലാന്റിങ്ങ് സെന്റർ സ്ഥാപിക്കുക.

# 12. വിഭവ സമാഹരണം

വളരെയധികം സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ഒരു പഞ്ചായത്താണ് കടമക്കുടി. സിനിമാശാലകൾ, ഷോപ്പിംഗ് കോംപ്ലക്സ്, വ്യവസായ ശാലകൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിലവിലില്ല. കെട്ടിട നികുതി, തൊഴിൽ നികുതി, കടത്ത്, ഫിഷിംഗ് ബണ്ട് എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് പഞ്ചായത്തിന്റെ തനത് വരുമാനം.

**1995-96 വർഷത്തെ പഞ്ചായത്ത് വരുമാനം**

1. തനത് വരുമാനം
   - a) കെട്ടിട നികുതി - 80894.00
   - b) തൊഴിൽ നികുതി - 40,918.00
   - c) കടത്ത് - 20578.00
   - d) ഫിഷിംഗ് ബണ്ട് - 400800.00
2. വിവിധ ഗ്രാന്റുകൾ - 656,479.70

**ആകെ** 11,99,669.70

**1995-96 വർഷത്തെ ചെലവ്**

1. ഭരണചെലവ് - 428,525.25
2. പൊതുമരാമത്ത് പണികൾ - 367,858.00
3. വിദ്യാഭ്യാസം - 51,582.25
4. പൊതുജനാരോഗ്യം - 9,614.00
5. തെരുവു വിളക്കുകൾ കത്തിക്കൽ - 94,415.00
6. മറ്റു ചെലവുകൾ - 171, 707.30

**ആകെ** - 11,23,701.85

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനം പഞ്ചായത്തു വക ഫിഷിംഗ് ബണ്ടിൽ നിന്നും ലഭിക്കുന്ന ആദായമാണ്. കഴിഞ്ഞ വർഷത്തെ വരുമാനം 400,800 രൂപയായിരുന്നു. എന്നാൽ അടുത്ത കാലത്തായി ചെമ്മീനു നേരിട്ടിരിക്കുന്ന വിലയിടിവും ആലുവാ വ്യവസായ മേഖലയിൽ നിന്നും പെരിയാറിലേക്ക് തള്ളിവിടുന്ന മലിനജലവും മൂലം ഈ ഫിഷിംഗ് ബണ്ടിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ബണ്ടിന്റെ മുൻഭാഗങ്ങൾ എക്കൽ അടിഞ്ഞുകൂടി ആഴം കുറഞ്ഞതുകൊണ്ടും ബണ്ടിനകത്ത് പല സ്ഥലങ്ങളിലും വളരെയധികം ആഴക്കൂടുതൽ ഉള്ളതു കൊണ്ടും ബണ്ടിൽ നിന്നും പരമ്പരാഗത രീതിയിൽ (Filteration) ലഭിക്കുന്ന ചെമ്മീന്റെ അളവ് കുറഞ്ഞിരിക്കുകയാണ്. ഇതുമൂലം ബണ്ട് ലേലം കൊള്ളുവാൻ മുൻകാലങ്ങളിലെപോലെ വ്യവസായികൾ മുന്നോട്ടു വരുന്നില്ല. ഇതിന് ഒരു പ്രതിവിധിയായി ബണ്ടിന്റെ മുൻഭാഗങ്ങളിലെ മണൽത്തിട്ട ഡ്രെഡ്ജ് ചെയ്ത് ബണ്ടിനകത്ത് ആഴം കൂടിയ സ്ഥലങ്ങളിൽ നിക്ഷേപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഫിഷിംഗ് ബണ്ടിൽ ഉറപ്പിച്ചിരിക്കുന്ന 3 മരത്തുമ്പുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി നല്ലൊരു തുക പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ സഹായത്തോടെ കോൺക്രീറ്റ് തുമ്പുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഒരു കോൺക്രീറ്റു തുമ്പു നിർമ്മിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഫയലുകൾ ചുവപ്പു നാടയിൽ കുടുങ്ങിക്കിടക്കുകയാണ്. പഞ്ചായത്തിലെ വിശാലമായ കായൽപ്പരപ്പുകൾ ശാസ്ത്രീയ ചെമ്മീൻ കൃഷിക്ക് വളരെ ഉപയുക്തമാണ്. വലിയ കടമക്കുടി, ചെറിയ കടമക്കുടി, മുറിക്കൽ പ്രദേശങ്ങളിൽ 50 ഏക്കർ വീതമുള്ള മൂന്നു ഫിഷിംഗ് ബണ്ടുകൾ നിർമ്മിച്ചാൽ പഞ്ചായത്തിന് അതൊരു സ്ഥിരവരുമാനമാകും. വിശാലമായ ആഴംകുറഞ്ഞ കായൽപ്പരപ്പുകൾ കൽച്ചിറ കെട്ടി വേർതിരിച്ച് അതിൽ മണൽ അടിച്ച് ആഴം കുറച്ചാൽ ഈ ബണ്ടുകളിൽ വർഷകാലത്ത് നെൽകൃഷിയും

വേനൽക്കാലത്ത് ചെമ്മീൻകൃഷിയും നടത്തുവാൻ സാധിക്കും. കേവലം ഒരുവർഷം കൊണ്ട് ഇതിന്റെ പണികൾ തീർക്കുവാൻ സാധിക്കും. ഇതിനു വേണ്ടി വരുന്ന തുക കേവലം മൂന്നു കൊല്ലത്തെ ആദായം കൊണ്ട് തിരിച്ചടയ്ക്കാവുന്നതാണ്. ചുരുങ്ങിയത് 100 ടൺ നെല്ലും 50 ടൺ ചെമ്മീനും അധികമായി ഉത്പാദിപ്പിക്കുവാനും ഇതുവഴി സാധിക്കും. ഈ ഫിഷിംഗ് ബണ്ടുകളുടെ ചിറകളിൽ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ചും, ടൂറിസ്റ്റുകൾക്കായി ചെലവു കുറഞ്ഞ കോട്ടേജുകൾ നിർമ്മിച്ചും അധിക വരുമാനം ഉണ്ടാക്കാം.

## സാമ്പത്തിക പ്രശ്നങ്ങൾ

വ്യവസായ മേഖലയിൽ നിന്നുള്ള ജലമലിനീകരണം ഈ പ്രദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള നൂറുകണക്കിന് തൊഴിലാളികളെ കാര്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്വകാര്യ ചെമ്മീൻ കെട്ടുകളും സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. കാർഷികരംഗത്ത് പ്രധാനഇനം തെങ്ങുകൃഷിയാണ്. 'കാറ്റുവീഴ്ചരോഗം' പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങുകളേയും ബാധിച്ചു കഴിഞ്ഞിരിക്കുകയാണ്. നാളികേരത്തിന്റെ വിലയിടിവും, വർദ്ധിച്ചുവരുന്ന സംരക്ഷണ ചിലവും തെങ്ങ് കർഷകരെ നിരാശരാക്കിയിരിക്കുന്നു. മറ്റൊരു കാർഷീക ഉല്പന്നം പൊക്കാളി കൃഷിയാണ്. കൂലി കൂടുതലും, ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ലാത്തതുമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന കർഷകരെ നിരുത്സാഹപ്പെടുത്തുന്നത്.

പരമ്പരാഗതമായി നമ്മുടെ പഞ്ചായത്തിലെ ചേന്നൂർ, ചരിയംതുരുത്ത്, കണ്ടനാട് ഭാഗങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന ഇഷ്ടിക നിർമ്മാണ കളങ്ങൾ ഇന്ന് മിക്കവയും പ്രവർത്തിക്കുന്നില്ല. വർദ്ധിച്ച കൂലിചിലവും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവുമാണ് ഇതിനു കാരണം. അതുപോലെ മൂലമ്പിള്ളിയിൽ പ്രവർത്തിച്ചിരുന്ന വളരെ പ്രസിദ്ധമായ കളിമൺപാത്ര നിർമ്മാണ സൊസൈറ്റിയും ഇന്ന് തകർച്ചയെ നേരിടുകയാണ്. മൊത്തത്തിൽ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എല്ലാം തന്നെ ഇന്ന് പ്രതികൂല സാഹചര്യങ്ങളെ നേരിടുകയാണ്. ഇത് പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്.

## ധനകാര്യസ്ഥാപനങ്ങൾ

കടമക്കുടി പഞ്ചായത്തിലെ ഏക ധനകാര്യ സ്ഥാപനം കോരാമ്പാടം സർവ്വീസ് സഹകരണ സംഘമാണ്. പഞ്ചായത്തിലെ 10000 ത്തോളം ആളുകൾ ഇതിൽ അംഗങ്ങളാണ്. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്തോടെ വർഷം തോറും ലക്ഷക്കണക്കിന് രൂപ വിവിധയിനം വായ്പകളായി അംഗങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഭൂമിശാസ്ത്രപരമായി നമ്മുടെ വാർഡുകളുടെ പരസ്പര ബന്ധമില്ലാതെയുള്ള കിടപ്പ് നിക്ഷേപകരെ ഈ സംഘത്തിലേക്ക് ആകർഷിക്കുവാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടു തന്നെ സാമ്പത്തികമായി കഴിവുള്ളവർ തങ്ങളുടെ നിക്ഷേപങ്ങൾക്ക് ചിറ്റൂർ, ചേരാനല്ലൂർ, എറണാകുളം, വരാപ്പുഴ എന്നിവിടങ്ങളിലെ ദേശസാൽകൃത ബാങ്കുകളെയാണ് ആശ്രയിക്കുന്നത്. കൂടാതെ പിഴലയിൽ ഒരു ഹരിജൻ സൊസൈറ്റി പ്രവർത്തിച്ചു വരുന്നുണ്ട്.

അംഗീകൃത സ്ഥാപനങ്ങളെ കൂടാതെ കോതാട് പ്രദേശത്ത് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്ഥാപനമാണ് സെന്റ് ജോസഫ് വിവാഹ സഹായ നിധി. അംഗങ്ങളായ ധാരാളം പേർ ഈ സംഘത്തിൽ നിക്ഷേപിച്ചു വരുന്നു. അതുപോലെ വളരെയധികം പേർക്ക് ഇതിൽനിന്നും വായ്പയും ലഭിക്കുന്നു. കോതാട് K.K.P. സഭ, കോരാമ്പാടം സ്കൂൾ സംഘം എന്നിവ നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളാണ്. ഗവൺമെന്റ് അംഗീകൃത ചിട്ടികൾ നിരവധി വർഷങ്ങളായി ഈ സ്ഥാപനങ്ങൾ നടത്തി വരുന്നു. ഇതിനു പുറമെ മരണാവശ്യ സഹായസംഘം, വിവാഹ സഹായസംഘം എന്നീ പേരുകളിൽ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## പരിഹാര മാർഗ്ഗങ്ങളും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ദേശസാൽകൃത ബാങ്ക് സ്ഥാപിക്കുക എന്ന ആവശ്യം മിക്കവാറും എല്ലാ ഗ്രാമസഭകളും ഉന്നയിച്ചിട്ടുണ്ട്. തന്മൂലം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെ നിക്ഷേപങ്ങൾ മേൽപ്പറഞ്ഞ ബാങ്കിൽ വരികയും നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് വായ്പയിനത്തിൽ നല്ലൊരു തുക പഞ്ചായത്തിൽ

തന്നെ വിതരണം ചെയ്യുന്നതിനും സാധിക്കും. ചെറുകിട വ്യവസായം, കച്ചവടം, കാർഷിക-മത്സ്യവ്യവസായം എന്നീ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള സാമ്പത്തിക സഹായങ്ങൾ ഈ ബാങ്കിൽനിന്നും യഥേഷ്ടം നൽകുന്നതിനും സാധിക്കുന്നു.

2. മത്സ്യത്തൊഴിലാളി സഹകരണ സംഘം ആരംഭിക്കുകയെന്നതാണ് മറ്റൊരു നിർദ്ദേശം. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ നൂറുകണക്കിന് തൊഴിലാളികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള നിരവധി ആനുകൂല്യങ്ങൾ ഇന്ന് ലഭ്യമല്ല. ഉദാ:- ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, വായ്പകൾ, ജോലിസംഭരണം. ഇത്തരം ഒരു സംഘത്തിലൂടെ ഇവരുടെ മേൽപ്പറഞ്ഞ ആനുകൂല്യം നേടിയെടുക്കുക വഴി അതു പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നു.

3. പഞ്ചായത്തിൽ ഇന്ന് ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. ധാരാളം കുടുംബങ്ങൾ ഇന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ കുടുംബങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഇത്തരം ഒരു സഹകരണസംഘം ആരംഭിച്ചാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന നിരവധി വായ്പകൾ, സബ്സീഡികൾ എന്നിവ ഇവർക്ക് ലഭ്യമാക്കാം.

4. പഞ്ചായത്തിലെ ഒമ്പത് വാർഡുകളുടേയും ചുറ്റുമായി നൂറുകണക്കിന് ഏക്കർ ഭൂമി പുറമ്പോക്കായി കിടക്കുകയാണ്. മേൽപ്പറഞ്ഞ ഭൂമി അളന്ന് അതു മുഴുവൻ പഞ്ചായത്തിന്റെ സ്വത്താക്കി മാറ്റുകയാണെങ്കിൽ നിരവധി ബണ്ടുകൾ, ചെമ്മീൻകെട്ടുകൾ, തെങ്ങുകൃഷി, നികത്തിയെടുക്കുന്ന സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റുകൾ, സിനിമാശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, കളിസ്ഥലങ്ങൾ, ഫ്ളാറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും, ലേലം ചെയ്തു കൊടുക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വൻതുക പഞ്ചായത്തിന് വർഷംതോറും വരുമാനമായി മാറ്റാൻ സാധിക്കും.

5. മനോഹരമായ നമ്മുടെ പുഴയോരങ്ങൾ നികത്തിയെടുത്താൽ ടൂറിസ്റ്റുകളെ ധാരാളമായി ഈ പ്രദേശത്തേക്ക് ആകർഷിക്കുവാൻ സാധിക്കും. അത് നമ്മുടെ സമ്പദ്ഘടനയിലും തൊഴിൽ മേഖലയിൽ ഒരു വൻ മുതൽകൂട്ടാവും.

6. ചിറ്റൂർ, കടമക്കുടി ബോട്ട് സർവ്വീസ് പഞ്ചായത്തേറ്റെടുത്ത് ലേലം ചെയ്തു കൊടുത്താൽ പഞ്ചായത്തിന് അതൊരു വരുമാനമാർഗ്ഗവും, ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ സർവ്വീസ് നടത്തുന്നതിനും സാധിക്കും. അതുപോലെ പഞ്ചായത്തിലെ എല്ലാ കടത്തുകളിലും ഏകീകൃത കടത്തുകൂലി ആക്കുകയാണെങ്കിൽ കടത്തുകളുടെ ലേലത്തുക ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കും. (നിലവിലുള്ള നിരക്ക് 10 പൈസയാണ്.)

7. കടമക്കുടി-വരാപ്പുഴ റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയാൽ മേല് പറഞ്ഞ റോഡിലൂടെ വരുന്ന വാഹനങ്ങൾക്ക് ഒരു നിശ്ചിത സംഖ്യ ടോൾ ഏർപ്പെടുത്തിയാൽ പഞ്ചായത്തിനെ സാമ്പത്തികഭാരം ഏല്പിക്കാതെ മേൽപറഞ്ഞ റോഡിന്റെ അറ്റകുറ്റപ്പണികൾ വർഷംതോറും നടത്തുവാൻ സാധിക്കും.

8. ചെമ്മീൻ കെട്ടുകാരിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്തിലേക്ക് ഒരു നിശ്ചിത സംഖ്യ പിരിക്കുകയാണെങ്കിൽ പഞ്ചായത്തിന് അത് നല്ല ഒരു വരുമാനമാകും.

9. 200-നു മേൽ ആളുകളെങ്കിലും വിദേശരാജ്യങ്ങളിൽ ജോലി ചെയ്തു വരുന്നുണ്ട്. അവരുടെ സഹകരണത്തോടു കൂടി പഞ്ചായത്തിൽ വിവിധ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

10. പഞ്ചായത്തിലെ കത്താത വഴിവിളക്കുകൾക്കും, വെള്ളം ലഭിക്കാത്ത വാട്ടർ ടാപ്പുകൾക്കും വേണ്ടി വലിയൊരു തുക പഞ്ചായത്ത് വർഷം തോറും ഡിപ്പാർട്ടുമെന്റിലേക്ക് അടച്ചുകൊണ്ടിരിക്കുകയാണ്. ഉപയോഗിക്കുന്ന വെള്ളത്തിനും, വിദ്യുച്ഛക്തിക്കും മുള്ള പണം അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാകണം

11. നായ്ക്കളെ വളർത്തുന്നവരിൽ നിന്ന് 50 രൂപയെങ്കിലും നികുതി ഈടാക്കുകയാണെങ്കിൽ പഞ്ചായത്തിന് വർഷം തോറും ഈ ഇനത്തിൽ വലിയൊരു സംഖ്യ മുതൽ കൂട്ടാവുന്നതോടൊപ്പം ഇപ്പോൾ യഥേഷ്ടം അലഞ്ഞുതിരിയുന്ന നായ്ക്കളുടെ എണ്ണം കുറയ്ക്കുവാൻ സാധിക്കും. തന്നെയുമല്ല വർഷംതോറും നായ്ക്കളെ പിടിക്കുന്നതിന് ചിലവ് ലാഭിക്കുകയും ചെയ്യാം.

## 1963–1995 വരെയുള്ള പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

### 1963–1979

| | | |
|---|---|---|
| ശ്രീ. പി.ജെ. സെലസ്റ്റിൻ മാസ്റ്റർ | - | പ്രസിഡണ്ട് |
| ശ്രീ. എ.എം. ആന്റണി | - | വൈസ് പ്രസിഡണ്ട് |
| ശ്രീ. ടി.സി. കൊച്ചുകുഞ്ഞൻ | - | മെമ്പർ |
| ശ്രീ. ഇ.എം. സെബാസ്റ്റിൻ | - | മെമ്പർ |
| ശ്രീ. സി.സി. വർഗ്ഗീസ് | - | മെമ്പർ |
| ശ്രീ. പി.എ. പ്രഭാകരൻ | - | മെമ്പർ |
| ശ്രീ. വി.കെ. കറുപ്പൻ | - | മെമ്പർ |
| ശ്രീമതി. ടി.ജെ. ട്രീസ | - | മെമ്പർ |
| ശ്രീ. കെ.പി. രുഗ്മിണി | - | മെമ്പർ |

### 1979–1984

| | | |
|---|---|---|
| ശ്രീ. വി.വി. ജോസഫ് മാസ്റ്റർ | - | പ്രസിഡണ്ട് |
| ശ്രീ. കെ.ജെ. ജോർജ്ജ് | - | വൈസ് പ്രസിഡണ്ട് |
| ശ്രീ. പി.സി. ശ്രീനിവാസൻ | - | മെമ്പർ |
| ശ്രീ. ഡി.എം. രാമൻ | - | മെമ്പർ |
| ശ്രീ. ഇ.ഡി. ജോസഫ് | - | മെമ്പർ |
| ശ്രീമതി. മേരി ആഗ്നസ് | - | മെമ്പർ |
| ശ്രീ. ജോസ് കുറ്റിക്കൽ | - | മെമ്പർ |
| ശ്രീ. പി.വി. രാജപ്പൻ | - | മെമ്പർ |

**1984–1988 സ്പെഷ്യൽ ഓഫീസർ ഭരണം**

### 1988–1995

| | | |
|---|---|---|
| ശ്രീ. ടി.എ. ജോളി | - | പ്രസിഡണ്ട് |
| ശ്രീ. പി.ആർ. വിജയൻ | - | വൈസ് പ്രസിഡണ്ട് |
| ശ്രീ. സി.വൈ. അഗസ്റ്റിൻ | - | മെമ്പർ |
| ശ്രീ. ടി.എൻ. ശത്രുഘ്നൻ | - | മെമ്പർ |
| ശ്രീ. ഇ.എ. ഫ്രാൻസിസ് | - | മെമ്പർ |
| ശ്രീമതി. മേരി ഫ്രാൻസിസ് | - | മെമ്പർ |
| ശ്രീമതി. ഫിലോമിന വർഗ്ഗീസ് | - | മെമ്പർ |
| ശ്രീ. പി.വി. രാജപ്പൻ | - | മെമ്പർ |

# ഉപസംഹാരം

ജനപങ്കാളിത്തമാണ് സാമൂഹ്യ വികസനത്തന് ഊന്നൽ കൊടുത്തു കൊണ്ട് പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനങ്ങളുടെ നട്ടെല്ല്. ജനങ്ങൾ അവരുടെ ആവശ്യങ്ങൾ സ്വയം മനസ്സിലാക്കി അവ നടപ്പിലാക്കാൻ ഉതകുന്ന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് അവർ തന്നെ നടത്തുമ്പോൾ സാമൂഹ്യ വികസന പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തുന്നു. ഒമ്പതാം പദ്ധതിയുടെ ഭാഗമായി നാം തയ്യാറാക്കിയിരിക്കുന്ന സമഗ്ര വികസന രേഖ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രതിജ്ഞാബദ്ധത നമുക്കുണ്ടാകണം.

വികസന രംഗത്ത് പ്രവർത്തിക്കുന്ന ഗ്രാമസഭകളോടൊപ്പം ജനങ്ങളുടെ കർമ്മ സേന രൂപീകരിക്കണം. ഇവിടുത്തെ വിവിധ സംഘടനകളും നമ്മോടൊപ്പം ഉണ്ടാകും. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി, എറണാകുളം വെൽഫയർ സർവ്വീസസ്, എറണാകുളം റോട്ടറി ക്ലബ്ബ്, കൊച്ചിൻ റോട്ടറി ക്ലബ്ബ് എന്നീ സംഘടനകൾ ഇതിനകം തന്നെ കടമക്കുടിയുടെ വികസനത്തിൽ പങ്കു ചേർന്നുകഴിഞ്ഞു. മറ്റു ദേശീയ - അന്തർദേശീയ വികസന ഏജൻസികളേയും കടമക്കുടിയുടെ വികസന പ്രക്രിയയിൽ പങ്കുചേരുവാൻ ഞങ്ങൾ ക്ഷണിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി വികസന രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ വികസനം സാധ്യമാകും. പരിമിതമായ നമ്മുടെ വിഭവ സ്രോതസ്സുകളെ ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ സമയബന്ധിതമായി നടപ്പാക്കാൻ നമുക്ക് കഴിയട്ടെ എന്ന പ്രത്യാശയോടെ ഈ വികസന രേഖ സമർപ്പിച്ചുകൊള്ളുന്നു. ഈ വികസന രേഖ തയ്യാറാക്കുക എന്ന മഹായജ്ഞത്തിൽ പങ്കു ചേർന്നവർ നിരവധിയാണ്. ആരെയും പ്രത്യേകം പേരെടുത്തു പറയുന്നില്ലെങ്കിൽ പോലും ഇതിന് സഹകരിച്ചവർക്ക് നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

പിഴല
15.12.1996

*കടമക്കുടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കുവേണ്ടി*

**E.D. സേവ്യർ**
പ്രസിഡന്റ്

# കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 9-ാം പദ്ധതി രൂപീകരണത്തോടനുബന്ധിച്ച് 15.12.1996 ൽ പിഴല സ്കൂൾ ഹാളിൽ വെച്ച് നടത്തിയ വികസന സെമിനാറിന്റെ റിപ്പോർട്ട്.

രാവിലെ 9.30 മുതൽ സെമിനാറിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 10.30 ന് സെമിനാറിന്റെ ഔദ്യോഗിക ഉദ്ഘാടനം ഞാറയ്ക്കൽ M.L.A. ഡോ. എം.എ. കുട്ടപ്പൻ നിർവ്വഹിച്ചു. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സേവ്യർ തായങ്കേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വി.വി. ജോസഫ് മാസ്റ്റർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.കെ. സുകുമാരൻ, മുൻപഞ്ചായത്ത് പ്രസിഡന്റുമാരായ ടി.എ. ജോളി, പി.ജെ. സെലസ്റ്റിൻ മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. ജോൺ കുറ്റിക്കൽ ഒമ്പതാം പദ്ധതി സമീപനം എന്ന വിഷയം അവതരിപ്പിച്ചു. ഇടപ്പള്ളി ബ്ലോക്ക് കോ-ഓർഡിനേറ്റർ എം.എം. അബ്ബാസ് കർമ്മസമിതികളുടെ രൂപീകരണവും അവയുടെ ഭാവി പ്രവർത്തനങ്ങളും വിശദീകരിച്ചു. കടമക്കുടി പഞ്ചായത്ത് സെക്രട്ടറി ടെസ്സി പി. തോമസ് കൃതജ്ഞത പറഞ്ഞതോടെ ഉദ്ഘാടന സമ്മേളനം പര്യവസാനിച്ചു.

വികസന റിപ്പോർട്ടുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ചർച്ചകളായിരുന്നു തുടർന്ന് നടന്നത്. സെമിനാറിൽ പങ്കെടുത്തവർ നേരത്തേതന്നെ വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പു തിരിച്ച് രജിസ്ട്രേഷൻ നടത്തിയിരുന്നു. ഓരോ ഗ്രൂപ്പിനും പ്രത്യേകം കൗണ്ടറുകൾ ഏർപ്പെടുത്തി. ഗ്രൂപ്പു ചർച്ചകൾ ക്രിയാത്മകമാകുന്നതിന് നേതൃത്വം നൽകുവാൻ പഞ്ചായത്തു മെമ്പർമാരെയും, DRP, PRP എന്നിവരേയും ഓരോ ഗ്രൂപ്പിനും പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. 12 മണിമുതൽ 4 മണിവരെ ഗ്രൂപ്പു ചർച്ചകൾ നടന്നു. നാലു മണിക്കു ചേർന്ന പൊതുസഭയിൽ ഗ്രൂപ്പു ലീഡർമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വികസന റിപ്പോർട്ട് പൊതുവേ സ്വാഗതം ചെയ്തതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കുവാൻ തീരുമാനിച്ചു.

1. കൃഷിയും ജലസേചനവും

- ★ കർഷക തൊഴിലാളികളെ സമൂഹം ആദരിക്കുക.
- ★ കർഷകർക്ക് ഇൻസെന്റീവ് കൂട്ടുക.
- ★ അഞ്ച് മെതിയന്ത്രങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുക.
- ★ കർഷക - തൊഴിൽ സംഘങ്ങൾ രൂപീകരിക്കുക.
- ★ പച്ചക്കറി കൃഷിയ്ക്ക് വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

- ★ കടമക്കുടി ഗ്രാമപഞ്ചായത്ത് മത്സ്യഗ്രാമമായി അംഗീകരിക്കുന്നതോടൊപ്പം ഒരു മത്സ്യഭവൻ സ്ഥാപിക്കേണ്ടതാണ്.
- ★ കടലോരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുക.
- ★ കാലാകാലങ്ങളിലുണ്ടാകുന്ന മത്സ്യരോഗങ്ങൾക്ക് ശാസ്ത്രീയപരിഹാരം കാണുക.
- ★ മത്സ്യത്തൊഴിലാളികളുടെ തൊഴിലിടം സംരക്ഷിക്കുന്നതിന്റെ ഭാഗമായി എക്കൽ വീണ് നികന്നു കിടക്കുന്ന പുഴ ഭാഗങ്ങൾ ആഴംകൂട്ടി മത്സ്യസമ്പ ത്തിന്റെ സംരക്ഷണം ഉറപ്പാക്കുക.
- ★ പഞ്ചായത്തിലെ ചതുപ്പു നിലങ്ങൾ മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
- ★ നെൽകൃഷിയോടൊപ്പം തന്നെ ശുദ്ധജല മത്സ്യങ്ങളായ കട്‌ല, രോഹു, മൃഗാൾ എന്നിവ വളർത്തുന്നതിനുള്ള സാധ്യതകൾ ആരായുക.
- ★ പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മത്സ്യ മാർക്കറ്റ് മത്സ്യബന്ധന മേഖലയായ രണ്ടാം വാർഡിന്റെ തെക്കേ അറ്റത്തോ മൂന്നാം വാർഡിൽപ്പെട്ട പാല്യംതുരുത്തിലോ സ്ഥാപിക്കേണ്ടതാണ്.

വികസന രേഖയിൽ ആവശ്യപ്പെടുന്ന തിരുത്തലുകൾ (1) കാരച്ചെമ്മീൻ വളർച്ചയെത്തുന്നതിന് 90 ദിവസം മതിയെന്ന് കാണുന്നു. യഥാർത്ഥത്തിൽ അതിന് 150 ദിവസം ആവശ്യമാണ്. (2) ജോലിക്കാരുടെ കുറവു മൂലം ചെറിയ തരം ചെമ്മീനുകൾ ഭൂരിഭാഗവും വെയിലിലിട്ട് ഉണക്കി പ്രാദേശികമാർക്കറ്റിൽ എത്തിക്കുകയാണ് പതിവ് എന്ന് ചേർത്തിരിക്കുന്നു. എന്നാൽ ചെറിയ ചെമ്മീനുകളുടെ മീറ്റിന് ശരിയായ വില ലഭിക്കാത്തതിനാലാണ് അവ ഉണക്കി വില്ക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. ഇതുമൂലം തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു.

- ★ തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് നല്ലയിനം ആട്ടിൻകുട്ടികളെ സബ്സീഡിയോടുകൂടി പഞ്ചായത്തിൽ വിതരണം ചെയ്യുക.
- ★ 15-20 താറാവിൻ കുഞ്ഞുങ്ങളെയോ കോഴികുഞ്ഞുങ്ങളെയോ ഓരോ കുടുംബത്തിനും ലഭ്യമാക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

3. സഹകരണം

- ★ മത്സ്യസഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.
- ★ തയ്യൽ തൊഴിലാളി ക്ഷേമ സഹകരണസംഘം രൂപീകരിക്കുക.
- ★ വായ്പാ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ഇന്നു നിലവിലുള്ള കൂടിയ ഫീസ് ഇളവ് ചെയ്യുക.
- ★ പഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന അംഗീകരിക്കാത്ത ചിട്ടികൾ നിരോധിക്കുക.
- ★ സഹകരണ സംഘത്തിൽ നിന്നും എടുക്കുന്ന വായ്പകൾ തിരിച്ചടക്കുന്നതിന് സെന്റർ എന്ന നിലയിൽ പിഴലയിൽ ബ്രാഞ്ച് ആരംഭിക്കുക.
- ★ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഓരോ വാർഡിലും നിശ്ചയിക്കപ്പെടുന്ന ദിവസത്തിലും സ്ഥലത്തും വച്ച് കളക്ഷൻ സ്വീകരിക്കുവാൻ വേണ്ട നടപടി എടുക്കുക.
- ★ സഹകരണ സംഘത്തിൽ മുഴുവൻ ആളുകളേയും അംഗങ്ങൾ ആക്കുന്നതിനുള്ള പ്രവർത്തനം നടത്തുക.
- ★ മത്സ്യവ്യവസായ സഹകരണസംഘം രൂപീകരിക്കുക
- ★ പഞ്ചായത്തിലെ മുഴുവൻ ആളുകളും നിക്ഷേപങ്ങൾ സംഘത്തിൽ നിക്ഷേപിക്കുക.
- ★ സഹകരണ നിക്ഷേപകർക്ക് മതിയായ ഇൻഷുറൻസ് നടപ്പിൽ വരുത്തുക.
- ★ പഞ്ചായത്തിലെ മുഴുവൻ ആളുകളേയും പഞ്ചായത്തു മുഖേന ഗ്രൂപ്പ് ഇൻഷുറൻസിൽ ചേർക്കുക.

4. കുടിവെള്ളവും പൊതുജനാരോഗ്യവും

- ★ 7-ാം വാർഡിൽ പുതിയ രണ്ടു ടാപ്പുകൾ അനുവദിക്കുക.
- ★ എല്ലാ പബ്ലിക് ടാപ്പുകൾക്ക് മുന്നിലും കുടിവെള്ളം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് ബോർഡുകൾ സ്ഥാപിക്കുക.
- ★ പഞ്ചായത്തിലെ മുഴുവൻ റോഡുകൾക്കും കാനകൾ നിർമ്മിക്കുക.
- ★ എല്ലാ സ്കൂളുകളിലും വെയിസ്റ്റ് ബോക്സുകൾ സ്ഥാപിക്കുക.
- ★ പൊതു ടാപ്പിൽ നിന്നും പൈപ്പിട്ട് വെള്ളം എടുക്കുന്നത് തടയുക.
- ★ അണ്ടർ ഗ്രൗണ്ട് ടാങ്ക് നിർമ്മാണം തടയുക.
- ★ വാട്ടർ ടാപ്പുകൾ റിപ്പയർ ചെയ്യുന്നതിന് ഒരു ലൈൻമാനെ പഞ്ചായത്തിൽ പ്രത്യേകം നിയോഗിക്കുക.

5. സംസ്കാരം

- ★ കടമക്കുടിയിലെ വായനശാല തുറന്നു പ്രവർത്തിക്കണം.
- ★ വാർഡുകൾതോറും ലൈബ്രറിയും വായനശാലയും വേണം.
- ★ എല്ലാ വാർഡുകളിലും ബാലവാടികൾ വേണം.
- ★ ഗ്രാമോത്സവം കേരളോത്സവം തുടങ്ങിയ പരിപാടികൾ വെക്കേഷൻ സമയങ്ങളിൽ നടത്തണം.
- ★ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന ഗ്രാമോത്സവം പോലുള്ള പരിപാടികളിൽ കലാ-സാംസ്കാരിക സംഘടനകളെ സംഘടിപ്പിച്ചു കൊണ്ടുള്ള മത്സരങ്ങൾ നടത്തണം.
- ★ നല്ല രീതിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ക്ലബ്ബുകൾക്കും വായനശാലകൾക്കും ഗ്രാന്റ് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
- ★ എല്ലാ വാർഡുകളിലും ബോധവത്ക്കരണ സെമിനാർ നടത്തണം.
- ★ ചവിട്ട്നാടകം, പരിചമുട്ടു കളി, കോലടി, മാർഗ്ഗം കളി, ഓണക്കളി, നൃത്തം, സംഗീതം എന്നിവയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
- ★ പഞ്ചായത്ത് കേന്ദ്ര ലൈബ്രറിയിൽ നിന്നും ബുക്കുകൾ മറ്റു ലൈബ്രറികൾക്ക് ലോൺ ആയി നൽകുക.
- ★ നാല് പ്രധാന കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

6. പാർപ്പിടം സാമൂഹ്യക്ഷേമം

- ★ സ്വന്തമായി വീടുവെയ്ക്കുന്നതിന് സ്ഥലമില്ലാത്തവർക്ക് പഞ്ചായത്തിലെ പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി വിതരണം ചെയ്യുക.
- ★ സ്വന്തമായി ഭൂമി ഉള്ളവർക്ക് വർഷത്തിൽ 50 പേർക്ക് വിവിധ ഏജൻസികളുടെ സഹായത്തോടെ വീടു പണിയുന്നതിന് മുൻകൈ എടുക്കുക.
- ★ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് വർഷത്തിൽ 20 പേർക്കെങ്കിലും സൗജന്യമായി വീടുവെച്ചു കൊടുക്കുവാൻ സാമ്പത്തിക സഹായം നൽകുക.
- ★ പഞ്ചായത്തിൽ ശുചിത്വമുള്ള കക്കൂസ് 50 ശതമാനം സബ്സിഡിയോടു കൂടി നിർമ്മിച്ചു നൽകുക.

7. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

- ★ 91 സെൻസസ് പ്രകാരം പറഞ്ഞിരിക്കുന്ന ജനസംഖ്യയിൽ 1995 ലെ കണക്കനുസരിച്ച് 117 പേർ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- ★ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ആകെ 290 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇപ്പോൾ താമസമില്ല.
- ★ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പാരമ്പര്യ തൊഴിലായ കൃഷി ഇന്ന് ഇല്ലാതാവുന്നതിന്റെ പ്രധാന കാരണം കൃഷിപ്പണിയിൽ ഏർപ്പെട്ടുകൊണ്ട് കുടുംബം നില നിർത്തിപ്പോകുന്നതിന് ബുദ്ധിമുട്ടുള്ളതുകൊണ്ടും, കൃഷിഭൂമി നികത്തി വില്ക്കപ്പെടുന്നതുകൊണ്ടുമാണ്. യഥാർത്ഥ കർഷക തൊഴിലാളിയായ ഈ വിഭാഗത്തിന് തരിശ് കൃഷിഭൂമി പതിച്ചു കൊടുത്ത് കൃഷിപ്പണി പുനരുദ്ധരിക്കുകയും തൊഴിൽ ലഭ്യമാക്കുകയും ചെയ്യണം. കർഷകനെ സംസ്ഥാന ദേശീയ തലത്തിൽ ആദരിക്കുന്നതുപോലെ കർഷക തൊഴിലാളികളേയും ആദരിക്കേണ്ടതാണ്.
- ★ DIR പദ്ധതി പ്രകാരം ബാങ്കുകൾ നീക്കി വെച്ചിട്ടുള്ള ഒരു ശതമാനം തുക ഈ പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് വായ്പ ഇനത്തിൽ കൊടുക്കേണ്ടതാണ്.
- ★ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വായ്പകൾ സാങ്കേതിക തടസ്സം പറഞ്ഞ് അർഹതയുള്ളവർക്ക് പോലും നല്കുന്നില്ല.
- ★ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബാങ്കുകളുടെ സർവ്വീസ് ഏരിയ ഒഴിവാക്കി ബാങ്ക് വായ്പ നല്കുക.
- ★ വായ്പകൾ നൽകുമ്പോൾ ഈട് ഒഴിവാക്കുക.
- ★ JRY, IAY,MWS, എന്നീ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുമ്പോൾ ഭൂമിയുടെ ആധാരം നിർബന്ധമായും ആവശ്യപ്പെടുന്നതൊഴിവാക്കി സമ്മതപത്രം മാത്രം സ്വീകരിച്ച് ഭവന ഗ്രാന്റ് നല്കുക.
- ★ 1979-80 മുതൽ നാളിതുവരെ വിവിധ ഏജൻസികളിൽ നിന്നും ഭവവായ്പ എടുത്തവർ കിടപ്പാടം ജപ്തി ചെയ്യുന്ന നടപടികൾ നേരിട്ടു കൊണ്ടിരിക്കുകയാണ് ഈ വായ്പ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുക.
- ★ അംഗീകൃത കോളനികൾ കൂടാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികജാതി ഭവനങ്ങൾ OPT പദ്ധതി അനുസരിച്ച് വൈദ്യുതീകരിക്കുക.
- ★ മൂലംപിള്ളി (പാണ്ഡംവാലി) കോളനി ചെറിയ കടമക്കുടി കോളനി, പിഴല കോളനി എന്നിവ അംഗീകൃതകോളനികളായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക.
- ★ പട്ടികജാതി കോളനികളിലും പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിലുമുള്ള ചതുപ്പു സ്ഥലങ്ങൾ മണ്ണിട്ട് നികത്തുന്നതിന് പരിധി ഒഴിവാക്കുക.

9. വ്യവസായം

- ★ കയറ്റുപായ ചവിട്ടി, ബ്രഷ് എന്നിവ നിർമ്മിക്കുവാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
- ★ കൊക്കോ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.
- ★ മത്സ്യം ഉണക്കി പായ്ക്കറ്റുകളിലാക്കി വില്ക്കുന്ന യൂണിറ്റുകൾ തുടങ്ങുക.
- ★ അലങ്കാരവളർത്തു മത്സ്യങ്ങളെ വളർത്തി വില്ക്കുന്ന കേന്ദ്രങ്ങൾ തുടങ്ങുക.
- ★ കെട്ടിട നിർമ്മാണവുമായി ഒത്തുചേർന്ന് പ്രവർത്തിക്കുവാനാവശ്യമായ എഞ്ചിനീയറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.

- ★ കളിമൺ വ്യവസായം ആകർഷകമായ മോഡലുകളിലും പരിഷ്കൃത രീതിയിലും നിർമ്മാണ പ്രവർത്തനം നടത്തി കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കാം.
- ★ ഇലക്ട്രോണിക്സ് രംഗത്തെ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തിന് വനിതാ വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.
- ★ ധാന്യങ്ങൾ പൊടിച്ച് പായ്ക്കറ്റുകളിലാക്കി വില്ക്കുന്ന യൂണിറ്റുകൾ തുടങ്ങണം.
- ★ ഓർക്കിഡുകൾ, മുല്ല മുതലായ അലങ്കാര ചെടികളും പൂ ക്കളും വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുക.
- ★ പഴങ്ങൾ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുക.
- ★ പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്ക് ആരംഭിക്കുക.

10. വനിതാക്ഷേമം

- ★ അംഗൻവാടി ബാലവാടി ടീച്ചർമാർക്ക് പ്രൈമറി ടീച്ചേഴ് സിന്റെ ശമ്പള സ്കെയിലാക്കുക.
- ★ അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുക.
- ★ സ്ത്രീപീഡനത്തിനെതിരെ നടപടി എടുക്കുവാൻ പ്രത്യേക സെല്ലുകൾ രൂപീകരിക്കുക.

11. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

*ഗ്രൂപ്പ് ചർച്ച നിർദ്ദേശങ്ങൾ*

- ☞ P.W.D. റോഡ് സന്ധിക്കുന്ന ഭാഗങ്ങളിലുള്ള ഫെറികൾ സർക്കാർ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

WARD II

- ☞ 1) 4 സെന്റ് കോളനി- ലക്ഷംവീട് കോളനി റോഡ് നീളം 950 M വീതി 3.M

WARD III

- ☞ പാലിയം തുരുത്ത് കോളനി റോഡ് – നീളം 200M വീതി 3M

WARD IV

- ☞ 1. ചെറിയ കടമക്കുടി റോഡിൽ നിന്നും വടക്കോട്ട് 200M നീളം 2M വീതി

WARD VI

- ☞ മാപ്പശ്ശേരി റോഡ് – നിർമ്മാണത്തിൽ മുൻഗണന നല്കണം .

WARD VII

- ☞ സെന്റ് ആന്റണീസ് ചാപ്പൽ റോഡ്, വൈലിത്തറ- തച്ചുതറ റോഡ് നിർമ്മിക്കണം .
- ☞ കോതാട് കുട്ടിറോഡിലെ വെള്ളക്കെട്ട് ഇല്ലാതാക്കാൻ കാന നിർമ്മിക്കേണ്ടതാണ്.
- ☞ കോതാട് – എറണാകുളം റ്റാറ്റ ഫീഡർ 11K.V ലൈൻ ബന്ധിപ്പിക്കണം.
- ☞ ചേന്നൂർ M.P. റോഡ് വൈദ്യുതീകരിക്കണം.
- ☞ ചേന്നൂരിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

12. വിഭവ സമാഹരണം

- ★ സ്വകാര്യവ്യക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന ചെമ്മീൻ കെട്ടുകളിലുള്ള പഞ്ചായത്തു വക പുറംപോക്ക് ഭൂമിയുടെ ചമ്പാദായം പഞ്ചായത്ത് പിരിച്ചെടുക്കുക.
- ★ ചെമ്മീൻ കെട്ട് നടത്തുന്ന സ്വകാര്യ വ്യക്തികളിൽ നിന്നും ഏക്കറിന് 25 രൂപ വീതം പഞ്ചായത്തിലേക്ക് തൊഴിൽ കര മായി ഈടാക്കുക.
- ★ പഞ്ചായത്തതിർത്തിയിലുള്ള പുഴകളിൽ നിന്നും മണൽ വാരുന്നതിന് ഓരോ പതിവിനും ഒരു നിശ്ചിത തുക ഈടാക്കുക.
- ★ പഞ്ചായത്ത് ഫണ്ട് പൂർണ്ണമായി ഉപയോഗിക്കുന്നതിന് വേണ്ടി പൊതു മരാമത്ത് പണികൾ ഗ്രാമസഭകളുടെ മേൽ നോട്ടത്തിൽ നടത്തുക.
- ★ മണ്ണൊലിപ്പ് തടയുന്നതിനും കൃഷി സംരക്ഷിക്കുന്നതിനും വേണ്ടി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെ കൊണ്ട് കരിങ്കൽ ഭിത്തി നിർമ്മിക്കുക. ഇങ്ങനെ ഭിത്തികൾ നിർമ്മിച്ചിട്ടുള്ള ഭൂമികളിൽ നിന്നും ഒരു പ്രത്യേക നികുതി പഞ്ചായത്ത് പിരിക്കേണ്ടതാണ്.
- ★ വാർഡുകൾ തോറും ഗ്രാമസഭകളുടെ നേതൃത്വത്തിൽ സന്ന ദ്ധസേനകളുടെ സഹായത്തോടെ പ്രതിവർഷം 3000 പ്രവൃ ത്തി ദിനങ്ങൾ സംഭാവനയായി സ്വീകരിച്ചാൽ മൂന്ന് ലക്ഷം രൂപയെങ്കിലും സമാഹരിക്കുവാൻ സാധിക്കും.

## മൃഗസംരക്ഷണം – അനുബന്ധ രേഖകൾ

### വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| I | 75 | 405 | 250 | 70 | 750 |
| II | 68 | 355 | 243 | 22 | 350 |
| III | 55 | 330 | 275 | 40 | 750 |
| IV | 77 | 430 | 210 | 75 | 1500 |
| V | 85 | 620 | 485 | 25 | 350 |
| VI | 157 | 1050 | 840 | 230 | 1350 |
| VII | 86 | 560 | 230 | 85 | 270 |
| VIII | 56 | 368 | 168 | 26 | 164 |
| IX | 118 | 398 | 167 | 58 | 175 |

### വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | |
| I | - | - | 2 | 4 | 14 | 10 | 18 | 25 |
| II | 1 | 1 | - | - | 11 | 16 | 3 | 9 |
| III | 2 | - | 1 | - | 6 | 20 | 4 | 21 |
| Iv | 1 | 4 | - | - | 13 | 19 | 24 | 19 |
| V | - | 3 | 1 | 2 | 18 | 14 | 7 | 39 |
| VI | 2 | 6 | - | - | 26 | 56 | 101 | 29 |
| VII | - | 1 | 1 | 1 | 13 | 27 | 64 | 32 |
| VIII | - | 4 | - | - | 12 | 14 | 67 | 22 |
| IX | - | - | - | - | 13 | 33 | 77 | 18 |
| ആകെ | 6 | 19 | 5 | 7 | 126 | 209 | 367 | 224 |

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1. | ദഹന സംബന്ധമായവ | 125 | - | 80 | - | 25 | - | - |
| 2. | ശ്വാസകോശ സംബന്ധം | 40 | – | 75 | – | – | 750 | 500 |
| 3. | ഉപാപചയ സംബന്ധം | 15 | – | – | – | – | – | – |
| 4. | ത്വക് രോഗങ്ങൾ | 6 | – | 3 | – | 5 | – | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 15 | – | 12 | – | – | 30 | – |
| 6. | പരാദ രോഗങ്ങൾ | 75 | – | 60 | – | 10 | 100 | – |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 30 | – | 5 | – | – | – | – |
| 8. | വന്ധ്യത | 4 | – | – | – | – | – | – |
| 9. | അകിടു വീക്കം | 15 | – | – | – | – | – | – |
| 10. | മുടന്തൻ പനി | 10 | – | – | – | – | – | – |
| 11. | പകർച്ച വ്യാധികൾ | – | – | – | – | – | 60 | 75 |

### വളർത്തുമൃഗങ്ങളുള്ള കുടുംബങ്ങൾ

| വാർഡ് നമ്പർ | പശു | ആട് | പന്നി | കോഴി | ഒന്നുമില്ലാത്തവ |
|---|---|---|---|---|---|
| I | 17 | 9 | 2 | 160 | 75 |
| II | 20 | 2 | - | 89 | 128 |
| III | 15 | 1 | - | 103 | 241 |
| IV | 17 | 12 | 3 | 159 | 117 |
| V | 12 | 3 | 2 | 210 | 322 |
| VI | 56 | 61 | 3 | 399 | 146 |
| VII | 20 | 39 | 1 | 187 | 100 |
| VIII | 19 | 36 | 1 | 153 | 92 |
| IX | 22 | 49 | - | 193 | 123 |

| | | |
|---|---|---|
| നായ്ക്കൾക്ക് പേവിഷ ബാധയ്ക്കെതിരെ കുത്തിവയ്പ് | - | 120 |
| കൃത്രിമ ബീജ സങ്കലനം നടത്തിയ പശുക്കൾ | – | 170 |
| രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയ പശുക്കൾ | - | 10 |
| കൃത്രിമ ബീജസങ്കലനം നടത്തിയ കിടാരികൾ | – | 64 |
| രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയ കിടാരികൾ | – | 8 |

4261

KERALA INSTITUTE OF LOCAL ADMINISTRATION
KILA
LIBRARY
THRISSUR

# കടമക്കുടി ഗ്രാമ പഞ്ചായത്ത്

